കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**www.ksad.kerala.gov.in**

# ആറ്റിങ്ങൽ നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട് 2018-19


**കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരംജില്ലാ**

**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം**

**e-mail: lfadtvm@yahoo.in**

**dotvm.ksad@kerala.gov.in**

കെ.എസ്.എ.റ്റി.വി.എം/എം.എൽ/2194/2019

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.
ഫോൺ 0471-2331231
e-mail- lfadtvm@yahoo.in
dotvm.ksad@kerala.gov.in

തീയതി :05.02.2020

**ജോയിന്റ് ഡയറക്ടർ.**

**ചെയർപേഴ്സൺ (സെക്രട്ടറി മുഖേന) ,**
**ആറ്റിങ്ങൽ നഗരസഭ .**

സർ,

വിഷയം :ആറ്റിങ്ങൽ നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ മുനിസിപ്പാലിറ്റി നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **ആറ്റിങ്ങൽ നഗരസഭയുടെ 2018-19**സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും,ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ.**

_പകർപ്പ്:_

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡയറക്ടർ, നഗരകാര്യ വകുപ്പ്(ഉപരിപത്രം സഹിതം)

3)സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

4) കാര്യാലയ പകർപ്പ്

കെ.എസ്.എ.റ്റി.വി.എം/എം.എൽ/2194/2019 തീയതി: 05.02.2020

## <u>തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-*ാം വകുപ്പ്*, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള മുൻസിപ്പൽ ആക്ട് 56, 295, 565(1), (2) *വകുപ്പുകൾ, എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങൽ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 01.04.2018 മുതൽ 31.03.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 75അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 68 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾക്കുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള പരാമർശങ്ങൾക്ക് തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി.ഉണ്ണികൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.11.2019 മുതൽ 29.11.2019വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1. ശ്രീ. സാബു.ജി<br>ഓഡിറ്റ് ഓഫീസർ |
| | 2.ശ്രീമതി.വാലന്റീന.എം,ഓഡിറ്റ് ഓഫീസർ |
| | 3. ശ്രീമതി. ബിന്ദു.ഒ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | 4. ശ്രീ. വിനോദ്. എസ്.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | 5. ശ്രീ. അരുൺദേവ്. വി.ആർ,ഓഡിറ്റർ |
| | 6. ശ്രീമതി. വിനീത. പി.പി,ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| [illegible] | [illegible] | [illegible] |

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.എം.പ്രദീപ് | 01-04-2018 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ആർ.പ്രദീപ്കുമാർ | 01-04-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീമതി, റാണി. ജി. | 01-04-2018 മുതൽ 31-03-2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.സുജാകുമാരി | 01-04-2018 മുതൽ 18.06.2018 വരെ |
| | ശ്രീ. ജയദാസ്. ബി. | 19-06-2018 മുതൽ 17.03.2019 വരെ |
| | ശ്രീമതി, റാണി. ജി. (ഇൻ ചാർജ്) | 17.03.2019 മുതൽ 28.03.2019 വരെ |
| | ശ്രീ. ജയദാസ്. ബി. | 28.03.2019 മുതൽ 31-03-2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. ശ്രീജ | 01-04-2018 മുതൽ 31-03-2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. ബീനാ ബീവി | 01-04-2018 മുതൽ 31-03-2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജ്യോതി. എൽ | 01-04-2018 മുതൽ 31-03-2019 വരെ |
| അഗ്രിക്കൾച്ചർ ഫീൽഡ് ഓഫീസർ | ശ്രീ.പുരുഷോത്തമൻ | 01-04-2018 മുതൽ 31-03-2019 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഡോ. ജസ്റ്റിൻ ജോസ് | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (സിദ്ധ) | ഡോ. സ്മിത | 01-04-2018 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കവിത | 01-04-2018 മുതൽ 31-03-2019 വരെ |
| സൂപ്രണ്ട്, ഹോമിയോ ആശുപത്രി | ഡോ. അമ്മിണി | 01-04-2018 മുതൽ 31-07-2018 വരെ |
| | ഡോ.വിനിത പുഷ്കരൻ | 01-08-2018 മുതൽ 23-09-2018 വരെ |
| | ഡോ. ദേവി ഭരതൻ | 24.09.2018 മുതൽ 31-03-2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ. ചെമ്മാൻ. എൽ | 01.04.2018 മുതൽ 23.05.2018 വരെ |
| | ശ്രീ. ബിജു | 24-05-2018 മുതൽ 31-03-2019 വരെ |
| ക്ഷീരവികസന ഡെപ്യൂട്ടി ഡയറക്ടർ | ഡോ. ജസ്സി ചാക്കോ | 01-04-2018 മുതൽ 13-12-2018വരെ |
| | ശ്രീമതി. ഗീത | 13-12-2018 മുതൽ 31-03-2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.പ്രദീപ്കുമാർ.ബി | 01-04-2018 മുതൽ 31-07-2018 വരെ |
| | ശ്രീ. പ്രേംനവാസ് (ഇൻ ചാർജ്) | 01-08-2018 മുതൽ 16-08-2018 വരെ |
| | ശ്രീ. അജയകുമാർ.ബി | 17-08-2018 മുതൽ 31-03-2019 വരെ |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ, ഗവ.ബി.എച്ച്.എസ്.എസ് | ശ്രീ. മുരളി | 01-04-2018 മുതൽ 31-03-2019 വരെ |
| പ്രോജക്ട് ഓഫീസർ | ശ്രീ.പ്രേംനവാസ്.കെ.വി. | 01-04-2018 മുതൽ 03-01-2019 വരെ |
| | ശ്രീ.മനോജ്.എസ്.എസ് | 04-01-2019 മുതൽ 20-01-2019 വരെ |
| | ശ്രീ.സോൺസുന്ദർ | 21-01-2019 മുതൽ 31-03-2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം. 1 | ഖണ്ഡിക നമ്പര് |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല. | 1-12 |
| 13 | വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഇൗടാക്കുന്നില്ല | 1-14 |
| 15 | വാറ്റ് ഇനത്തിലെ തുക നാളിതുവരെ ഒടുക്കുവരുത്തിയിട്ടില്ല. | 1-15 |
| 16 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സമയബന്ധിതമായി തീരുമാനമെടുത്ത് സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്. | 1-16 |
| 17 | ലേല തുകയോടൊപ്പം ജി.എസ്.ടി ഇൗടാക്കിയിട്ടില്ല. | 1-17 |
| 18 | കടമുറി വാടക പൂർണ്ണമായും ഇൗടാക്കിയിട്ടില്ല. | 1-18 |
| 19 | മാമംഗ്രൗണ്ടിലെഡ്രൈവിംഗ്പരിശീലനം-ലേലതുക ണടാക്കേണ്ടതാണ് | 1-19 |
| 20 | സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല | 1-20 |
| 21 | സെക്രട്ടറിയുടെ അലവൻസ്, ശമ്പളം എന്നിവ സംസ്ഥാനഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല. | 1-21 |
| 22 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് | 1-22 |
| 23 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം - വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നു - വസ്തു നികുതി ഈടാക്കിയിട്ടില്ല. | 1-23 |
| 24 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-24 |
| 25 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-25 |
| 26 | ഇ ടെണ്ടർ ഫാറം വില തനത് ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല | 1-26 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-27 |
| 28 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. | 1-28 |
| 29 | വാർഡ് കേന്ദ്രങ്ങളുടെ വാടക – സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല. | 1-29 |

| | | |
|---|---|---|
| 30 | പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക – വൻതുക നിലനിൽക്കുന്നു – ജോയിന്റ് ഇൻസ്പെക്ഷന് വാട്ടർ അതോറിറ്റി തയ്യാറാകുന്നില്ല. | 1-30 |
| 31 | ഐ.കെ.എം.ന് വിഹിതം നൽകൽ - കൈപ്പറ്റ് രസീത് ലഭ്യമല്ല | 1-31 |
| 32 | വജ്രജൂബിലികലാകാരന്മാർക്ക് ഫെല്ലോഷിപ്പും ഓണറേറിയവും അനുബന്ധ ചെലവുകളും - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത | 1-32 |
| 33 | പദ്ധതി രൂപീകരണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-33 |
| 34 | റെക്കോർഡ് റൂം മാനേജ്മെന്റ് - അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്ന് വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹിച്ചു - പ്രവൃത്തി സംബന്ധിച്ച ഫയൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-34 |
| 35 | കാർഷിക മേഖല പ്രോജക്ടുകൾ - ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും അപാകത നിലനിൽക്കുന്നു. | 1-35 |
| 36 | കിണർ പുനരുദ്ധാരണം - പണി പൂർത്തീകരിച്ചില്ല | 1-36 |
| 37 | റവന്യൂ ഡാറ്റാ ബേസ് തയ്യാറാക്കൽ രേഖകൾ ലഭ്യമാക്കിയില്ല. | 1-37 |
| 38 | ക്ലോത്ത് ബാഗ് നിർമ്മാണ യൂണിറ്റ് - പ്രവർത്തനം തൃപ്തികരമല്ല. | 1-38 |
| 39 | പ്രവർത്തനം ആരംഭിക്കാത്ത വനിത ഹോസ്റ്റലിലേക്ക് ഫർണിച്ചർ വാങ്ങൽ -അപാകതകൾ | 1-39 |
| 40 | ഡി.പി.സി അംഗീകാരം നേടുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല | 1-40 |
| 41 | കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിൽ സർക്കാർ നിർദേശം പാലിച്ചില്ല | 1-41 |
| 42 | ബിറ്റുമിൻ -സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് | 1-42 |
| 43 | പച്ചംകുളം റോഡ് കിഴക്കുംപുറം റോഡിൽ വെള്ളക്കെട്ടുള്ള ഭാഗം ഇന്റർലോക്കിംഗ് - പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 1-43 |
| 44 | മെഹ്ഫിൽ ഇടവഴി ഇന്റർ ലോക്കിംഗ് പ്രവർത്തി - എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ ഇവ വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി - തുക നിരാകരിക്കുന്നു | 1-44 |
| 45 | ഡ്രെയിനേജ് പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് കൈയേറ്റം - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ഒരു ഗഡു ഈടാക്കി | 1-45 |
| 46 | ആലംകോട് ഫിഷ് മാർക്കറ്റിലെ ട്രീറ്റ്മെന്റ് പ്ലാന്റ് - തുടർ പരിപാലനം ഉറപ്പാക്കണം | 1-46 |
| 47 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല. 11364/- രൂപ നിരാകരിക്കുന്നു | 1-47 |
| 48 | എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്ത് കരാറുകാരന് അധിക തുക നൽകി - 36132/- രൂപ നിരാകരിക്കുന്നു. | 1-48 |
| 49 | മുനിസിപ്പൽ ഓഫീസിൽ ക്യാബിൻ നിർമ്മാണം - അന്തിമ ബിൽ റബ്കോ സമർപ്പിച്ചില്ല | 1-49 |
| 50 | സോളാർ പാനൽ സ്ഥാപിച്ചില്ല. 4271103/- രൂപ തടസ്സപ്പെടുത്തുന്നു. | 1-50 |
| 51 | തെരുവു വിളക്കുകൾ - തുടർ പരിപാലനം ഉറപ്പാക്കേണ്ടതാണ്. | 1-51 |
| 52 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ | 1-52 |
| 53 | അങ്കണവാടികളുടെ ഫിറ്റ്നസ് ഉറപ്പ് വരുത്തേണ്ടതാണ് | 1-53 |
| 54 | അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം | 1-54 |
| 55 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ - അപാകതകൾ | 1-55 |
| 56 | എസ്.സി കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ | 1-56 |
| 57 | കാലിത്തൊഴുത്ത് നവീകരണം - എസ്റ്റിമേറ്റില്ല, വാലുവേഷൻ അപൂർണ്ണം | 1-57 |
| 58 | പാലിയേറ്റിവ് കെയർ വാഹനം നിലവിലിരിക്കെ വാടകയ്ക്ക് വാഹനം. | 1-58 |
| 59 | അഡ്ജസ്റ്റിബിൾ കട്ടിൽ വാങ്ങൽ- രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-59 |
| 60 | നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല | 1-60 |
| 61 | യോഗ പരിശീലന പദ്ധതികൾ - രേഖകൾ ലഭ്യമാക്കിയിട്ടില്ല | 1-61 |
| 62 | ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല | 1-62 |

| | | |
|---|---|---|
| 63 | പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു | 1-63 |
| | ഭാഗം - 2 | |
| | ഇല്ല | |
| | ഭാഗം - 3 | |
| 64 | മെഹ്ഫിൽ ഇടവഴി ഇന്റർ ലോക്കിംഗ് പ്രവർത്തി - എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ ഇവ വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി - തുക നിരാകരിക്കുന്നു | 3-1 |
| 65 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല. 11364/- രൂപ നിരാകരിക്കുന്നു | 3-2 |
| 66 | എസ്റ്റിമേറ്റ് അളവിനേക്കാൽ കൂടുതൽ പ്രവൃത്തി ചെയ്ത് കരാറുകാരന് അധിക തുക നൽകി - 36132/- രൂപ നിരാകരിക്കുന്നു. | 3-3 |
| | ഭാഗം - 4 | |
| 67 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 68 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 69 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 70 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 71 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 72 | സ്ഥിര നിക്ഷേപം | 4-6 |
| 73 | ഓഡിറ്റ് റിക്കവറി | 4-7 |
| 74 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 75 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 76 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 77 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 78 | അനുബന്ധം -1 ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെ ആകെ വരവ് 528554063/- രൂപയും ആകെ ചെലവ് 516309681/- രൂപയും നീക്കിയിരിപ്പ് 77457077/- രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.07.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 65786985.45 |
| വരവ് | 281740816.00 |
| ആകെ | 347527801.45 |
| ചെലവ് | 237990838.00 |
| നീക്കിയിരിപ്പ് | 109536963.45 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ട്രഷറി ടി.പി.എ – റെഗുലർ | 733589 | 10904171 | 11637760 | 10878638 | 759122 |
| ട്രഷറി ടി.പി.എ – കണ്ടിജന്റ് | 698283 | 17227404 | 17925687 | 17190132 | 735555 |
| കാനറ ബാങ്ക് - പെൻഷൻ | 8777 | 1469 | 10246 | 0 | 10246 |
| ടി.പി.എ 154PF | 16720 | 8500000 | 8516720 | 5812938 | 2703782 |
| ട്രഷറി 8448 | 10914 | 0 | 10914 | 0 | 10914 |
| എസ്.ബി.റ്റി EIUS | 597649 | 15899 | 613548 | 0 | 613548 |
| കാനറ ബാങ്ക് - ക്ലീൻ കേരള | 1131328 | 40119 | 1171447 | 0 | 1171447 |
| യൂണിയൻ ബാങ്ക് - IDSMT | 352369 | 12496 | 364865 | 0 | 364865 |
| ബാങ്ക് ഓഫ് ഇൻഡ്യ – IDSMT | 14395.06 | 510 | 14905.06 | 0 | 14905.06 |
| ഐ.ഒ.ബി - IDSMT | 530782 | 18822 | 549604 | 29 | 549575 |
| എസ്.ബി.റ്റി - SSA | 5691017 | 201816 | 5892833 | 87073 | 5805760 |
| കാനറ ബാങ്ക് - UIDSSMT | 4571402 | 160974 | 4732376 | 87673 | 4644703 |
| കാനറ ബാങ്ക് - PCB award | 10224747 | 433167 | 10657914 | 147849 | 10510065 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| എസ്.ബി.റ്റി - സി.ഡി.പി.ഒ | 314769 | 574703 | 889472 | 121487 | 767985 |
| കാനറ ബാങ്ക് - AUEGS | 4389452 | 2109021 | 6498473 | 269560 | 3803913 |
| സ്വച്ഛ് ഭാരത് - ഐ.സി.ഐ.സി.ഐ | 1762667 | 6070968 | 7833635 | 1083539 | 6750096 |
| സ്ലാട്ടർ ഹൗസ് - ഐ.ഡി.ബി.ഐ | 13222926 | 535411 | 13758337 | 0 | 13758337 |
| പി.എം.എ.വൈ - ഐ.സി.ഐ.സി.ഐ | 2469559 | 36657332 | 39126891 | 22472189 | 16654702 |
| സാക്ഷരത -കാനറ ബാങ്ക് | 566893 | 20103 | 586996 | 0 | 586996 |
| ട്രഷറി ടി.എസ്.ബി – എന്ഡോമെന്റ് | 5826 | 10211 | 16037 | 10600 | 5437 |
| ഐ.ഒ.ബി - എസ്.ജെ.എസ്.ആർ.വൈ | 229351 | 2500 | 231851 | 0 | 231851 |
| ഐ.ഒ.ബി - ഐ.എച്ച്.എസ്.ഡി.പി | 2786848 | 82957 | 2869805 | 1627640 | 1242165 |
| സിൻഡിക്കേറ്റ് ബാങ്ക് – അവാർഡ് | 288183 | 10219 | 298402 | 0 | 298402 |
| സിൻഡിക്കേറ്റ് ബാങ്ക് | 4847141 | 161987 | 5009128 | 3615280 | 1393848 |
| കാനറ ബാങ്ക് - എൻ.യു.എൽ.എം ഫണ്ട് | 127940 | 8459459 | 8587399 | 1114945 | 7472454 |
| ട്രഷറി എം.എഫ് | 0.28 | 0 | 0.28 | 0 | 0.28 |
| വികസനഫണ്ട്-ജനറൽ | 0 | 33154835 | 33154835 | 33154835 | 0 |
| വികസനഫണ്ട്-എസ്.സി.പി | 0 | 12636347 | 12636347 | 12636347 | 0 |
| വികസനഫണ്ട്-സി.എഫ്.സി | 0 | 27038306 | 27038306 | 27038306 | 0 |
| ബി ഫണ്ട് | 0 | 832800 | 832800 | 832800 | 0 |
| മെയിന്റനൻസ് ഫണ്ട്- റോഡ് | 0 | 25252363 | 25252363 | 25252363 | 0 |
| മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് | 0 | 7423486 | 7423486 | 7423486 | 0 |
| ക്യാഷ് | 788218 | 195357 | 983575 | 788218 | 195357 |

AFS പ്രകാരം SBT-തനത്, SBI, TSB അക്കൗണ്ടുകളിൽ യഥാക്രമം 24866010.11/- രൂപ, 796880/- രൂപ, 2818043/- രൂപ വീതം നീക്കിയിരിപ്പുണ്ട്. എന്നാൽ ടി അക്കൗണ്ടുകളിലെ തൻവർഷത്തെ വരവ്-ചെലവ് വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ടി അക്കൗണ്ടുകളിലെ മുന്നിരിപ്പ്, വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യമായ കണക്കുകൾ ബന്ധപ്പെട്ട രേഖകളോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 262 | 221288383 | 195 | 106084280 | - | 67 | 74.42 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4389452 | 2104765 (പലിശ 104765/- ഉൾപ്പെടെ) | 6494217 | 536931 | 3798363 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | | | 2158923 | |
| ആകെ | 4389452 | 2104765 | 6494217 | 2695854 | 3798363 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 439080 | 473 |
| കർഷകതൊഴിലാളി പെൻഷൻ | 1886000 | 151 |
| വിധവാപെൻഷൻ | 18403200 | 1564 |
| വാർദ്ധക്യകാലപെൻഷൻ | 35881100 | 2927 |
| വികലാംഗപെൻഷൻ | 3861900 | 329 |
| വാവാഹധനസഹായം | 300000 | 10 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 985600 | 76 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 54214/-രൂപ ക്യാഷായും 1000/- രൂപ ഡി.ഡി യായും ബാലൻസുള്ളതായി ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്.
2. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം തൃപ്തികരമാണ്.

3. 58608/ഡിബി2/2009/തസ്വഭവ,13.01.2010 സർക്കുലർ ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്ററുകളിൽ മാറ്റങ്ങൾ / കൂട്ടിച്ചേർക്കൽ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററുകളിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹറിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതാണ്. ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കണം. ഇത്തരത്തിൽ ആസ്തി രജിസ്റ്ററിൽ 2019 വരെയുള്ള കൂട്ടിചേർക്കലുകൾ നടത്തി ആയവ ഡിജിറ്റൽ രജിസ്റ്ററിലാക്കി പുതുക്കി സൂക്ഷിക്കുന്നുണ്ടെങ്കിലും ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ആയതിലേക്കുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. നികുതി ഇളവ് നൽകിയ കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. വാടക സംബന്ധിച്ച രജിസ്റ്ററിൽ ഡി.സി.ബി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല

6. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപെടുത്തി സൂക്ഷിച്ചിട്ടില്ല.

7. രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
8. യഥാസമയം പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് സൂക്ഷിക്കുന്നില്ല.
9. റോഡ്കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.
10.അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ TR 7A ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.
11. പ്രോജക്ടുകളിൽ മാറ്റം വരുത്തുന്നതിനനുസരിച്ച് പ്രോജക്ടുകൾ റിവൈസ് ചെയ്യുന്നതിൽ അസിസ്റ്റന്റ് എഞ്ചിനീയർ, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ വീഴ്ച വരുത്തുന്നു.
12. തെരുവ് വിളക്ക് രജിസ്റ്ററുകൾ തൃപ്തികരമായി പരിപാലിക്കുന്നില്ല. തെരുവുവിളക്കുകളുടെഎണ്ണം., തരം,വിതരണം മുതലായവ കൃത്യമാക്കി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

13. സ്യൂട്ട് രജിസ്റ്റർ തൃപ്തികരമായി പരിപാലിക്കുന്നില്ല. കൗൺസിൽ തീരുമാനം, അഡ്വക്കേറ്റ് ഫീസ് അനുവദിച്ചതിന്റെ വിവരങ്ങൾ, കേസിന്റെ വിശദാംശങ്ങൾ, ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തൽ, അഭിപ്രായം മുതലായവ സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമല്ല | 2015-16 മുതൽ 2016-17 വരെ | വിശദാംശം ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2018 മുതൽ 03.07.2018 വരെ | 2016-17 മുതൽ 2017-18 വരെ | 13.08.2018 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1) സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിററ് ഇനത്തിൽ 2014 മുതൽ 6250/- രൂപ ബാധ്യതയായി ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച വിശദാംശം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 3/14.11.19 ന് 6250/- രൂപ3.10.2013 ൽ ചെക്ക് നം. 740426 (വൗച്ചർ

നം.25/10/13) പ്രകാരം തിരികെ നൽകിയിട്ടുള്ള താണെന്ന് മറുപടി ലഭിച്ചു. ഇത്തരത്തിൽ തിരികെ നൽകിയിട്ടുള്ള തുക ലൈബിലിറ്റി ഹെഡിൽ നിന്നും മാറ്റാതെ നിലനിൽക്കുന്നു.

2) 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം റെന്റ് - ലീസ് ഓഫ് ലാന്റ് (കുടിശ്ശിക) ഇനത്തിൽ 8376/- രൂപ ലഭിക്കുവാനുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 31 / 20.11.2019 ന് ഈ ഇനത്തിൽ തുക നിലനിൽക്കുന്നില്ല എന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

3) 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീ (തൻവർഷം) 30850/- രൂപയും ലൈസൻസ് ഫീ (കുടിശ്ശിക) 24300/- രൂപയും ലഭിക്കുവാനുള്ളതായി കാണിച്ചിരിക്കുന്നു. എന്നാൽ ഓഡിറ്റ് എൻക്വയറി നം 31 / 20.11.2019 ന് ലൈസൻസ് ഫീ (തൻവർഷം) 7650/- രൂപയും ലൈസൻസ് ഫീ (കുടിശ്ശിക) 2250/- രൂപയും എന്നാണ് മറുപടി ലഭിച്ചത്. ഇതു സംബന്ധിച്ച് പരിശോധനനടത്തി വ്യക്തത വരുത്തേണ്ടതാണ്.

4) വാർഷിക ധനകാര്യ പത്രിക പ്രകാരം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ മുൻ വർഷങ്ങളിലെ കുടിശ്ശികയായി 43110/- രൂപ ലഭിക്കുവാനുണ്ട്. എന്നാൽ ഓഡിറ്റ് എൻക്വയറി നമ്പർ 33 / 21.11.2019 ന് മുൻ വർഷങ്ങളിലെ കുടിശ്ശിക തുകയിൽ 15530/- രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ബാക്കി തുക നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതാണെന്നുമാണ് മറുപടി ലഭിച്ചത്. ധനകാര്യ പത്രിക പ്രകാരമുള്ള തുകയും മറുപടിയിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-12 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ മുൻ കാലങ്ങളിൽ ഉൾപ്പെടെ ചുവടെ പറയുന്ന ഇനങ്ങളിലെ ആഡ്വാൻസ് തുക ക്രമീകരിച്ചതായി കാണുന്നില്ല.

| തീയതി | വൗച്ചർ നം. | അഡ്വാൻസ് സ്വീകരിച്ച ആളിന്റെ പേര്, വിലാസം | ഉദ്ദേശ്യം | തുക |
|---|---|---|---|---|
| 04/02/1998 | രേഖപ്പെടുത്തിയിട്ടില്ല | സദാശിവൻ നായർ, പി.ഡബ്ല്യൂ.ഒ II | ലൈറ്റ് റിപ്പയർ | 3500 |
| 05/17/1998 | രേഖപ്പെടുത്തിയിട്ടില്ല | സദാശിവൻ നായർ, പി.ഡബ്ല്യൂ.ഒ II | ലൈറ്റ് റിപ്പയർ | 250 |
| 07/18/1998 | രേഖപ്പെടുത്തിയിട്ടില്ല | സദാശിവൻ നായർ, പി.ഡബ്ല്യൂ.ഒ II | വാട്ടർ ടാങ്ക് | 6000 |
| 08/25/1998 | രേഖപ്പെടുത്തിയിട്ടില്ല | സദാശിവൻ നായർ, പി.ഡബ്ല്യൂ.ഒ II | ലോറി റിപ്പയർ | 1200 |
| രേഖപ്പെടുത്തിയിട്ടില്ല | രേഖപ്പെടുത്തിയിട്ടില്ല | ഹാരിസ്, എൽ.ഡി.സി | ടൗവ്വൽ വാങ്ങിയത് | 1200 |
| 05/21/1999 | 67 / 5/99 | ശിവൻ കുട്ടി , പി.ഡബ്ല്യൂ.ഒ II | ജീപ്പ് ഫ്യൂവൽ ടെസ്റ്റ് | 1000 |
| 06/05/1999 | 45 / 6/99 | ശിവൻ കുട്ടി , പി.ഡബ്ല്യൂ.ഒ II | ജീപ്പ് ഫ്യൂവൽ ടെസ്റ്റ് | 250 |
| 10/13/1999 | 25 / 10/99 | മുഹമ്മദ് ഹനീഫ | വാർഡ് വിഭജനം | 1000 |
| 01/03/2000 | രേഖപ്പെടുത്തിയിട്ടില്ല | ഹാരിസ്, എൽ.ഡി.സി | സ്റ്റേഷനറി വാങ്ങുന്നതിന് | 8000 |
| 01/15/2000 | രേഖപ്പെടുത്തിയിട്ടില്ല | കെ.ബാലൻ | സോയിൽ ടെസ്റ്റ് | 2000 |
| 03/15/2000 | രേഖപ്പെടുത്തിയിട്ടില്ല | ഒ.വിജയൻ, എച്ച്.ഐ | രേഖപ്പെടുത്തി യിട്ടില്ല | 1500 |
| രേഖപ്പെടുത്തി | രേഖപ്പെടുത്തിയിട്ടില്ല | ശ്രീകല, എഫ്.ഐ | ഫുഡ് സാമ്പിൾ | 500 |

| | | | | |
|---|---|---|---|---|
| യിട്ടില്ല | | | ടെസ്റ്റ് | |
| രേഖപ്പെടുത്തി യിട്ടില്ല | 21<br>7/00 | ശ്രീകല, എഫ്.ഐ | ഫുഡ് സാമ്പിൾ ടെസ്റ്റ് | 1000 |
| രേഖപ്പെടുത്തി യിട്ടില്ല | 30<br>7/00 | പ്രമീള, എച്ച്.ഐ | ഇൻഡിപെൻഡൻസ് ഡേ | രേഖപ്പെടുത്തി യിട്ടില്ല |
| രേഖപ്പെടുത്തി യിട്ടില്ല | 56<br>10/00 | രവീന്ദ്രനാഥ്, എൽ.ഡി.സി | എച്ച്.ആർ.എ | രേഖപ്പെടുത്തി യിട്ടില്ല |
| 12/08/2000 | 78<br>12/00 | ഷിബു, ജെ.എച്ച്.ഐ | ടി.എ | 200 |
| രേഖപ്പെടുത്തി യിട്ടില്ല | 79<br>12/00 | ഷാഹുൽ ഹമീദ് | ടി.എ | 200 |
| രേഖപ്പെടുത്തി യിട്ടില്ല | 38<br>01/01 | ജെ.മോഹനൻ, പി.ഡബ്യൂ.ഒ II | ഠൗൺഹാൾ ഇലക്ട്രിഫിക്കേഷൻ | 3000 |
| രേഖപ്പെടുത്തി യിട്ടില്ല | 64<br>04/01 | ജെ.മോഹനൻ, പി.ഡബ്യൂ.ഒ II | പർച്ചേഴ്സ് പ്ലാസ്റ്റിക്ക് ബക്കറ്റ് | 975 |
| രേഖപ്പെടുത്തി യിട്ടില്ല | 70<br>04/01 | ജെ.മോഹനൻ, പി.ഡബ്യൂ.ഒ II | റോഡ് റോളർ റിപ്പയർ | 7000 |
| രേഖപ്പെടുത്തി യിട്ടില്ല | 53<br>06/01 | പ്രകാശൻ, ഡ്രൈവർ | ട്രാക്ടർ റിപ്പയർ | 75 |
| രേഖപ്പെടുത്തി യിട്ടില്ല | 34<br>07/01 | ഉണ്ണികൃഷ്ണൻ നായർ. ആർ.ഐ | പൂട്ട് വാങ്ങുന്നതിന് | 200 |
| രേഖപ്പെടുത്തി യിട്ടില്ല | 29<br>03/01 | മോഹനൻ, പി.ഡബ്യൂ.ഒ II | ലൈബ്രറിയിൽ എമർജൻസി ലൈറ്റ് | 400 |
| രേഖപ്പെടുത്തി യിട്ടില്ല | 68<br>07/02 | ആർ.കെ.കാർത്ത്യായനി, ആർ.ഐ | അനധികൃത ബോർഡുകൾ നീക്കം ചെയ്യൽ | 1000 |
| രേഖപ്പെടുത്തി യിട്ടില്ല | 22<br>12/02 | ജെ.മോഹനൻ, പി.ഡബ്യൂ.ഒ II | കെ.എൽ-01-7112 നമ്പർ കാറിന്റെ ടാക്സ് ഒടുക്കൽ | 3120 |
| രേഖപ്പെടുത്തി യിട്ടില്ല | 22<br>8/03 | കെ.സദാശിവൻ നായർ | റോഡ് റോളർ പാർട്സ് | 800 |
| രേഖപ്പെടുത്തി യിട്ടില്ല | 65<br>08/03 | കെ.സദാശിവൻ നായർ | റോഡ് റോളർ പാർട്സ് | 500 |
| രേഖപ്പെടുത്തി യിട്ടില്ല | 70<br>13/03 | രവീന്ദ്രനാഥ്, എൽ.ഡി.സി | ഡയറി , കലണ്ടർ | 7000 |
| രേഖപ്പെടുത്തി യിട്ടില്ല | 122<br>12/04 | രവീന്ദ്രനാഥ്, എൽ.ഡി.സി | ഡയറി , കലണ്ടർ | 5000 |
| 09/03/2008 | 32<br>9/08 | ഷാനവാസ് ഖാൻ | ഓണാഘോഷം ഫ്ലോട്ട് അവതരണം | 20000 |
| 09/08/2008 | 80<br>09/08 | ഷാനവാസ് ഖാൻ | ഡീസൽ | 10000 |
| 12/10/2008 | 46<br>12/08 | ഷാനവാസ് ഖാൻ | ജീപ്പ് റിപ്പയറിംഗ് | 1500 |
| രേഖപ്പെടുത്തി യിട്ടില്ല | 103<br>1/09 | ഷാനവാസ് ഖാൻ | ബസ്റ്റാൻഡിൽ മീറ്റർ ബോർഡ് സ്ഥാപിക്കൽ | 6000 |
| 06/10/2009 | 66<br>06/09 | രവീന്ദ്രൻ, എൽ.ഡി.സി | കിലയിൽ പരിശീലനം - ടി.എ | 400 |
| 02/23/2010 | 119<br>2/10 | രാധാകൃഷ്ണൻ, പി.ഡബ്യൂ.ഒ II | കെ.എൽ16c-3444 പിക്ക്അപ്പ് ഓട്ടോ ഇൻഷ്വറൻസ് | 1825 |
| 04/28/2010 | 33 | രാധാകൃഷ്ണൻ, | വിൻഡോ കംപോസ്റ്റ് | 5000 |

| | | | | |
|---|---|---|---|---|
| | 4/10 | പി.ഡബ്ല്യു.ഒ II | യൂണിറ്റ് ഉദ്ഘാടനം | |
| 05/24/2010 | 100<br>5/10 | ഷാനവാസ് ഖാൻ | ഷോപ്പിംഗ് കോംപ്ലക്സ് ഉദ്ഘാടനം | 15000 |
| രേഖപ്പെടുത്തിയിട്ടില്ല | 52<br>8/10 | ദിനേഷ് , പി.ഡബ്ല്യു.ഒ II | അറവ് ശാല ഉദ്ഘാടനം | 11000 |
| രേഖപ്പെടുത്തിയിട്ടില്ല | 88<br>09/10 | ഷാനവാസ് ഖാൻ | കൗൺസിൽ ഹാളിൽ മുൻ ചെയർമാൻ മാരുടെ ഫോട്ടോ സ്ഥാപിക്കൽ | 5000 |
| രേഖപ്പെടുത്തിയിട്ടില്ല | 106<br>7/10 | ദിനേഷ് , പി.ഡബ്ല്യു.ഒ II | ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് | 2500 |
| രേഖപ്പെടുത്തിയിട്ടില്ല | 81<br>10/10 | ഷാനവാസ് ഖാൻ | കൗൺസിൽ ഹാൾ മെയിന്റനൻസ് | 45000 |
| രേഖപ്പെടുത്തിയിട്ടില്ല | 91<br>10/10 | ഷാനവാസ് ഖാൻ | പുതിയ കൗൺസിൽ അംഗങ്ങളുടെ സത്യപ്രതിജ്ഞ സ്റ്റേജ്, മൈക്ക് | 15000 |
| രേഖപ്പെടുത്തിയിട്ടില്ല | 16<br>1/11 | രാധാകൃഷ്ണൻ, പി.ഡബ്ല്യു.ഒ II | നെയിം ബോർഡ് സ്ഥാപിക്കുന്നതിന് | 21000 |
| 05/09/2012 | 41<br>5/12 | ജയപ്രകാശ് | കെ.എൽ.16D4963 വാഹനം റിപ്പയർ | 1500 |
| രേഖപ്പെടുത്തിയിട്ടില്ല | 67<br>11/12 | സന്തോഷ് ഉണ്ണി, പി.ഡബ്ല്യു.ഒ II | കെ.എൽ 16H5555 വാഹനം സർവ്വീസ് | 5000 |
| 06/07/2013 | 43<br>6/13 | സന്തോഷ് ഉണ്ണി, പി.ഡബ്ല്യു.ഒ II | കെ.എൽ 16J4444 വാഹനത്തിന് ടവൽ വാങ്ങുന്നതിന് | 1000 |
| 01/20/2014 | 86<br>1/14 | സന്തോഷ് ഉണ്ണി, പി.ഡബ്ല്യു.ഒ II | യു.പി.എസിന് ബാറ്ററി വാങ്ങുന്നതിന് | 9000 |
| 02/11/2014 | 58<br>2/14 | രാധാകൃഷ്ണൻ, പി.ഡബ്ല്യു.ഒ II | കെ.എൽ 16D4963 ജീപ്പ് റിപ്പയറിംഗ് | 8000 |
| 03/05/2014 | 37<br>3/14 | രാധാകൃഷ്ണൻ, പി.ഡബ്ല്യു.ഒ II | കെ.എൽ 16H 5555 ജീപ്പ് റിപ്പയറിംഗ് | 7500 |
| രേഖപ്പെടുത്തിയിട്ടില്ല | 6<br>3/14 | രാധാകൃഷ്ണൻ, പി.ഡബ്ല്യു.ഒ II | കെ.എൽ 16J 4444 വാഹനത്തിന്റെ റിപ്പയർ | 7500 |
| രേഖപ്പെടുത്തിയിട്ടില്ല | 130<br>3/14 | രാധാകൃഷ്ണൻ, പി.ഡബ്ല്യു.ഒ II | ആലംകോട് മാർക്കറ്റിൽ വാട്ടർ കണക്ഷൻ എടുക്കുന്നതിന് | 11000 |
| 08/26/2014 | 121<br>8/14 | ജാഫർ സാദിഖ് , പി.ഡബ്ല്യു.ഒ II | ലൈബ്രറി ഹാളിലെ മൈക്ക് സിസ്റ്റം, ചെയർപേഴ്സന്റെ റൂമിലെ ബെൽ എന്നിവയുടെ റിപ്പയർ | 1360 |
| 09/04/2014 | 86<br>9/14 | നസീമാബീവി | വിവാഹ ലോൺ | 25000 |
| 10/01/2014 | 41<br>10/14 | ജാഫർ സാദിഖ് , പി.ഡബ്ല്യു.ഒ II | ക്രിമറ്റോറിയത്തിലെ ചോർച്ച മാറ്റുന്നതിന് മേൽക്കൂര നിർമ്മിക്കുന്നതിന് | 50000 |
| രേഖപ്പെടുത്തിയിട്ടില്ല | 99<br>10/14 | ജാഫർ സാദിഖ് , പി.ഡബ്ല്യു.ഒ II | കെ.എൽ 16C3434, കെ.എൽ16E6937 വാഹനങ്ങളുടെ | 2000 |

| | | | | |
|---|---|---|---|---|
| | | | വാല്യാഷൻ സർട്ടിഫിക്കറ്റ് | |
| 12/04/2014 | 43<br>12/14 | ശോഭന, സാനിട്ടേഷൻ വർക്കർ | മകളുടെ വിവാഹത്തിന് ലോൺ | 25000 |
| രേഖപ്പെടുത്തിയിട്ടില്ല | 72<br>1/15 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | നഗരസഭ ഓഫീസ് റിപ്പയറിംഗ് | 9300 |
| 02/28/2015 | 137<br>2/15 | രവീന്ദ്രൻ, എൽ.ഡി.സി | പദ്ധതി രൂപീകരണസെമിനാർ | 15000 |
| 01/19/2016 | 56<br>1/16 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | കെ.എൽ 16E8373 ടിപ്പർ ലോറി റിപ്പയർ | 1500 |
| 02/05/2016 | 35<br>2/16 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | ടാർ ഇറക്കു കൂലി | 12360 |
| 04/01/2016 | 15<br>4/16 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | ജനറേറ്റർ മാറ്റി സ്ഥാപിക്കുന്നതിന് | 23900 |
| 05/27/2016 | 90<br>5/16 | അമ്പിളി.ജെ, സാനിട്ടേഷൻ വർക്കർ | വിവാഹ ധനസഹായം | 25000 |
| 07/28/2016 | 105<br>7/16 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | 11 ാം വാർഡ് ശ്രീ.രമേശിന്റെ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് | 6500 |
| 08/03/2016 | 34<br>8/16 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | 29(165)(1) നമ്പർ അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് | 3000 |
| 09/19/2016 | 130<br>9/16 | ജാഫർ സാദിഖ് , പി.ഡബ്യൂ.ഒ II | അനിൽകുമാർ പാർവ്വതീനിലയം അനധികൃത നിർമ്മാണം പൊളിച്ചുമാറ്റുന്നതിന് | 13000 |
| 04/16/2018 | 58<br>4/18 | ശ്രു.വിനോദ്, ഡ്രൈവർ | കെ.എൽ16G2947 വാഹനത്തിൻ സി.എഫ് ടെസ്റ്റ് | 15000 |
| 07/07/2018 | 60<br>7/18 | ജോയ്ഫ്രീസുദർശനൻ | പബ്ലിക്ക് ടൊയിലറ്റുകൾക്ക് ഐ.ഡി നൽകുന്നതിന് സ്റ്റിക്കർ തയ്യാറാക്കുന്നതിന് | 4000 |
| 08/04/2018 | 49<br>8/18 | ശിവപ്രസാദ്, പി.ഡബ്യൂ.ഒ II | കൗൺസിൽ ഹാളിൽ മൈക്ക് സെറ്റ് സ്ഥാപിക്കുന്നതിന് | 13500 |
| 08/10/2018 | 67<br>8/18 | മനോജ്.എസ്.എസ്, എച്ച്.ഐ.II | സ്വതന്ത്ര്യദിനാഘോഷം ചെലവ് | 15000 |

മേൽ തുകകൾ ഉൾപ്പെടെ ആകെ 574170/- രൂപ ഈ ഇനത്തിൽ ക്രമീകരിക്കുവാനുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/16.11.2019 ന് ക്രമീകരിക്കാനുള്ള 574170/- രൂപ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. ഇത്തരത്തിൽ വർഷങ്ങളായി തുക ക്രമീകരിക്കാതെ നിലനിൽക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതും മുൻകൂറായി നൽകിയ തുക പലിശസഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ജി.ഒ (പി) നം.419/2011/

ഫിൻ.തീയതി04.10.2011 ഉത്തരവ് പ്രകാരം 3 മാസത്തിനകം ക്രമീകരിക്കാത്ത അഡ്വാൻസ് തുകകൾ 18% പലിശ സഹിതം ഈടാക്കാണ്ടേതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

# 1-13 വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല

*വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിന്റെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം.7/ 14.11.2019 നുള്ള മറുപടി പ്രകാരം)*

| | |
|---|---|
| ആകെ വാർഡുകൾ | 31 |
| ആകെ കെട്ടിടങ്ങൾ | 20937 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 20937 |
| ഫോം 6 രേഖപ്പെടുത്തിയത് | 18073 |
| ഫോം 6 അംഗീകരിച്ചത് | 18063 |
| ആകെ മൊബൈൽ ടവറുകൾ | 22 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 15 |
| ഫോം 6 രേഖപ്പെടുത്തിയത് | 5 |
| ഫോം 6 അംഗീകരിച്ചത് | 4 |
| ആകെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | 97 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 97 |
| ഫോം 6 രേഖപ്പെടുത്തിയത് | 89 |
| ഫോം 6 അംഗീകരിച്ചത് | 89 |
| ആകെ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ | 70 |
| അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തിയത് | 70 |
| ഫോം 6 രേഖപ്പെടുത്തിയത് | 59 |
| ഫോം 6 അംഗീകരിച്ചത് | 58 |

വസ്തുനികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിച്ച് മുഴുവൻ കെട്ടിടങ്ങൾക്കും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

2011-ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതി ചട്ടം 233(1)(3)-ൽ മുനിസിപ്പാലിറ്റി യുടെ വസ്തുനികുതി നിരക്ക് നിശ്ചയിക്കേണ്ടത് മുനിസിപ്പൽ കൗൺസിലും നികുതി ചുമത്തൽ അധികാരിയായി നഗരസഭ സെക്രട്ടറിയെയുമാണ് വകുപ്പ് 509(2)ൽ അധികാരപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നഗരസഭ അതിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും വസ്തുനികുതി ഈടാക്കേണ്ടതാണ് (ജി.ഒ.(എം.എസ് ) നം.113/2009/ തസ്വഭവ തീയതി 02.01.2009).

എന്നാൽ നഗരസഭ മേഖലയിൽ ആകെ 22 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതിൽ 3 എണ്ണത്തിന് മാത്രമാണ് നികുതി ഒടുക്കിയിട്ടുള്ളത്. നികുതി ഒടുക്കിയിട്ടില്ലാത്തവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വാർഡ് നം | കെട്ടിട നമ്പർ | വിസ്തീർണ്ണം |
|---|---|---|---|---|
| 1 | എയർസെൽ | I | 850 | 16.11 m2 |
| 2 | എയർസെൽ | I | 851 | 16.11m2 |
| 3 | എയർസെൽ | III | MT1 | 21.15 |
| 4 | സബ് ഡിവിഷൻ എഞ്ചിനീയർ | IV | MT1 | 80 |
| 5 | ഇൻഡസ് ടവർ | VI | MT1 | 12.09 |
| 6 | വിയോം നെറ്റ് വർക്ക് | VIII | MT1 | 13.5 |
| 7 | ഇൻഡസ് ടവർ | IX | 839 | 23.62 |
| 8 | ബി.എസ്.എൻ.എൽ | IX | MT1 | 80 |
| 9 | എയർസെൽ ഡിഷ്നെറ്റ് | XI | 1592 | 11.5 |
| 10 | ഡെപ്യൂട്ടി ജനറൽ മാനേജർ | XII | 1012 | 21.38 |
| 11 | ഇൻഡസ് ടവർ | XIII | MT1 | |
| 12 | റിലയൻസ് | XV | 872 | 61.36 |
| 13 | ഇൻഡസ് ടവർ | XV | 943 | 9.9 |
| 14 | എയർസെൽ ഡിഷ്നെറ്റ് | XVII | MT1 | 19 |
| 15 | ഇൻഡസ് ടവർ | XVII | MT2 | 22.6 |
| 16 | ഇൻഡസ് ടവർ | XIX | 800 | 24.5 |
| 17 | ഇൻഡസ് ടവർ | XXIII | 346(2) | 19.96 |
| 18 | ടെലികോം | XXIV | MT2 | |
| 19 | ഇൻഡസ് ടവർ | I | 409(2) | 21.46 |

പ്രസ്തുത ടവറുകളിൽ നിന്നും നികുതി മുൻ വർഷങ്ങളിലും ഈടാക്കിയിട്ടില്ല. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ഇത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടില്ല. മേൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നം. 4 / 14.11.2019 ന് മറുപടി ലഭിച്ചത്. കൂടാതെ 22 ടവറുകളിൽ 5 എണ്ണത്തിനു മാത്രമാണ് ഫോം 6 രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ നികുതി ഒടുക്കാതെ ടവറുകൾ അനധികൃതമായി പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-15 വാറ്റ് ഇനത്തിലെ തുക നാളിതുവരെ ഒടുക്കുവരുത്തിയിട്ടില്ല.

വാറ്റ് പേയബിൾ ഇനത്തിൽ 2014-15 മുതൽ ചുവടെ പറയും പ്രകാരം തുക ബാധ്യതയായി നിലനിൽക്കുന്നു.

| 2014-15 | 2015-16 | 2016-17 | 2017-18 | 2018-19 |
|---|---|---|---|---|
| 35121 | 46948<br><br>(35121 + 11827) | 56643<br><br>(46948 + 9695) | 76927<br><br>(56643 + 20284) | 76927 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2 / 14.11.2019 ന് തുക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു. തുക ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-16 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സമയബന്ധിതമായി തീരുമാനമെടുത്ത് സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്.

1) 2018-19 സാമ്പത്തിക വർഷത്തെ കെട്ടിട നികുതി ഇളവിനായി 3/18 ൽ ലഭ്യമാക്കിയിട്ടുള്ള അപേക്ഷകൾ സമയബന്ധിതമായി പരിഗണിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ആകെ അപേക്ഷകളുടെ എണ്ണം | അംഗീകരിച്ചവ | അംഗീകരിച്ച തീരുമാനം |
|---|---|---|
| 85 | 82 | 26/02/2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2 ാം നമ്പർ തീരുമാനം |
| 81 | 78 | 26/02/2019 ലെ 3 ാം നമ്പർ തീരുമാനം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 22 / 19.11.2019 ന് വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടന്നുവരുന്നതിനാലാണ് സമയബന്ധിതമായി അപേക്ഷകൾ പരിഹരിക്കാൻ സാധിക്കാതെ വന്നിട്ടുള്ളതെന്നും 2013-14 സാമ്പത്തിക വർഷം മുതലുള്ള ആനുകൂല്യം ലഭിച്ചിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി വരുന്നതായും മറുപടി ലഭിച്ചു.

സ.ഉ(കൈ)നം. 106/17/തസ്വഭവ, 26.5.17 പ്രകാരം പരിഷ്കരിച്ച ഉത്തരവ് പ്രകാരം വസ്തു നികുതി ഇളവ് സംബന്ധിച്ച് അതാത് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ പ്രത്യേക പരിശോധന നടത്തുകയും അതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ പരിശോധനകുറിപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ മാസം 30 -ാം തീയതിക്കകം നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

വിമുക്ത ഭടൻമാരുടെ കെട്ടിടനികുതി ഇളവ് നൽകുന്നത് സംബന്ധിച്ച് സംയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

2) കെട്ടിട നികുതി ഇളവ് - സഞ്ചയ അപാകത

വിമുക്ത ഭടൻമാരുടെ കെട്ടിടനികുതി ഇളവ് സഞ്ചയയിൽ രേഖപ്പെടുത്തുമ്പോൾ പ്രസ്തുത ആനുകൂല്യം 10 വർഷത്തേക്കാണ് അനുവദിക്കപ്പെടുന്നത്. തൊട്ടടുത്ത വർഷം കെട്ടിട ഉടമ അപേക്ഷ സമർപ്പിക്കാത്ത പക്ഷം ടി കെട്ടിടത്തെ റിവോക്ക് ചെയ്യേണ്ടതായി വരുന്നു. ആയതിനാൽ ഓരോ വർഷവും ഡേറ്റാ എൻട്രിയ്ക്കായി തൻ വർഷത്തെ അപേക്ഷയോടൊപ്പം മുൻ വർഷം സഞ്ചയയിൽ ഇളവ് നൽകിയ മുഴുവൻ കെട്ടിടങ്ങൾ സംബന്ധിച്ച വിവരവും പരിശോധിക്കേണ്ടതായി വരുന്നു. ഇത്തരത്തിൽ കൃത്യമായി റിവോക്ക് ചെയ്യാതെ വന്നാൽ അപേക്ഷയില്ലാതെ തന്നെ കെട്ടിടങ്ങൾക്ക് ഇളവ് ലഭിക്കുന്ന സ്ഥിതിയുണ്ടാകും. ആയതിനാൽ ഇത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 ലേല തുകയോടൊപ്പം ജി.എസ്.ടി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷത്തെ ആറ്റിങ്ങൽ ചന്ത ലേലം 22/03/2018 തീയതിയിലെ തീരുമാന പ്രകാരം ശ്രീ.അജികുമാർ, ശങ്കര വിലാസം, പൂവമ്പാറ, ആറ്റിങ്ങൽ എന്നയാൾക്ക് അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇത് പ്രകാരം 11,28,000/- രൂപ ലേല തുകയായും 2,03,040/-രൂപ ജി.എസ്.ടി. (18%) യായും ഒടുക്കേണ്ടതുണ്ട്. എന്നാൽ ജി.എസ്.ടി ഇനത്തിൽ 1,97,642/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഈ ഇനത്തിൽ 5,398/- രൂപ കുറവ് വന്നിട്ടുണ്ട്.

| ക്രമ നം. | ഒടുക്കിയ തുക | | രസീപ്റ്റ് നം., തീയതി |
|---|---|---|---|
| | ലേല തുക | ജി.എസ്.ടി | |
| 1 | 282000 | 50760 | 1180101-00519, 11.04.2018 |
| 2 | 85000 | 15300 | 118010101919, 25.05.2018 |
| 3 | 50000 | 9000 | 118010102748, 25.06.2018 |
| 4 | 41667 | 7500 | 118010103923, 25.07.2018 |
| 5 | 65040 | 11708 | 118010105992, 25.09.2018 |
| 6 | 46875 | 8438 | 118010106785, 25.10.2018 |
| 7 | 60976 | 10976 | 118010107540, 26.11.2018 |
| 8 | 331368 | 59646 | 118010107915, 12.12.2018 |
| 9 | 135074 | 24314 | 118010109571, 12.02.2019 |
| 10 | 30000 | 0 | 117010113079, 23.02.2018 (ഡെപ്പോസിറ്റ് തുക ക്രമീകരിച്ചത്) |
| **ആകെ** | **1128000** | **197642** | |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 55 /26.11.2019 ന് ലേലത്തിന്റെ ഡെപ്പോസിറ്റ് തുകയായ 30,000/- രൂപ ക്രമീകരിച്ചപ്പോൾ ജി.എസ്.ടി 5,398/- രൂപ ഈടാക്കുവാൻ സാധിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ഈ തുക ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ

ഒടുക്കു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 കടമുറി വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തികവർഷം കടമുറി വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ പറയുന്ന തുകകൾ ഈടാക്കാനുള്ളതായി കാണുന്നു.

| ക്രമ നം. | ഷോപ്പ് നം. | പേര്, വിലാസം | ആകെ തുക | ഈടാക്കാനുള്ള തുക | |
|---|---|---|---|---|---|
| | | | | വാടക | ജി.എസ്.ടി |
| 1 | XI/ 1323 | ശ്രീ.താഹ.എ.എം, അയിഷ മൻസിൽ, പള്ളിമുക്ക് | 29172 | 29172 | 5251 |
| 2 | XVII/16 | ശ്രീ.മുരളീധരൻ, പ്രവീൺ നിവാസ്, കൊട്ടിയോട് | 14681 | 3670 | 660 |
| 3 | XIV / 14 | ശ്രീ.ശശിധരൻ പിള്ള, ചിറയിൽ പുത്തൻവീട്, ആലംകോട് | 3650 | 3650 | 657 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 60 / 27.11.2019 ന് ക്രമ നം. 1 പ്രകാരമുള്ള കടമുറി ഡിപ്പാർട്ട്മെന്റലായി പൂട്ടി എടുത്തിട്ടുള്ളതും ടി തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും ക്രന നം. 2 പ്രകാരമുള്ള കടമുറി എടുത്തിട്ടുള്ളയാൾ നഗരസഭയുടെ കരാറുകാരനായതിനാൽ തുക വർക്ക് ബില്ലിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിന് 17.09.2019 ൽ R4 9213/14 ാം നമ്പർ പ്രകാരം കുറിപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തിനു നൽകിയിട്ടുള്ളതായും ക്രമ നം. 3 പ്രകാരമുള്ള കടമുറി വാടകയ്ക്ക് എടുത്തിരിക്കുന്നയാൾക്ക് പലപ്രാവശ്യം അറിയിപ്പ് നൽകിയിട്ടും കുടിശ്ശിക ഒടുക്കാത്ത സാഹചര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 മാമം ഗ്രൗണ്ടിലെ ഡ്രൈവിംഗ് പരിശീലനം- ലേല തുക ഈടാക്കേണ്ടതാണ്.

28.03.2018 ലെ 2(1) ാം നമ്പർ തീരുമാന പ്രകാരം മാമം ഗ്രൗണ്ടിലെ ഡ്രൈവിംഗ് പരിശീലനം 2018-19 സാമ്പത്തിക വർഷത്തേക്കുള്ള കുത്തകാവകാശം ശ്രീ.മോഹനൻ, അക്ഷര, ആറ്റിങ്ങൽ എന്നയാളിന് 74500/- രൂപയും 18 % ജി.എസ്.ടിയുമായി നൽകുകയും ടിയാൻ ഡെപ്പോസിറ്റ് ഇനത്തിൽ 28.03.2018 ലെ രസീപ്റ്റ് നം 117010115935 പ്രകാരം 20000/- രൂപ ഒടുക്കുകയും ചെയ്തിട്ടുണ്ട്.

ടിയാൻ നാളിതുവരെ ആകെ 27938/- രൂപയും ജി.എസ്.ടി യായി 5028/- രൂപയും മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

പലിശ ഉൾപ്പെടെ 58678/- രൂപ ഒടുക്കുവരുത്തുന്നതിന് 12.02.2019 ലെ R4-1/18-19 പ്രകാരം ടിയാനെ അറിയിക്കുകയും ലേലം കൊണ്ട വ്യക്തി നഗരസഭയിലെ കരാറുകാരനായതിനാൽ തുക ടിയാന്റെ വർക്ക് ബില്ലിൽ നിന്നും ഈടാക്കി നഗരസഭയുടെ ഫണ്ടിൽ ഒടുക്കുവാൻ 1.03.2019 ലെ R4-1/18(7) പ്രകാരം എഞ്ചിനിയറിംഗ് സെക്ഷന് കുറിപ്പ് നൽകിയിട്ടുണ്ടെങ്കിലും തുക ഒടുക്കിയിട്ടില്ല. കുത്തകക്കാരൻ സോൾവൻസിയും ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 52 / 26.11.2019 ന് കുടിശ്ശിക തുക ടിയാന്റെ ആദ്യത്തെ വർക്ക് ബില്ലിൽ നിന്നും ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കുന്നതാണ് എന്ന്

എഞ്ചിനിയറിംഗ് വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുണ്ടെന്നാണ് മറിപടി ലഭിച്ചത്. നാളിതുവരെയുള്ള പലിശ ഉൾപ്പെടെയുള്ള തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ചട്ടം പാലിക്കുന്നില്ല

(1) 1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പാലിക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | XV / 81 | റീജ.എസ് | മെഡികെയർ ലബോറട്ടറി |
| 2 | രേഖപ്പെടുത്തിയിട്ടില്ല | ലിനി.ആർ.എസ് | അക്ഷയ ക്ലിനിക്കൽ ലാബ് |
| 3 | XI / 492 | രത്നാകരൻ | വൈദ്യരത്നം ആയുർവേദിക്സ് |
| 4 | രേഖപ്പെടുത്തിയിട്ടില്ല | ഡോ.സുരേഷ് എസ്.ആർ | ജോതിഷ് ഹോമിയോപ്പതി ക്ലീനിക്ക് |

2) രജിസ്റ്റർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തേക്ക് പുതുതായി രജിസ്റ്റർ ചെയ്തിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | XII / 488(14) | അനസ്.ഇ | മെഡിടെക് ലബോറട്ടറി |

3) രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷത്തേക്ക് രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കുകയോ, പുതുതായി രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് നം. | സ്ഥാപന ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | XVIII / 908 | ടോണി തോമസ് | മെഡിടെക് സ്പെഷ്യാലിറ്റി ലാബ് |
| 2 | XXII / 347 | ഡോ.കെ.പി.നിഷ | കീർത്ത ഹോമിയോ ക്ലീനിക്ക് |
| 3 | XII / 883 | ഡോ.അഫ്സൽ | ഗിവ് ലൈഫ് ഡയഗനോസ്റ്റിക്ക് സെന്റർ |
| 4 | XVIII / 361 | ഡോ.സാവിത്രി അമ്മ | കെ.എസ്.ഹോമിയോ ക്ലീനിക്ക് |
| 5 | XI / 721 | ഡോ.ജിക്കി | എസ്.കെ.വി ഹോമിയോ ക്ലീനിക്ക് |
| 6 | II / 753 | ഡോ.ബിജു.എ.നായർ | ക്ലാസിക്ക് ദന്തൽ ക്ലീനിക്ക് |
| 7 | XI / 494 | ഡോ.ബി.എസ്.അരുൺ | കാരുണ്യ ദന്തൽ ക്ലീനിക്ക് |
| 8 | IX / 848 | ഡോ.കെ.രേഖ | സ്നേഹ ദന്തൽ ഹോസ്പിറ്റൽ |

4) സഞ്ചയ പ്രകാരം ആശുപത്രികളുടെ ഗണത്തിൽ പെടുന്ന ചുവടെ പറയുന്നവ 2018-19 സാമ്പത്തിക വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നം | ഡോർ നം | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 2/456/3 | Dr.Susruthan |
| 2 | 11/933/ | Leelabhai |
| 3 | 18/26/ | Shanav Rafi |
| 4 | 24/303/ | AKASH SABU |
| 5 | 26/240/ | Radhamani V |
| 6 | 26/1268/ | Siva Rajan.S /Rema |

5) ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ കൃത്യമായും പാലിച്ച് രജിസ്ട്രേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 സെക്രട്ടറിയുടെ അലവൻസ്, ശമ്പളം എന്നിവ സംസ്ഥാനഫണ്ടിലേക്ക് ഒടുക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്റ്റ് 1994 സെക്ഷൻ 48 (3) പ്രകാരം സർക്കാർ അതതു സമയത്ത് നിശ്ചയിക്കുന്ന പ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ഒന്നാമതായി സംസ്ഥാന ഫണ്ടിൽ നിന്ന് കൊടുക്കേണ്ടതാണ്. സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസംതോറും അടയ്ക്കേണ്ടതാണ്.
എന്നാൽ 2018-19 സാമ്പത്തിക വർഷം ഈ ഇനത്തിൽ അടവാക്കേണ്ട ചുവടെ പറയുന്ന തുക സംസ്ഥാന ഫണ്ടിൽ ഒടുക്കിയിട്ടില്ല.

| മാസം | അടിസ്ഥാന ശമ്പളം | ഡി.എ | എച്ച്.അർ.എ | ആകെ |
|---|---|---|---|---|
| 4/18 | 45800 | 6412 | 1750 | 53962 |
| 5/18 | 45800 | 6412 | 1750 | 53962 |
| 6/18 | 45800 | 6870 | 1750 | 54420 |
| 7/18 | 46900 | 7035 | 1750 | 55685 |
| 8/18 | 46900 | 7035 | 1750 | 55685 |
| 9/18 | 46900 | 7035 | 1750 | 55685 |
| 10/18 | 46900 | 7035 | 1750 | 55685 |
| 11/18 | 46900 | 7035 | 1750 | 55685 |
| 12/18 | 46900 | 7035 | 1750 | 55685 |
| 1/19 | 46900 | 7035 | 1750 | 55685 |
| | | | | |

| | | | | |
|---|---|---|---|---|
| 2/19 | 46900 | 7035 | 1750 | 55685 |
| 3/19 | 46900 | 7035 | 1750 | 55685 |
| **ആകെ** | **559500** | **83009** | **21000** | **663509** |
| പി.സി.എ (12 x 500) | | | | 6000 |
| ഫോൺ അലവൻസ് (12 x 500) | | | | 6000 |
| **ആകെ** | | | | **675509** |

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നം. 57/26.11.2019 ന് നഗരസഭയുടെ ഫണ്ട് അപര്യാപ്തമായതിനാൽ ടി തുകകൾ ഒടുക്കിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-22 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച്

1999 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. ഇത് സംബന്ധിച്ച് ചുവടെ പറയുന്നവയുടെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) 2017-18 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള / പുതുതായി രജിസ്റ്റർ നടത്തിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം രജിസ്ട്രേഷൻ നടത്തിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് | സ്ഥാപനം |
|---|---|---|---|
| 1 | XVII / 619 | രാജാമണി.ബി | കിപ്സ് കംപ്യൂട്ടർ സെന്റർ |
| 2 | XI / 331 | റോബിൻ മെൻഡാസ് | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് ടെക്നോളജി |
| 3 | XXIV / 301(2) | ജാസ്മിൻ | ബ്യൂട്ടിഷ്യൻ അക്കാഡമി |

2) 2018-19 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള ചുവടെ പറയുന്ന സ്ഥാപനം മുൻ സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കുകയോ, പുതുതായി രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | കെട്ടിട നം. | പേര് | സ്ഥാപനം |
|---|---|---|---|
| 1 | X / 125 | ജി.വിജയകുമാരൻ നായർ | കോളേജ് ഓഫ് ഇംഗ്ലീഷ് |

3) 2018-19 സാമ്പത്തിക വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടുള്ള (രജിസ്റ്റർ പ്രകാരം) 44 സ്ഥാപനങ്ങളുടെ ഫോറം 5 ലുള്ള അപേക്ഷയും പുതുതായി രജിസ്റ്റർ ചെയ്ത (രജിസ്റ്റർ പ്രകാരം) 9 സ്ഥാപനങ്ങളുടെ ഫോറം 1 ലുള്ള അപേക്ഷയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇനത്തിൽപെടുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്തിട്ടില്ല.

| ക്രമ നം. | ഡോർ നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 1/638/2 | Jancy & Ahammed Kannu |
| 2 | 3/5/6 | Sreekumar & Salim |
| 3 | 6/295/1, 6/296/ | N.Mohanan |

| | | |
|---|---|---|
| 4 | 8/346/ | Asha N. |
| 5 | 10/9/01 | Thankamma |
| 6 | 10/11/01,2,3,4 | jayasankar T.S |
| 7 | 10/139/1 | Shahida |
| 8 | 11/193/, 194 | Rekhuram S |
| 9 | 11/379/1 | Alamelu |
| 10 | 11/747/, 748 | Sasidharan Nair |
| 11 | 11/878/1 | Hussain.A.L |
| 12 | 12/216/, 217 | Fasaludheen |
| 13 | 14/502/ | Jayachandran/K.V.Sreelatha |
| 14 | 16/37/ | Jubiyahussain |
| 15 | 17/420/1 | Rajan.K.&Mini.M.S. |
| 16 | 18/255/1 | Ambika Devi |
| 17 | 19/16/ | V Sasi Saija rani |
| 18 | 19/16/1 | GeethaThankamma |
| 19 | 19/24/ | Mini.H.S |
| 20 | 19/59/ | Surendranasary |
| 21 | 19/64/1 | Sanan P |
| 22 | 19/73/1 | Leela Bai |
| 23 | 19/181/ | Soman Pillai |
| 24 | 19/213/1 | Krishnakumar |
| 25 | 19/303/1 | Ramachandran pillai |
| 26 | 19/305/ | Ravi .N |
| 27 | 19/343/ | Ragimol |
| 28 | 19/353/ | Kesavan.N/Vanajakshi |
| 29 | 25/331/5 | Shahul Hameed |
| 30 | 26/62/1 | D.Rajendran |
| 31 | 26/257/ | Geetha Kumari.S |
| 32 | 26/301/3 | Sreedharan Pillai |
| 33 | 26/1429/ | Rejani |
| 34 | 30/401/ | Dhiran Lal.K |

ഓഡിറ്റ് എൻക്വയറി നമ്പർ 39 / 22.11.2019 ന് മേൽ സ്ഥാപനങ്ങൾ ഒന്നും തന്നെ രജിസ്ട്രേഷൻ നടത്തിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

5) രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഇത്തരത്തിൽ രജിസ്ട്രേഷൻ എടുക്കാതെ / പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-23 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം - വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നു - വസ്തു നികുതി ഈടാക്കിയിട്ടില്ല.

കേരള മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 242 (1) പ്രകാരം ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടംപണി പൂർത്തിയാക്കുകയോ അത് 233 ാം വകുപ്പ് (2) ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ , ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.

സെക്ഷൻ 242 (4) പ്രകാരം നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി പരിപാലിച്ച് പോരേണ്ടതാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406 ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല.
എന്നാൽ ചുവടെ പറയുന്ന സ്ഥാപനം നിയമാനുസൃതമല്ലാത്ത കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര് | മേൽവിലാസം | പെർമിറ്റ് നം., തീയതി | നികുതി നിലവിൽ വന്ന വർഷം |
|---|---|---|---|---|
| 11 / 959UA | തോമസ് ജോൺ മുത്തൂറ്റ് | മുത്തൂറ്റ് ഫിൻകോർപ്പ് | BA N0: 359/13-14 | 2016 II half |

<u>മേൽ കെട്ടിടത്തിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.</u>

| SL.No | Year | Period | വസ്തുനികുതി | ലൈബ്രറി സെസ്സ് | സേവന നികുതി | ആകെ |
|---|---|---|---|---|---|---|
| 1 | 2016 | IInd Half | 72000.00 | 3600.00 | 6480.00 | 82080.00 |
| 2 | 2017 | Ist Half | 72000.00 | 3600.00 | 6480.00 | 82080.00 |
| 3 | 2017 | IInd Half | 72000.00 | 3600.00 | 6480.00 | 82080.00 |

| | | | | | | |
|---|---|---|---|---|---|---|
| 4 | 2018 | Ist Half | 72000.00 | 3600.00 | 6480.00 | 82080.00 |
| 5 | 2018 | IInd Half | 72000.00 | 3600.00 | 6480.00 | 82080.00 |

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 18 / 18.11.2019 ന് മേൽ കെട്ടിടത്തിന്റെ കുടിശ്ശിക തുക ഡിമാന്റ് നോട്ടീസ് നൽകി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് മറുപടി ലഭിച്ചിട്ടുള്ളത്.

യു.എ നമ്പർ നൽകിയിട്ടുള്ള കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതും വസ്തുനികുതി ഈടാക്കാതിരിക്കുന്നതും ഗുരുതരമായ വീഴ്ചയാണ്.

# 1-24 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2018-19 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | നമ്പർ | പേര് | സ്ഥാപനം | അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | |
|---|---|---|---|---|---|---|
| | | | | | I | II |
| വാർഡ് നം - I | | | | | | |
| 1 | 354 | ടി.വി.ശ്രീവർമ്മ | രേഖപ്പെടുത്തിയിട്ടില്ല | 18000 | 180 | 180 |
| 2 | 261 | ബാബു | ടീ ഷോപ്പ് | 18000 | 0 | 180 |
| വാർഡ് നം. - IV | | | | | | |
| 3 | 21/430-1 | സതീഷൻ | പാർവ്വതി വെജിറ്റബിൾസ് & ഫ്രൂട്ട്സ് | 30000 | 300 | 300 |
| വാർഡ് നം. - VII | | | | | | |
| 4 | 51 | ശാന്തമ്മ.കെ | സ്റ്റേഷനറി | 30000 | 300 | 300 |
| 5 | 25/345-3 | രാജൻ | എസ്.എസ്.സ്റ്റോർ | 18000 | 180 | 180 |
| 6 | 25/345-1 | വിശ്വംഭരദാസ് | ദേവി മെറ്റൽ സ്റ്റോർ | 45000 | 450 | 450 |
| വാർഡ് നം. - VIII | | | | | | |
| 7 | 450 | റെജി.എസ് | ഗ്യാസ് ഗോഡൗൺ | 125000 | 1250 | 1250 |
| 8 | 24/77-1 | കുട്ടപ്പൻ | പഞ്ചമം | 45000 | 450 | 0 |
| 9 | 24/176-3 | ദിനേഷ് കുമാർ | ഗോഡൗൺ | 45000 | 450 | 450 |
| വാർഡ് നം. - XI | | | | | | |
| 10 | 13 | മാനേജർ | കിഡ്സ് ഇന്റർനാഷണൽ സ്കൂൾ | 75000 | 750 | 750 |
| 11 | 77 | തങ്കപ്പൻ.ജെ | തുളസി മെഡിക്കൽസ് | 60000- I<br>75000- II | 600 | 750 |
| 12 | 861 767 | അനൂജ് | വാച്ച് വർക്ക്സ് | 18000 | 180 | 180 |
| 13 | 1201, 1211 | മാനേജർ | ആക്സിസ് ബാങ്ക് | 125000 | 1250 | 1250 |
| 14 | 1327 | മുഹമ്മദ് ഹനീഫ | ബീഫ് സ്റ്റാൾ | 30000 | 300 | 300 |
| 15 | 1543 | മാനേജർ | ഐ.സി.ഐ.സി ബാങ്ക് | 125000 | 1250 | 1250 |
| 16 | 1559 | ഷിജു.സി.ആർ | കമ്പ്യൂട്ടർ ഡിസൈനിംഗ് | 30000 | 300 | 300 |
| 17 | 1595 | സെക്രട്ടറി | ചിറയിൻകീഴ് | 45000 | 450 | 450 |

| | | | | | | |
|---|---|---|---|---|---|---|
| | | | സംഘം | | | |
| 18 | 202 | മാനേജർ | കേരള ഹൗസിംഗ് ഫിനാൻസ് | 60000 | 0 | 600 |
| 19 | 347 | മുരളീധരൻ നായർ.എം | അഡ്വക്കേറ്റ് | 12000 | 0 | 120 |
| 20 | 1141 | രമാഭായ് | രേവതി സ്റ്റാർ | 30000 | 0 | 300 |
| 21 | 1156,1156B,1157 | മുഹമ്മദ് റാഫി | രാഗമാലിക സിൽക്സ് | 125000 | 0 | 1250 |
| 22 | 42-1248,1559-15 | രമണി അമ്മ.കെ | ശ്രുതി ലോഡ്ജ് | 125000 | 0 | 1250 |
| 23 | 1466 | മഹേഷ്.സി | സിംഫണി ടെക്സ്റ്റയിൽസ് | 30000 | 0 | 300 |
| 24 | 1577 | ദത്താജി.എസ്.ആർ | സാഗർ സിൽവർ പ്ലാസാ | 30000 | 0 | 300 |
| 25 | 1656 | നസ്സാർ.എ.കെ | അൽ-സഫ പ്രസ്സ് | 60000 | 0 | 600 |
| 26 | 26/604-2 | ഷെർളി.ഒ.എസ് | ടെക്നിക്സ് | 30000 | 0 | 300 |
| വാർഡ് നം. - XII | | | | | | |
| 27 | 702, 703 | പോൾ.ടി.എസ് | ദീദീ മോട്ടോഴ്സ് | 100000 | 1000 | 0 |
| 28 | 769 | സുഭാഷ് | ദേവൂ ബേക്കറി | 30000 | 300 | 300 |
| 29 | 231 | അനിൽകുമാർ | എ.കെ ട്രേഡേഴ്സ് | 30000 | 0 | 300 |
| വാർഡ് നം. - XIV | | | | | | |
| 30 | 9 | ജലാലുദീൻ | ടീ ഷോപ്പ് | 18000 | 180 | 180 |
| 31 | 647, 648 | സാബു.എ | സിറ്റി ഹാർഡ് വെയർ & പെയിന്റ്സ് | 45000 | 450 | 0 |
| 32 | 658 | ബിനീത.ബി.പി | ഹരിദ്ര ആയുർവേദിക്ക് ക്ലീനിക്ക് | 18000 | 180 | 180 |
| 33 | 935 | ശശിധരൻ | എസ്.ആർ ടയർ സർവ്വീസ് | 30000 | 300 | 300 |
| 34 | 893, 894 | സയിദ്.എ.എം | ജെ.എസ്.എം. ട്രേഡേഴ്സ് | 30000 | 300 | 300 |
| 35 | 195 | ബൈജു | ബി.എസ് ടയർ ടൂബ് വർക്ക് | 30000 | 300 | 300 |
| 36 | 2 / 32-2 | മനോജ്.ആർ | ലീനിയർ ആട്ടോ മൊബൈൽസ് | 18000 – I<br>60000 - II | 180 | 600 |
| 37 | 354 | ഷിഹാബുദ്ദീൻ | മിൽമ മിൽക്ക് & കൂൾ ബാർ | 45000 | 450 | 0 |
| 38 | 560 | സുദർശന കുമാർ | തേജസ് ബേക്കറി | 18000 | 0 | 180 |
| 39 | 344 | നാസ്സർ | എൻ.എസ് ട്രേഡേഴ്സ് | 30000 | 0 | 300 |
| 40 | 684 | മഹേഷ്.ആർ | ലീനിയർ ആട്ടോ സ്പെയേഴ്സ് | 30000 | 0 | 300 |
| 41 | I/ 78 | വില്ല്യം വർഗ്ഗീസ് | ബി.ആർ.ഡി സെക്യൂരിറ്റീസ് ലിമിറ്റഡ് | 125000 | 0 | 1250 |
| 42 | 693 | പ്രധീഷ് | ശ്രീആയിരവല്ലി അപ്ഹോൾസ്റ്ററി | 30000 | 0 | 300 |
| വാർഡ് നം. - XV | | | | | | |
| 43 | 241 | അറഫ് | ആലംകോട് തട്ടുകട | 30000 | 300 | 300 |
| 44 | 799 | റെജി.ആർ | തമ്പുരാൻ വെൽഡിംഗ് | 45000 | 0 | 450 |

| | | | | | | |
|---|---|---|---|---|---|---|
| 45 | 774 | സജീൽ മുഹമ്മദ് | മൈക്രോസ്കോപ്പിക്ക് ഒപ്പിക്ക് | 45000 | 0 | 450 |
| 46 | 797 | നൗഷാദ് | സ്വദേശം ഫുഡ് | 45000 | 0 | 450 |
| 47 | 15/61, 1/371 | അബ്ദുൾ ഖാദർ | ന്യൂ ഗ്രാന്റ് സ്റ്റോർ | 30000 | 0 | 300 |
| 48 | 129 | അബ്ദുൾ റഷീദ് | ബ്രദേഴ്സ് അലുമിനിയം &സ്റ്റീൽ | 125000 | 0 | 1250 |
| വാർഡ് നം. - XVI | | | | | | |
| 49 | 721 | എൻ.എസ് രഞ്ജിത്ത് | രഞ്ജിത്ത് ആട്ടോമൊബൈൽസ് | 50000 | 450 | 450 |
| 50 | 516 - 520 | ചീഫ് ജനറൽ മാനേജർ | ബി.എസ്.എൻ.എൽ | 135000 | 1250 | 1250 |
| വാർഡ് നം. - XVII | | | | | | |
| 51 | 322 | പ്രഭകുമാർ | നളന്ദ | 30000 | 300 | 0 |
| 52 | 591 | റെജി | ടൂ വീലർ | 30000 | 300 | 300 |
| 53 | 748 | അബ്ദിൽ ഗഫൂർ | കിച്ചൻ വേൾഡ് | 75000 | 750 | 750 |
| 54 | 869, 596 | കലാറാണി | ഫ്ലോർമിൽ & ഫുഡ് പ്രൊഡക്ട്സ് | 30000 | 300 | 300 |
| 55 | 1222 | സന്തോഷ്.വി | ചെയിൻ കമ്പ്യൂട്ടേഴ്സ് | 75000 | 750 | 750 |
| 56 | 814 | ജോസ് കുമാർ | നിയോ ഫർണിഷിംഗ് | 100000 | 1000 | 1000 |
| 57 | 1053, 1050 | ഉണ്ണികൃഷ്ണൻ | സാരോ സാനിട്ടറി | 18000 | 0 | 180 |
| 58 | 315 | ഷീജ കുമാരി.കെ | അനിൽ ഫ്ലവർമാർട്ട് | 30000 | 0 | 300 |
| 59 | 332 | ഹുസൈൻ | ക്രയ്സി മൊബൈൽ | 30000 | 0 | 300 |
| 60 | 11/ 602-1,2 | നിസ്സാർ.എസ് | ജാവ ഷോപ്പി | 60000 | 0 | 600 |
| വാർഡ് നം. - XVIII | | | | | | |
| 61 | 13/1901, 2 | ബാബു | പ്ലബിംഗ് സാനിട്ടറി & ഹാർഡ് വെയർ | 75000-I 60000 - II | 750 | 600 |
| വാർഡ് നം. - XXI | | | | | | |
| 62 | 39 | മോഹനചന്ദ്രൻ നായർ | സോഡാ നിർമ്മാണം | 30000 | 300 | 300 |
| 63 | 1 | ഉണ്ണികൃഷ്ണൻ നായർ.പി | കല്ല്യാണ മണ്ഡപം | 125000 | 1250 | 1250 |
| 64 | 680 | സജി | വെൽഡിംഗ് ഷോപ്പ് | 12000 | 0 | 120 |
| 65 | 518 | ശ്രീധരൻ.എ | എസ്&എസ് ഇലക്ട്രോ സിസ്റ്റം | 18000 | 0 | 180 |
| വാർഡ് നം. - XXII | | | | | | |
| 66 | 537 | രതീഷ്.ആർ | റിംഗ് ലാന്റ് | 18000 | 180 | 180 |
| 67 | 429 | മാനേജർ | ഐ.ഒ.ബി | 125000 | 0 | 1250 |
| 68 | 350, 351 | ശ്രുതി സുനി | ബ്യൂട്ടി പാർലർ | 30000 | 0 | 300 |
| വാർഡ് നം. - XXIV | | | | | | |
| 69 | 528, 529 | ദീപ ലക്ഷ്മി | മോഡേൺ ഫർണിച്ചർ | 75000 – I 18000 - II | 750 | 180 |
| 70 | 575 | ഹയറുനിസ | ബിസ്മില്ല ഫ്രൂട്ട് സ്റ്റാൾ | 30000 – I 75000 – II | 300 | 750 |
| 71 | 603 | മനു.എ.എസ് | നവേര ട്രാവൽസ് | 125000 – I 30000- II | 1250 | 300 |
| 72 | 460 | നാരായണൻ.ആർ | ഫർണീച്ചർ & ഹോം അപ്ലയൻസ് | 75000 | 750 | 450 |
| 73 | 758 | റാഫി.ആർ | കാരീ ഫോർ | 18000 | 0 | 180 |

| | | | എക്സ്പ്രസ് | | | |
|---|---|---|---|---|---|---|

സ്ഥാപനതൊഴിൽ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ തുകകൾ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-25 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) 2018-19 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി പത്രികയിലെ അർദ്ധവർഷ വരുമാനമനുസരിച്ച് നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | ജീവനക്കാർ / സ്ഥാപനത്തിന്റെ പേര് | ആകെ അർദ്ധവർഷ വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പ്രീജ പി , (ഓഫീസ് അന്റൻഡന്റ് ) താലൂക്ക് ഓഫീസ് , ചിറയിൻകീഴ് | 128775 | 1250 | 1000 | വ്യത്യാസം250/- |
| 2 | ഫിറോസ് .എം (മസ്ദൂർ) കെ .എസ് .ഇ .ബി | 128730 (21455x 6) | 1250 | 600 | ആകെ മാസ വരുമാനം21455/- രൂപയെന്നും അർദ്ധവർഷ വരുമാനം 69365/- എന്നും പത്രികയിൽ രേഖപ്പെടുത്തി യിരിക്കുന്നു . റിമാർക്ക്സ് യാതൊന്നും രേഖപ്പെടുത്തി യിട്ടുമില്ല. |
| 3 | അഭിലാഷ് .എ, ന്യൂ ഓപ്പർച്യൂണിറ്റി കൺസൾട്ടൻസി പ്രൈവറ്റ് ലിമിറ്റഡ് | 81600 (13600 X6) | 750 | 120 | ജോലിയിൽ പ്രവേശിച്ച തീയതി 01/02/2018 എന്ന് പത്രികയിൽ രേഖപ്പെടുത്തി യിട്ടുണ്ട്. എന്നാൽ അർദ്ധവാർഷിക വരുമാനം 17987/- എന്നാണ് രേഖപ്പെടുത്തിയി രിക്കുന്നത് . പത്രിക പ്രകാരം മാസ വരുമാനം 13600/- രൂപയാണ് . |
| 4 | അർച്ചന.എസ്.എൽ (ലാബ് ടെക്നീഷ്യൻ ) അമർ ഹോസ്പിറ്റൽ | 132500 | 1250 | 1000 | വ്യത്യാസം 250/- രൂപ |

ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നം. 65 / 28.11.2019 ന് അർദ്ധവർഷത്തിനു ആനുപാതികമായി തൊഴിൽ നികുതി ഈടാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നോട്ടീസ് നൽകുന്നതാണെന്ന് മറുപടി ലഭിച്ചു . തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) 2018-19 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | വാർഡ് നം. | റിമാർക്ക്സ് |
|---|---|---|---|
| 1 | കുഞ്ഞു സാമിൽ | III | രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിട്ടില്ല. |
| 2 | മാനേജർ, കേരള ഹൗസിംഗ് ഫീനാൻസ് | XI | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ നികുതി ഈടാക്കിയിട്ടില്ല. |
| 3 | ഹാപ്പി മാർട്ട് മാർജിൻഫ്രീ മാർക്കറ്റ്, ആലംകോട് | XIV | രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിട്ടില്ല. |
| 4 | മാനേജർ, ആർ.കെ.വി മോട്ടോഴ്സ് | XVI | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ നികുതി ഈടാക്കിയിട്ടില്ല. |
| 5 | മാനേജർ, ഹോട്ടൽ ആര്യാസ് | XVII | രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിട്ടില്ല. |
| 6 | സൗണ്ട് പ്ലസ് സ്കൂൾ, ആറ്റിങ്ങൽ | XVII | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ നികുതി ഈടാക്കിയിട്ടില്ല. |
| 7 | സാരഥി ആട്ടോ കാർസ്, മൂന്ന്മുക്ക് | XXIV | രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിട്ടില്ല. |
| 8 | മാനേജർ , ഷീജ ഹോട്ടൽ | XXIV | രണ്ടാം അർദ്ധവർഷം നികുതി ഈടാക്കിയിട്ടില്ല. |

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നം. 67 / 28.11.2019 ന് മേൽ സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി പലിശ സഹിതം ഒടുക്കുവരുത്തുന്നതിന് നോട്ടീസ് നൽകിയെങ്കിലും നാളിതുവരെയും ഒടുക്കുവരുത്തിയിട്ടില്ല എന്നാണ് മറുപടി ലഭിച്ചത്.

തുടർനടപടി സ്വീകരിച്ച് ടി സ്ഥാപനങ്ങളിൽ നിന്നും പലിശ സഹിതം തൊഴിൽ നികുതി ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-26 ഇ ടെണ്ടർ ഫാറം വില തനത് ഫണ്ടിൽ ഒടുക്കുവരുത്തിയിട്ടില്ല

2018-19 ൽ മുനിസിപ്പൽ എഞ്ചിനീയറുടെ ഓഫീസ് ഇ ടെണ്ടർ മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില നഗരസഭയുടെ തനത് ഫണ്ടിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 ൽ ഈ ഇനത്തിൽ ഒടുക്കുവരുത്തിയ 102552/- രൂപ ഇപ്പോഴും മുനിസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു (A/c No. 67302403079). പ്രസ്തുത തുക അടിയന്തിരമായി നഗരസഭയുടെ അക്കൗണ്ടിലേക്ക് മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ 31.03.2019 ൽ ഈ അക്കൗണ്ടിൽ മുൻവർഷങ്ങളിൽ ഈ ഇനത്തിൽ ലഭ്യമായ ആകെ 8,89,099/- രൂപ ബാലൻസായി നിലനിൽക്കുന്നു. പ്രസ്തുത തുക നഗരസഭയുടെ തനത് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

# 1-27 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

തദ്ദേശസ്വയംഭരണസ്ഥാപനം ആർജിക്കുന്ന ആസ്തികൾ യഥാസമയം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം കണക്കാക്കി ശരിയായ സാമ്പത്തിക സ്ഥിതി അവലോകനം സാധ്യമാകുകയുള്ളു. ആസ്തികളുടെ പരിപാലനവും സംരക്ഷണവും പ്രസ്തുത ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. നഗരസഭയുടെ ആസ്തി രജിസ്റ്റർ അപൂർണ്ണമാണെന്ന് കാണുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് (12/18.11.19) ആസ്തി രജിസ്റ്റർ 2019 വരെയുള്ള കൂട്ടിച്ചേർക്കലുകൾ നടത്തി ഡിജിറ്റൽ രജിസ്റ്ററാക്കി സൂക്ഷിക്കുന്നുണ്ടെന്നും എന്നാൽ ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്ററിൽ പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി ഭരണസമിതിയുടെ അംഗീകാരം വാങ്ങി സൂക്ഷിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

# 1-28 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) അനുസരിച്ച് തദ്ദേശ സ്വയം ഭരണസ്ഥാപനം റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആണ് റോഡ് പ്രവർത്തികൾക്കുള്ള പദ്ധതികൾ രൂപീകരിക്കേണ്ടത്. എന്നാൽ ആറ്റിങ്ങൽ നഗരസഭയിൽ കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് ഇത്തരം പദ്ധതികൾ നടപ്പിലാക്കി വരുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവർത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവർത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ് ചെലവിനും കാരണമാകുന്നു. ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണ്ണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ മാത്രമേ നഗരസഭയുടെ കാലികമായ വികസനം സാധ്യമാവുകയുള്ളു. ഇക്കാര്യത്തിൽ പൊതുമരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# 1-29 വാർഡ് കേന്ദ്രങ്ങളുടെ വാടക – സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

പ്രോജക്ട് നം. S030/19 - വാർഡ് കേന്ദ്രങ്ങളുടെ പ്രവർത്തനം

വികസന ഫണ്ട് (പൊ.വി.) - അടങ്കൽ - 1,75,000/- ചെലവ്-1,34,000/-

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

നഗരസഭയുടെ 26,28 എന്നീ വാർഡുകളിലുള്ള വാർഡ് കേന്ദ്രങ്ങളുടെ 01.04.2016 മുതലുള്ള വാടക 2018-19 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെലവ് നിർവ്വഹിച്ചിരിക്കുന്നതിൽ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല . അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. 01.04.2016-ലെ വാടക നിശ്ചയിച്ചത് 16.10.2018-ലാണ്.

28.03.14-ലെ സർക്കുലർ നം.35208/ഡി.എ3/12/ത.സ്വ.ഭ.വ. പ്രകാരം ഗ്രാമ കേന്ദ്രത്തിന്റെ ഓഫീസിനുവേണ്ടി തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കെട്ടിടങ്ങൾ ലഭ്യമല്ലാത്ത വാർഡുകളിൽ 25 ചതുരശ്ര മീറ്ററെങ്കിലും വിസ്തീർണ്ണമുള്ള വാടകകെട്ടിടം കണ്ടെത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. മാർഗ്ഗ നിർദ്ദേശ പ്രകാരം, ഈ കെട്ടിടത്തിന്റെ വാടക സ്ഥാപനതല എഞ്ചിനീയർ വാടക നിയന്ത്രണ ചട്ടങ്ങൾക്ക് വിധേയമായി നിർണ്ണയിക്കണം. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ (ഫയൽ 6815/2018-GA നോട്ട് ഫയലിലെ രേഖപ്പെടുത്തൽ) വാർഡ്-28-ലെ വാർഡ് കേന്ദ്രം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക 2000/- ആയി Eng. Section- ശുപാർശ രേഖപ്പെടുത്തിയിട്ടുള്ളത് 16.10.18-ലാണ്. 2016-ൽ പ്രവർത്തനം ആരംഭിച്ച കെട്ടിടത്തിന്റെ വാടക നിർണ്ണയിക്കാനുണ്ടായ കാലതാമസത്തിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/16.11.2019—ന് ലഭ്യമാക്കിയ മറുപടിയിൽ 2016-17 വർഷത്തെ പ്രോജക്ടിൽ വാർഡ് സഭ വാടക

കെട്ടിടങ്ങളുടെ വാടക ഒടുക്കുന്നതിന് പ്രോജക്ട് ഉൾക്കൊള്ളിച്ചിരുന്നില്ല എന്നും ഫർണിച്ചറും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിരുന്നതെന്നും, പ്രസ്തുത പ്രോജക്ട് പൂർത്തീയാകാത്തതിനെ തുടർന്ന് 2017-18-ൽ സ്പിൽഓവറായി നടപ്പിലാക്കുകയായിരുന്നുവെന്നും അതിനാലാണ് 2018-19-ൽ വാടക ഒടുക്കുന്നതിന് പ്രോജക്ട് രൂപീകരിച്ചതെന്നുമാണ് മറുപടി നൽകിയത്. ഈ വിശദീകരണം അംഗീകരിക്കത്തക്കതല്ല. വാർഡ് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി മേൽ മാർഗ്ഗ നിർദ്ദേശത്തിൽ അനുശാസിക്കുന്ന പ്രകാരം കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനും അനുവാദം നൽകിയിട്ടുള്ളതാണ്. കൂടാതെ, മേൽ മാർഗ്ഗനിർദ്ദേശ പ്രകാരം വാടക നിശ്ചയിച്ച് രേഖപ്പെടുത്തൽ വരുത്തുന്നതിന് പ്രോജക്ട് രൂപീകരിക്കേണ്ടതില്ല മാത്രമല്ല, വാർഡ് നം26-ലെ കെട്ടിടത്തിന്റെ വാടക അസി.എഞ്ചിനീയർ 2016-ൽ നിർണ്ണയിച്ച് രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതുമാണ്.

## 2. കരാർ ചമയ്ക്കുന്നതിലെ കാലതാമസം

സേവാഗ്രാമം/വാർഡ് കേന്ദ്രം എന്നിവയുടെ വാടക അനുവദിച്ചതു സംബന്ധിച്ച ഫയൽ (6815/2018-GA) പരിശോധിച്ചതിൽ 28-ാം വാർഡിലെ വാർഡ് കൗൺസിലറുടെ 27.04.2016-ലെ കത്ത് പ്രകാരം സേവാഗ്രാമം പഴയ ഫയർ ഫോഴ്സ് ഓഫീസിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫയലിനൊപ്പം ലഭ്യമാക്കിയ രേഖകൾ പ്രകാരം തോട്ടവാരം ലതാദർശനം വീട്ടിൽ ശ്രീ.ജി. സുദർശനൻ 25.07.2018-ന് എഴുതിക്കൊടുത്ത കരാർ പ്രകാരം AMC -XXVIII/384 നമ്പർ കെട്ടിടത്തിൽ 01.04.16 മുതൽ സേവാഗ്രാമം/വാർഡ് കേന്ദ്രം പ്രവർത്തിച്ചുവരുന്നു. കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.14/16.11.2019—ന് ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടം ഉടമസ്ഥൻ സ്ഥലത്തില്ലാതിരുന്നതിനാലാണ് കരാർ ചമയ്ക്കാൻ കാലതാമസം ഉണ്ടായതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഫയലിൽ വരുത്തിയിട്ടില്ല. വാർഡ് നം26-ലെ വാർഡ് കേന്ദ്രം വാടക കെട്ടിടത്തിന്റെ വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതിൽ നിന്നും, വാർഡ് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് വാടകകെട്ടിടം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി വ്യക്തമാകുന്നു.

## 3. വാടക കുടിശ്ശിക അടവാക്കുന്നതിന് എ.എഫ്.എസിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

10.01.19-ലെ ബിൽ നം.31/GA-6815/18 തീയതി, 17-12-18 പ്രകാരം 26,28 വാർഡുകളിലെ വാർഡ് കേന്ദ്രത്തിന്റെ 01.04.16 മുതൽ 30.11.2018 വരെയുള്ള 32 മാസത്തെ വാടകയായി 2000/- രൂപ പ്രതിമാസ നിരക്കിൽ 64,000/- രൂപ വീതം ആകെ 1,28,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ വാർഡ് കേന്ദ്രം 28-ന്റെ വാടകയായി 2018-ൽ നിർണ്ണയിച്ച വാടക നിരക്ക്( 2000/- രൂപ) പ്രകാരം 2016 മുതൽ വാടക അനുവദിക്കുകയാണുണ്ടായത്. മാത്രമല്ല, മുനിസിപ്പാലിറ്റിയുടെ 2017-18 സാമ്പത്തിക വർഷത്തെ എ.എഫ്.എസ്. പ്രകാരം വാർഡ് കേന്ദ്രങ്ങളുടെ വാടകകുടിശ്ശിക അടവാക്കുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുമില്ല.

## 4. വാടക കാലയളവിൽ വ്യത്യാസം

വാർഡ് നം.26-ലെ വാർഡ് കൗൺസിലറുടെ 14.05.2016-ലെ കത്ത് പ്രകാരം വാർഡ് കേന്ദ്രത്തിനായി വാടകയ്ക്കെടുത്തിട്ടുള്ള മുറി എഞ്ചിനീയറിംഗ് വിഭാഗത്തെ കൊണ്ട് പരിശോധിപ്പിച്ച് വാടക നിർണ്ണയിച്ച്, മെയ് 15-ാം തീയതി മുതൽ വാടക അനുവദിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ ബിൽ പ്രകാരം 2016 ഏപ്രിൽ1 മുതൽ വാടക അനുവദിച്ച് കാണുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.14/16.11.19-ന് ലഭ്യമാക്കിയ മറുപടിയിൽ 26-ാം വാർഡിലെ വാർഡ് കേന്ദ്രം 2016 ഏപ്രിൽ മുതൽ പ്രവർത്തനം തുടങ്ങിയിരുന്നുവെന്നതിനാലാണ് ഏപ്രിൽ മാസം മുതൽ

വാടക കൊടുത്തതെന്ന മറുപടി രേഖകളുമായി പൊരുത്തപ്പെടുന്നില്ല. ഈ വിഷയത്തിലെ ഫയൽ നം ജി4-4098/16 – നോട്ട് ഫയൽ പ്രകാരം 20.05.16-ന് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വാർഡ് കേന്ദ്രങ്ങളുടെ വാടകകരാർ ലഭ്യമാക്കാൻ സെക്രട്ടറി നിർദ്ദേശം നൽകിയതു പ്രകാരം കൗൺസിലറുടെ കത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് 26 ലെ വാർഡ് കേന്ദ്രത്തിന്റെ വാടക12.07.16-ന് 2000/- രൂപയായി നിശ്ചയിച്ച് എ.ഇ. രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. മറുപടി സാധൂകരിക്കുന്ന രേഖകളൊന്നും ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. <u>വാർഡ് കേന്ദ്രങ്ങളുടെ പ്രവർത്തനം അപര്യാപ്തം</u>

2018-19 സാമ്പത്തിക വർഷം സേവാഗ്രാമം നിലവിലുണ്ടായിരുന്ന വാർഡുകൾ (വാർഡ് നം., പേര്, പ്രവർത്തിച്ചിരുന്ന സ്ഥലം, കെട്ടിടം), ഓരോ സേവാഗ്രാമം/വാർഡ് കേന്ദ്രത്തിലും 28.03.14-ലെ സർക്കുലർ നം.35208/ഡി.എ3/12/ത.സ്വ.ഭ.വ. -യിലെ നിർദ്ദേശ പ്രകാരം ചുമതലയിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ, ഭരണ സമിതി തീരുമാനം, ഓരോ സേവാഗ്രാമം/വാർഡ് കേന്ദ്രത്തിലും ലഭിച്ച അപേക്ഷകളുടെ എണ്ണം, ഓരോ സേവാഗ്രാമം/വാർഡ് കേന്ദ്രത്തിൽ നിന്നും സമർപ്പിച്ച റിപ്പോർട്ടുകളുടെ എണ്ണം, ഓരോ സേവാഗ്രാമം/വാർഡ് കേന്ദ്രത്തിനും വിവിധ ഇനങ്ങളിലായി ചെലവഴിച്ച തുക എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/16.11.19-ന് ലഭ്യമാക്കിയ മറുപടി പ്രകാരം മുനിസിപ്പാലിറ്റിയിലെ 31 വാർഡുകളിൽ 12 വാർഡുകളിൽ മാത്രമാണ് വാർഡുകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എന്നും വാർഡുകേന്ദ്രങ്ങൾ വഴി അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല എന്നുമാണ് മറുപടിയായി അറിയിച്ചിരിക്കുന്നത്. മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 1-30 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് കുടിശ്ശിക – വൻതുക നിലനിൽക്കുന്നു - ജോയിന്റ് ഇൻസ്പെക്ഷന് വാട്ടർ അതോറിറ്റി തയ്യാറാകുന്നില്ല

പ്രോജക്ട് നം. 299 /19 – കേരള ജലഅതോറിറ്റിക്ക് അടക്കേണ്ട കുടിശ്ശിക തുക.

അടങ്കൽ – വികസന ഫണ്ട് (പൊ.വി) - 2,92,383/- ചെലവ് - 2,92,383/-

പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ വൻതുക കുടിശ്ശികയായി നിലനിൽക്കുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നുള്ള 2018 മാർച്ച് മാസത്തെ വാട്ടർ ചാർജ് ബിൽ അനുസരിച്ച് 2018-19 സാമ്പത്തിക വർഷാരംഭത്തിൽ വാട്ടർ ചാർജ് ഇനത്തിൽ 75,53,013/- രൂപ കുടിശ്ശിക അടവാക്കാൻ അവശേഷിക്കുന്നു. രേഖകൾ പ്രകാരം വാട്ടർ ചാർജ് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിലും പ്രവർത്തന രഹിതമായ പൊതു വാട്ടർ ടാപ്പുകൾക്കും വാട്ടർ അതോറിറ്റി വാട്ടർ ചാർജ് ഡിമാന്റ് ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നതായും മുനിസിപ്പാലിറ്റി വർഷങ്ങളായി പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി വാട്ടർ ചാർജ് പുതുക്കി നിർണ്ണയിക്കുന്നതിന് തയ്യാറാകുന്നില്ല എന്നും വ്യക്തമാകുന്നു

വാട്ടർ അതോറിറ്റിയിൽ നിന്ന് വൻതുക കുടിശ്ശിക ബിൽ ലഭിക്കുന്ന സാഹചര്യത്തിൽ, ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനും മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനും ആവശ്യപ്പെട്ട് മുനിസിപ്പാലിറ്റിയിൽ നിന്ന് 13.11.14-നും 28.11.14-നും കത്ത് നൽകുകയുണ്ടായെങ്കിലും വാട്ടർ അതോറിറ്റിയിൽ നിന്ന് മറുപടി ലഭിച്ചിട്ടില്ല. തുടർന്ന് 27.01.2015-ന് വാട്ടർ അതോറിറ്റി റവന്യൂ അദാലത്ത് നടത്തിയെങ്കിലും മുനിസിപ്പാലിറ്റിയുടെ പരാതികൾ പരിഹരിക്കപ്പെട്ടില്ല. പ്രവർത്തന രഹിതമായ പൊതു ടാപ്പുകൾ നേരിട്ട് കട്ട് ചെയ്യാൻ വാട്ടർ അതോറിറ്റിക്ക് സാധിക്കാത്തതിനാൽ കൗൺസിലർമാരുടെ നേതൃത്വത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് 17.02.16-ലെ കൗൺസിൽ തീരുമാനപ്രകാരം

പരിശോധനനടത്തി 13 പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിനും വെള്ളക്കരം പുതുക്കി നിശ്ചയിക്കുന്നതിനും 09.06.17-ലെ വാട്ടർ അതോറിറ്റിയുമായുള്ള മീറ്റിംഗിൽ അറിയിക്കുകയുണ്ടായി . തുടർന്നും തുടർ നടപടികൾ ഉണ്ടാകാത്തതിനാൽ 19.09.18-ന് മുനിസിപ്പാലിറ്റി പരിശോധന നടത്തി 106 പൊതു ടാപ്പുകളിൽ 47 പൊതു ടാപ്പുകൾ പൂട്ടുന്നതിന് വാട്ടർ അതോറിറ്റിയെ അറിയിച്ചുവെങ്കിലും തുടർന്നും 106 ടാപ്പുകളുടെ വാട്ടർ ചാർജ് ബില്ലാണ് വാട്ടർ അതോറിറ്റി ലഭ്യമാക്കുന്നത്. നിലവിൽ ഒരു പൊതു ടാപ്പിന് 7884/- രൂപയാണ് വാട്ടർ അതോറിറ്റി പ്രതിവർഷം വാട്ടർ ചാർജായി ഈടാക്കുന്നത്. പ്രവർത്തനക്ഷമമായ 59 പൊതു ടാപ്പുകൾക്ക് പകരം 106 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ് അടവാക്കേണ്ടി വരുന്നത് മുനിസിപ്പൽ ഫണ്ടിന് നഷ്ടം ഉണ്ടാകുന്നതിന് കാരണമാകുന്നു. സ.ഉ. (ആർ.ടി.)2242/2011 / ത.സ്വ.ഭ.വ. തീയതി.28.09.2011 പ്രകാരം പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധനയിലൂടെ നിർണ്ണയിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. നഗരകാര്യ ഡയറക്ടർ അംഗമായ കമ്മിറ്റി രൂപീകരിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ഈ വിഷയം പ്രസ്തുത കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടു വരേണ്ടതാണ്.

## 1-31 ഐ.കെ.എം.ന് വിഹിതം നൽകൽ - കൈപ്പറ്റ് രസീത് ലഭ്യമല്ല

പ്രോജക്ട് നം. - 2/19

പ്രോജക്ടിന്റെ പേര് - ഐ.കെ.എം-ന് വിഹിതം അടവാക്കൽ

അടങ്കൽ തുക – 2,28,823/-

ചെലവ് തുക – 2,28,823/-

ബിൽ നം. തീയതി.- 14/30.07.18

മേൽ പ്രോജക്ട് പ്രകാരം ഐ.കെ.എം-ന് അടവാക്കിയ 2,28,823/- രൂപയ്ക്ക് ഐ.കെ.എം. ലഭ്യമാക്കിയ രസീത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.20-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആർ.ടി.ജി.എസ്. മുഖേന കൈമാറിയ മേൽതുക ഐ.കെ.എം-ന്റെ അക്കൗണ്ടിൽ ലഭ്യമായി എന്നത് സാധൂകരിക്കുന്നതിന് ഐ.കെ.എം-ൽ നിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമാക്കേണ്ടതാണ്.

## 1-32 വജ്രജൂബിലികലാകാരന്മാർക്ക് ഫെല്ലോഷിപ്പും ഓണറേറിയവും അനുബന്ധ ചെലവുകളും - പ്രോജക്ട് നിർവ്വഹണത്തിൽ അപാകത

പ്രോജക്ട് നം.S0287/19 - വജ്ര ജൂബിലികലാകാരന്മാർക്ക് ഫെല്ലോഷിപ്പും ഓണറേറിയവും അനുബന്ധ ചെലവുകളും

അടങ്കൽ തുക -25,000/-(വികസന ഫണ്ട് - പൊ.വി.)

ചെലവ് - 25000/ - ബിൽ നം.58/ജി4/19/22.3.19

പഞ്ചായത്ത് രാജ്/ നഗരപാലിക സ്ഥാപനങ്ങളുടെ സബ്സിഡി മാർഗ്ഗരേഖ നം.22/2018/ ത.സ്വ.ഭ.വ./14.02.2018 ഖ.7.6.18 പ്രകാരം സംസ്ഥാന സർക്കാരിന്റെ 2017-18 വജ്രജൂബിലി ഫെല്ലോഷിപ്പ് നേടുന്നതിന് പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോട് ബന്ധപ്പെട്ട് കലാ അഭ്യാസനം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധരായ കലാകാരന്മാർക്ക് സംസ്ഥാന

സർക്കാർധനസഹായത്തിന് പുറമെ പ്രതിമാസം 5000/- രൂപ വീതം നൽകി അവരുടെ കലാസപര്യയുടെ പ്രയോജനം തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഈ വിഷയത്തിൽ രൂപീകരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടിൽ വകയിരുത്തിയ തുക അപര്യാപ്തം

സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടറുടെ 11.02.2019- ലെ കത്ത് പ്രകാരം ശ്രീ. രാകേഷ് പി., ശ്രീമതി. നീന സി.കെ., ശ്രീമതി.ശാലു എസ്.ആർ, ശ്രീമതി. മേഘ ജി.എസ്. എന്നീ കലാ പ്രവർത്തകരെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി ക്ളസ്റ്ററിനു കീഴിൽ തെരഞ്ഞെടുത്തതായും ഓരോ ക്ളസ്റ്ററിനു കീഴിലും വിന്യസിക്കപ്പെടുന്ന കലാകാരന്മാർക്ക് 5000/- രൂപ വീതം ഫെല്ലോഷിപ്പ് വിഹിതം തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പിന്റെ 03.03.2018-ലെ 62/ഡിബി2/ 18/തസ്വഭവ നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ നൽകാനും അറിയിച്ചിട്ടുണ്ട്. കൂടാതെ, 19.03.2019-ലെ സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടറുടെ സാക്ഷ്യ പത്ര പ്രകാരം കലാകാരന്മാർക്ക് ഫെബ്രുവരി, മാർച്ച് മാസത്തെ ഫെല്ലോഷിപ്പിന് ശുപാർശയും നൽകിയിട്ടുണ്ട്. 1,25,000/- രൂപ അടങ്കൽ വകയിരുത്തി രൂപീകരിച്ച പ്രോജക്ട് 25,000/- രൂപ വകയിരുത്തി പുതുക്കിയതിന് കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, പ്രോജക്ടിൽ 25,000/- രൂപ മാത്രം വകയിരുത്തിയതിനാൽ 8333/-,8333/-, 8334/- രൂപ വീതമാണ് (യഥാക്രമം ശ്രീമതി. നീന സി.കെ., ശ്രീമതി.ശാലു എസ്.ആർ, ശ്രീമതി. മേഘ ജി.എസ്.) വിതരണം ചെയ്തിട്ടുള്ളത്. ഇതിനായി 3 കലാ പരിശീലകരെ തെരഞ്ഞെടുത്തത് സംബന്ധിച്ച വിശദാംശം ഉൾക്കൊള്ളുന്ന ഫയൽ ലഭ്യമാക്കുന്നതിനും 3 കലാകാരന്മാർക്ക് മാത്രമായി ഫെല്ലോഷിപ്പ് നൽകിയതിലും ശുപാർശയിലും കുറഞ്ഞ ഫെല്ലോഷിപ്പ് നൽകാനിടയായതിലും വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.20-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

(2) പരിശീലന പരിപാടി യഥാസമയം ആരംഭിച്ചില്ല.

ഫയലിനൊപ്പമുള്ള രേഖകൾ പ്രകാരം 03.03.19 ഞായറാഴ്ച(പ്രസിദ്ധീകരണത്തിന് മാതൃഭൂമി പത്രത്തിന് നൽകിയതിന്റെ പകർപ്പ്- പത്രത്തിന്റെ പകർപ്പ് ലഭ്യമല്ല.) ഉദ്ഘാടനം നടത്തുകയും 30.03.2019 ന് പരിശീലന പരിപാടി ആരംഭിക്കുകയും ചെയ്തു. സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടറുടെ സാക്ഷ്യ പത്രത്തിലെ രേഖപ്പെടുത്തലുകൾ പ്രകാരം എല്ലാ കലാകാരന്മാരും അവരവരുടെ കലാരൂപങ്ങളിൽ ഏറ്റവും കുറഞ്ഞത് ആഴ്ചയിൽ നാലു ദിവസം എന്ന കണക്കിലും ഒരു ദിവസം 2.5 മണിക്കൂർ എന്ന കണക്കിലും പരിശീലനക്ളാസുകൾ എടുക്കേണ്ടതുണ്ട് എന്നിരിക്കെ, 30.03.19 നു മാത്രം പരിശീലനം ആരംഭിച്ച സാഹചര്യത്തിൽ 19.03.2019-ലെ സാംസ്കാരിക കാര്യ വകുപ്പ് ഡയറക്ടറുടെ സാക്ഷ്യ പത്ര പ്രകാരം കലാകാരന്മാർക്ക് ഫെബ്രുവരി, മാർച്ച് മാസത്തെ ഫെല്ലോഷിപ്പിന് ശുപാർശ നൽകുകയും തുക അനുവദിക്കാനും ഇടയായതിന്മേൽ വിശദീകരണം ലഭ്യമാക്കാനും ഓഡിറ്റ് അന്വേഷണം നം.20-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

(3) രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

കലാ പരിശീലനത്തിന് കുട്ടികളെ തെരഞ്ഞെടുത്തതും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിശദാംശം ഫയലിനൊപ്പം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് രൂപീകരിച്ചുവെങ്കിലും രേഖകൾ പ്രകാരം, പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോട് ബന്ധപ്പെട്ട് കലാ അഭ്യാസനം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധരായ കലാകാരന്മാർക്ക് അവരുടെ കലാസപര്യയുടെ പ്രയോജനം തദ്ദേശഭരണസ്ഥാപന പ്രദേശത്ത്

ഉപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് മുനിസിപ്പാലിറ്റിക്ക് യഥാസമയം കഴിഞ്ഞിട്ടില്ല എന്നാൽ ഫെല്ലോഷിപ്പ് തുക അനുവദിക്കേണ്ട സാഹചര്യവും സംജാതമായി. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

# 1-33 പദ്ധതി രൂപീകരണം - രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. - 1/19

പ്രോജക്ടിന്റെ പേര് - പദ്ധതി രൂപീകരണം

അടങ്കൽ തുക – 7,00,000/- (വി.ഫ.(പൊ.വി.))

ചെലവ് തുക – 698249/-

ബിൽ നം. തീയതി. - 17/GA-6817/18-14.08.18 – 2,15,098/-

28/ GA-6817/18-23.11.18 – 71,545/-

12/GA-6817/18-30.07.18 – 1,98,958/-

35/GA-6817/18-22.01.19 – 98,260/-

24/GA-6817/18-07.11.18 – 93,238/-

34/GA-6817/18-22.01.19 – 4100/-

42/GA-6817/18-13.02.19 – 17050/-

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)17/2018/ത.സ്വ.ഭ.വ./02.02.18 ഖണ്ഡിക 8 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ മൊത്തത്തിലുള്ള പദ്ധതി ആസൂത്രണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി ഒരു പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. പദ്ധതി രൂപീകരണം പ്രോജക്ടിനായി 2018-19 സാമ്പത്തിക വർഷം 6,98,249/- രൂപ ചെലവഴിച്ചുവെങ്കിലും ചെലവ് രേഖകൾ ഉൾക്കൊള്ളുന്ന പ്രോജക്ട് ഫയൽ ശരിയായ രീതിയിൽ പരിപാലിച്ചിട്ടില്ല.( പ്രോജക്ടുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.23-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.) അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം 6,98,249/- രൂപ ചെലവഴിച്ചതിൽ ആകെ 6,59,489/- രൂപയുടെ ചെലവ് രേഖകളാണ് ഫയലിനൊപ്പം ഹാജരാക്കിയിട്ടുള്ളത്. 38,760/- രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/19.11.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖയുടെ അഭാവത്തിൽ തുക തടസ്സം ചെയ്യുന്നു.

മേൽ ഖണ്ഡികപ്രകാരമുള്ള ചെലവിൽ ഉൾപ്പെട്ട ട്രഷറി ബിൽ നമ്പർ 34,42 എന്നിവയുടെ പകർപ്പുകൾ, ചെലവ് സാധൂകരിക്കുന്ന രേഖകൾ എന്നിവ ഫയലിനൊപ്പം സമർപ്പിച്ചിട്ടില്ല.

2 .<u>പ്രിന്റിംഗ് പ്രവൃത്തികളുടെ ചെലവ് - രേഖകൾ ലഭ്യമാക്കിയില്ല.</u>

1. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് മേൽ പ്രോജക്ട് പ്രകാരം പ്രിന്റിംഗ് ജോലികൾക്കായി 3,53,952/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്കായി ക്വട്ടേഷൻ ക്ഷണിച്ചതുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.23 -ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി

ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(പി)259/2010/ത.സ്വ.ഭ.വ തീയതി. 08.11.2010) പ്രകാരം പ്രിന്റിംഗ് ഇനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങളുടെ വിവക്ഷയിൽ ഉൾപ്പെടുന്നതും 1,00,000/- രൂപയിൽ കൂടുതലുമായ ഇനങ്ങളിൽ ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖ പാലിക്കാതെ ടെണ്ടർ കൂടാതെ പ്രവൃത്തികൾ നിർവ്വഹിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുണ്ട്.

2. പ്രിന്റിംഗ് പ്രവൃത്തികളുടെ ബില്ലിൽ തീയതി, എണ്ണം, നിരക്ക് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാ. മൂകാംബിക പ്രസ് സമർപ്പിച്ച ഇൻവോയിസ് നം 132- തീയതി രേഖപ്പെടുത്തിയിട്ടില്ല. (ആയതിനാൽ ഏതു വർഷത്തെ ചെലവ് എന്നത് വ്യക്തമല്ല) ഇനമായി രേഖപ്പെടുത്തിയിരിക്കുന്നത് വാർഡ് സഭ നോട്ടീസ്, കരട് ബുക്ക്, അന്തിമ ബുക്ക് പ്രിന്റിംഗ് എന്നാണ്. (ഇതിൽ നിന്നും ഏതൊക്കെ വാർഡ് സഭകളുടെ നോട്ടീസ്, എത്ര എണ്ണം, നിരക്ക് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.).

3. മേൽ പ്രോജക്ട് ചെലവ് രേഖകൾ പ്രകാരം പ്രിന്റ് ചെയ്ത് ലഭിച്ച ഇനങ്ങളുടെ സ്റ്റോക്ക് , വിതരണ വിവരം പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും (ഓഡിറ്റ് എൻക്വയറി നം.23) രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ചെലവ് സാധൂകരിക്കുന്ന രേഖകളുടെ അഭാവത്തിൽ പ്രിന്റിംഗ് പ്രവൃത്തികൾക്കായി ചെലവഴിച്ച 3,53,952/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രിന്റിംഗ് പ്രവൃത്തികൾ സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ച് നിർവ്വഹിക്കുന്നതിനും പ്രിന്റ് ചെയ്ത് ലഭിക്കുന്ന സാധനങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും നടപടി ഉണ്ടാകേണ്ടതുണ്ട്. കണക്കുകൾ/രേഖകൾ തയ്യാറാക്കലും സൂക്ഷിക്കലും വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമമായ ഇടപെടൽ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-34 റെക്കോർഡ് റൂം മാനേജ്മെന്റ് - അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്ന് വ്യത്യസ്തമായി പ്രവൃത്തി നിർവ്വഹിച്ചു - പ്രവൃത്തി സംബന്ധിച്ച ഫയൽ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

പ്രോജക്ട് നം. - 286/19

പ്രോജക്ടിന്റെ പേര് - റെക്കോർഡ് റൂം മാനേജ്മെന്റ്

അടങ്കൽ തുക – 3,50,000/-

ചെലവ്തുക – 79870/-

ബിൽ നം. തീയതി - 57/GA-23158/18-19.03.19 – 79870/-

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2018-19- വികസന ഫണ്ടിൽ 3,50,000/- രൂപ വകയിരുത്തി രൂപീകരിച്ച റെക്കോർഡ് റൂം മാനേജ്മെന്റ് പ്രോജക്ടിൽ(നം.286/19) പ്രോജക്ട് ഖണ്ഡിക 32 പ്രകാരം നിലവിലുള്ള കെട്ടിടത്തിൽ 150

ച.മീ. പ്ലിന്ത് ഏരിയയിൽ RCC foundation, Tiled floor, Solid Block wall, GI sheet roofing എന്നീ പ്രവൃത്തികൾക്കായാണ് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 11.09.18-ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ശുപാർശ ചെയ്ത് 28.09.18-ലെ 97/2018-19 നമ്പർ തീരുമാന പ്രകാരം വെറ്റിംഗ് ഓഫീസർ അംഗീകാരം നൽകിയിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർമ്മാണ പ്രവൃത്തിയായി രൂപീകരിച്ച മേൽ പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറിയും (സ.ഉ.(കൈ)17/18ത.സ്വ.ഭ.വ. തീ.02.02.18, ഖ.3.5 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്തേണ്ട ചുമതല എഞ്ചിനീയറിംഗ് വിഭാഗത്തിനാണ്.) മേൽ നോട്ടം, കണക്കുകൾ/ രേഖകൾ തയ്യാറാക്കൽ വർക്കിംഗ് ഗ്രൂപ്പിനും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ചുമതലയിൽപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി മാർഗ്ഗരേഖ പ്രകാരം മരാമത്ത് പ്രവൃത്തികളുടെ മേൽനോട്ടം മരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയിലാണ് നിർവ്വഹിക്കേണ്ടത് എന്ന മാർഗ്ഗ നിർദ്ദേശം പാലിച്ചിട്ടില്ല.

2. 07.11.18 ന് പുറപ്പെടുവിച്ച ജി4-13158/18 നമ്പർ ടെണ്ടർ പരസ്യത്തിൽ റാക്ക് നിർമ്മാണം, ഫയൽ സൂക്ഷിക്കുന്നതിനുള്ള ബോക്സുകൾ, ലേബലിംഗ്, ബൈന്റിംഗ്, ഡേറ്റാ എന്റ്രി, സോർട്ടിംഗ് എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പ്രോജക്ടിൽ നിന്ന് വിഭിന്നമായി പ്രവൃത്തി നിർവ്വഹിക്കാൻ കാരണം, ഇതിനനുസൃതമായി പ്രോജക്ട് റിവൈസ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാനും ഓഡിറ്റ് എൻക്വയറി നം.25/20.11.19-ൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

3. പ്രോജക്ട് ഫയലിൽ ലഭ്യമായ ടെണ്ടർ ഷെഡ്യൂളിൽ റാക്ക് നിർമ്മാണം മാത്രമാണ് (80,000/-) ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രോജക്ട് രൂപീകരിച്ചതിൽ നിന്ന് വിഭിന്നമായാണ് ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്. വർക്ക് സ്പ്ളിറ്റ് ചെയ്ത് ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

4. 3,00,000/- രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന പ്രവൃത്തിയുടെ ടെണ്ടർ പരസ്യം പ്രകാരം നിരതദ്രവ്യമായി നിശ്ചയിച്ചിരുന്ന തുക 8750/- രൂപയാണ്. എന്നാൽ, Quaxil consultants, Thrissur 6750/- രൂപ ഇ.എം.ഡി. അടവാക്കിയതായി ഫയൽ രേഖകൾ പ്രകാരം കാണുന്നു. ടെണ്ടർ രജിസ്റ്റർ പ്രകാരം കൃഷ്ണ കൺസൾട്ടന്റ്സ് കോട്ടയം 6750/- രൂപ അടവാക്കിയിട്ടുണ്ട്. റാക്കിന്റെ പ്രവൃത്തി നിർവ്വഹിച്ച ശ്രീ. അബ്ദുൾ സലാം 2500/- രൂപ നിരതദ്രവ്യമായി അടവാക്കിയിട്ടുള്ളതായും കാണുന്നു. ടെണ്ടറിൽ പങ്കെടുത്ത വിവിധ ഏജൻസികളുടെ/ കോൺട്രാക്ടർമാരുടെ വിശദാംശം, അടവാക്കിയ നിരതദ്രവ്യം എന്നീ വിവരങ്ങളും നിരതദ്രവ്യതുക വ്യത്യാസപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം എന്നിവയും ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മരാമത്ത് പ്രവൃത്തികൾക്ക് 2.5% നിരക്കിൽ നിരതദ്രവ്യം ഈടാക്കണമെന്ന വ്യവസ്ഥയും (സെക്ഷൻ 2007.1- മരാമത്ത് മാന്വൽ) പാലിച്ചിട്ടില്ല.

# 1-35 കാർഷിക മേഖല പ്രോജക്ടുകൾ - ആസൂത്രണത്തിലും പദ്ധതി നിർവ്വഹണത്തിലും അപാകത നിലനിൽക്കുന്നു.

പതിമൂന്നാം പഞ്ചവത്സര പദ്ധതി പ്രോജക്ട് രൂപീകരണ മാർഗ്ഗ നിർദ്ദേശം സ.ഉ.(കൈ)നം.17/2018/ ത.സ്വ.ഭ.വ തീയതി 02.02.18 7.1(എ) പ്രകാരം കാർഷിക മേഖലയിൽ ഉൾക്കൊള്ളിക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ, 2018-19

സാമ്പത്തിക വർഷം ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ പച്ചക്കറിതൈകൾ, നെൽവിത്ത്, ജൈവവളം എന്നിവ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. കാർഷിക മേഖലയിൽ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള സമഗ്രവികസനത്തിന് അനുയോജ്യമായ വൈവിധ്യമാർന്ന പ്രോജക്ടുകൾ രൂപീകരിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും നിർവ്വഹണോദ്യോഗസ്ഥനും കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പും പ്രത്യേക ശ്രദ്ധയും പ്രാധാന്യവും നൽകേണ്ടതുണ്ട്. കാർഷിക മേഖലയിലെ വിവിധ പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**(1) നെൽകൃഷി വികസനം പ്രോജക്ട് - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.**

പ്രോജക്ട് നം. - S0011/19

പ്രോജക്ടിന്റെ പേര് - നെൽകൃഷി വികസനം

അടങ്കൽ തുക – 9,69,200/-

ചെലവ്തുക – 6,04,000/-

ബിൽ നം. തീയതി.-1/10.10.18 –4,34,000/-

3/24.10.18 –1,70,000/-

നിർവ്വഹണോദ്യോഗസ്ഥൻ - അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ

നിലവിൽ കൃഷി ചെയ്തുകൊണ്ടിരിക്കുന്ന 5 ഹെക്ടർ സ്ഥലത്തും തരിശുകിടക്കുന്ന 5 ഹെക്ടർ സ്ഥലത്തുമായി ആകെ 10ഹെക്ടർ സ്ഥലത്ത് നെൽകൃഷി വികസനത്തിനായി രൂപീകരിച്ച പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**(എ). ഗുണഭോക്തൃ തെരഞ്ഞെടുപ്പ് - മാനദണ്ഡങ്ങൾ പാലിച്ചില്ല.**

നെൽകൃഷി വികസന പ്രോജക്ടിനായുള്ള ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 19 ഗുണഭോക്താക്കളെയാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ 44 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇതിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 7 പേർക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. സ.ഉ.(കൈ)17/18ത.സ്വ.ഭ.വ. തീ.02.02.18 ഖ.11.3(15) പ്രകാരം, തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ മാറ്റം ആവശ്യമുള്ള പക്ഷം, അനർഹരെ ഒഴിവാക്കുന്നതിന് വാർഡു സഭയുടെ സാധൂകരണം നേടേണ്ടതും, വാർഡ് സഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാന പ്രകാരം അർഹരെ കൂട്ടിച്ചേർക്കുന്നതിന് നടപടിയും സ്വീകരിക്കേണ്ടതുണ്ട്. ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളെ തുടർന്ന് വന്ന വാർഡ് സഭയിൽ അംഗീകാരം നൽകിയിട്ടുള്ളതിന്റെ വിശദാംശം, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം നൽകാനിടയായതിൽ വിശദീകരണം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.40/22.11.19-ന് നെൽകൃഷി ചെയ്യുന്ന എല്ലാകർഷകരും വാർഡ് സഭയിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലായിരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മറുപടിയിൽ നിന്നും ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശം [സ.ഉ (കൈ) 17/18/ത.സ്വ.ഭ.വ തീയതി 02.02.2018] ഖ.11 (3) (2)-ലെ നടപടി ക്രമം പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാതെ ആനുകൂല്യം ലഭിച്ച 37 ഗുണഭോക്താക്കളെ വാർഡുസഭയുടെ അംഗീകാരത്തോടെ ഭരണസമിതി തീരുമാനപ്രകാരം ക്രമപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ബി). മതിയായ രേഖകൾ കൂടാതെ ആനുകൂല്യം വിതരണം ചെയ്തു**

പ്രോജക്ട് ഫയൽ പ്രകാരം മതിയായ രേഖകൾ കൂടാതെയാണ് ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യ വിതരണം നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ്

എൻക്വയറി നം.40/22.11.19-ന് മറുപടി ലഭ്യമാക്കിയെങ്കിലും ചുവടെ ചേർക്കുന്ന അപാകങ്ങൾ തുടർന്നും നിലനിൽക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | അപാകം |
|---|---|---|
| 1 | ശ്രീ. ആൽജി | 36 സെന്റ് സ്ഥലത്തിന്റെ കരം രസീതാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 150 സെന്റിന് ആനുകൂല്യംനൽകി. |
| 2 | ശ്രീ. സുരേന്ദ്രൻ | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 3 | ശ്രീമതി. സുഭദ്ര | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 4 | ശ്രീ.ഹരിലാൽ | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 6 | ശ്രീ. പരമേശ്വരൻ നായർ | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 7 | ശ്രീ. ബിന്ദു കെ.എസ് | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 8 | ശ്രീ. ശ്യാം പി.ജി. | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 11 | ശ്രീ.ജോയ് | 32 സെന്റ് സ്ഥലത്തിന്റെ പാട്ടക്കരാറാണ് ലഭ്യമാക്കിയത്. എന്നാൽ ആനുകൂല്യം 140 സെന്റിന് ലഭ്യമാക്കി. പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 12 | ശ്രീമതി. ജലജ കുമാരി | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 13 | ശ്രീ. പ്രഭാകരൻ സി. | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 14 | ശ്രീ. സതീഷ് ചന്ദ്ര പിഷാരടി | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 15 | ശ്രീ. ബാബു എസ് | പാട്ടക്കരാർ പ്രകാരമുള്ള കൃഷി സ്ഥലത്തിന്റെ കരം രസീത് ലഭ്യമാക്കിയിട്ടില്ല. |
| 16 | ശ്രീമതി.അഞ്ജലി | ശ്രീമതി. രാജാംബികയുടെ പേരിലെ വസ്തുവിന്റെ കരം രസീതാണ് ലഭ്യമാക്കിയിട്ടുള്ളത്. പാട്ടക്കരാറിൽ നിന്നും വസ്തുവിന്റെ വിസ്തൃതി ലഭ്യമല്ല. |
| 17 | ശ്രീ.സത്യശീലൻ | അവ്യക്തമായ കരം രസീത് |

കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി നിർണ്ണയിച്ച് ആനുകൂല്യം അനുവദിച്ചതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(സി) <u>കൃഷി ഭവനിൽ നിന്ന് കൃഷി സ്ഥലത്തിന്റെ വിസ്തൃതി, കൃഷി ഇനം എന്നിവ പരിശോധനാ വിഷയമാക്കി ശുപാർശ രേഖപ്പെടുത്തിയിട്ടില്ല.</u>

കൃഷിഡയറക്ടറേറ്റിൽ നിന്നുള്ള സർക്കുലർ നം.ടി.എ.(1)11250/17 പ്രകാരം പാട്ടക്കരാർ ഉടമ്പടി വയ്ക്കാൻ വിമുഖത കാണിക്കുന്ന ഭൂവുടമകൾക്കും പാട്ടകർഷകർക്കും കൃഷി ഉദ്യോഗസ്ഥരുടെ വ്യക്തമായ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട നിർദ്ദിഷ്ട ആനുകൂല്യം നൽകാൻ അനുവാദം നൽകിയിട്ടുണ്ട്. കൃഷി ഭവനിൽ നിന്ന് കൃഷി സ്ഥലത്തിന്റെ വിസ്തൃതി, കൃഷി ഇനം എന്നിവ പരിശോധനാ വിഷയമാക്കി ശുപാർശ രേഖപ്പെടുത്തിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.17/2018-ത.സ്വ.ഭ.വ തീ.02.02.2018 ഖ 11.4 പ്രകാരമുള്ള പദ്ധതി പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

വ്യക്തമായ രേഖകളുടെയും കൃഷി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെയും അഭാവത്തിൽ, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി നിർണ്ണയിച്ച് ആനുകൂല്യം അനുവദിച്ചത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കേണ്ടതുണ്ട്.

കൃഷി സംബന്ധമായ പ്രോജക്ടുകളുടെ നിർവ്വഹണ വേളയിൽ തുടർവർഷങ്ങളിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് കൃഷിയും അനുബന്ധ വിഷയങ്ങളും വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മേൽ നോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

2. <u>പ്രോജക്ട് രൂപീകരണത്തിൽ നിന്ന് വ്യത്യസ്തമായി നിർവ്വഹണം നടപ്പിലാക്കി.</u>

പ്രോജക്ട് നം. - S0012/19

പ്രോജക്ടിന്റെ പേര് - കുറ്റി കുരുമുളക് കൃഷി വ്യാപനം(വനിത)

അടങ്കൽ തുക – 162750/-

ചെലവ്തുക – 156937/-

ബിൽ നം. തീയതി - 2/10.10.2018 - 1,56,937/-

കുറ്റികുരുമുളക് കൃഷി വ്യാപിപ്പിക്കുന്നതിനായി 6 തൈകൾ ഉൾക്കൊള്ളുന്ന 1 യൂണിറ്റ് എന്ന ക്രമത്തിൽ, (ഒരു ഗുണഭോക്താവിന് 1 യൂണിറ്റ്) 465 യൂണിറ്റ് വിതരണം ചെയ്യുന്നതിനായി പ്രോജക്ട് രൂപീകരിച്ചുവെങ്കിലും പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നതിൽ നിന്ന് വിഭിന്നമായി നിർവ്വഹണം നടത്തിയിരിക്കുന്നു. പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 04.08.18-ലെ കൗൺസിൽയോഗ തീരുമാനം 2 പ്രകാരം ഓരോ വാർഡിൽ നിന്ന് ആദ്യ 15 പേർക്ക് എന്ന ക്രമത്തിൽ 31 വാർഡുകളിലെ 465 ഗുണഭോക്താക്കൾക്ക് കുറ്റികുരുമുളക് യൂണിറ്റ് വിതരണം ചെയ്യാനാണ് കൗൺസിൽ നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ പ്രോജക്ട് ഫയൽ പ്രകാരം, ഗുണഭോക്തൃ ലിസ്റ്റിൽ 920 പേർ ഉണ്ടായിരിക്കെ 245 ഗുണഭോക്താക്കൾക്കായി 465 യൂണിറ്റ് വിതരണം ചെയ്തതായി കാണുന്നു. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 41/22.11.19-ന് വാർഡ് കൗൺസിൽ മുഖാന്തിരവും പത്രങ്ങൾ മുഖാന്തിരവും അറിയിപ്പ് നൽകിയിട്ടും ഗുണഭോക്താക്കൾ എത്താതിരുന്നതിനാലാണ് 245 ഗുണഭോക്താക്കൾക്കായി വിതരണം നിർവ്വഹിക്കേണ്ടി വന്നതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. അനർഹരെ ഒഴിവാക്കി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കുറ്റമറ്റ രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിച്ച് കാണുന്നില്ല.

2. സർക്കാർ അംഗീകൃത സ്ഥാപനത്തിൽ നിന്ന് ക്വട്ടേഷൻ കൂടാതെ തൈകൾ വാങ്ങി വിതരണം ചെയ്യുന്നതിന് രൂപീകരിച്ച പ്രോജക്ടിൽ, ചിറ്റുമല ബ്ളോക്ക് ഫെഡറേറ്റഡ് ക്ളസ്റ്റർ, കുണ്ടറ എന്ന സ്ഥാപനത്തിൽ നിന്നാണ് 50 രൂപ നിരക്കിൽ തൈകൾ വാങ്ങിയിട്ടുള്ളത്. ഈ സ്ഥാപനം സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം തൈകൾ വാങ്ങുന്നതിന് യോഗ്യമാണെന്നത് സാധൂകരിക്കുന്ന രേഖയുടെ പകർപ്പ് ആവശ്യപ്പെട്ടിരുന്നതിൻ പ്രകാരം ലഭ്യമാക്കിയ കൃഷി ഡയറക്ടറുടെ 22.03.16-ലെ വി.സി.56037/15 നമ്പർ കത്തിൽ ബ്ളോക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഹൈടെക്ക് പച്ചക്കറി നെഴ്സറികളിൽ നിന്നുള്ള തൈകൾ ഗുണമേന്മ ഉറപ്പുവരുത്തി വിതരണം ചെയ്യാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ സമീപ പ്രദേശങ്ങളിലെ സർക്കാർ ഫാമുകളിൽ നിന്ന് വാങ്ങുന്നതിന് മുൻഗണന നൽകുന്നതിലൂടെ ഗുണമേന്മ ഉറപ്പുവരുത്താവുന്നതാണ്.

__3.ഹരിതഭവനംപ്രോജക്ട്-മാർഗ്ഗരേഖ നിർദ്ദേശത്തിൽ നിന്ന് വ്യത്യസ്തമായി മൂല്യനിർണ്ണയം__

പ്രോജക്ട് നം. - S0179/19

പ്രോജക്ടിന്റെ പേര് - ഹരിത ഭവനം

അടങ്കൽ തുക – 11,20,000/- (വി.ഫ.) ഗുണ.വി. - 5,50,000/-

ചെലവ്തുക – 3,44,291/-

ബിൽ നം. തീയതി - 7/23.03.2019 – 268031/-
8/23.03.2019 – 76260/-

കുറഞ്ഞത് 5 സെന്റ് സ്ഥലം ഉള്ള നഗരസഭയിലെ 98 വീടുകൾ ഹരിത ഭവനം ആക്കുക എന്ന ലക്ഷ്യത്തിനായി രൂപീകരിച്ച മാർഗ്ഗരേഖ നിർദ്ദേശത്തിൽനിന്ന് വ്യതിചലിച്ചാണ് പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്. കൂടാതെ, 30 ഗുണഭോക്താക്കളെ പ്രോജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുള്ള പ്രോജക്ടിൽ പദ്ധതി മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള ഗുണഭോക്താക്കളുടെ എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം, മാലിന്യസംസ്കരണം , ഊർജ്ജസംരക്ഷണം,ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവയുടെ പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലു വർഷങ്ങളിലായി നടപ്പിലാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതുണ്ട്. ഗുണഭോക്താക്കളുടെ പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗിന് അനിവാര്യമായ എൻറോൾമെന്റ് ഫോം വാങ്ങി സൂക്ഷിക്കുന്നതിന് നടപടി ഉണ്ടാകേണ്ടതുണ്ട്.

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരം കിണർ റീ ചാർജിംഗ് പോലെ മൂല്യ നിർണ്ണയം ആവശ്യമായി വരുന്ന സംഗതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ എഞ്ചിനീയർ/ ഓവർസിയർ പരിശോധന നടത്തി എസ്റ്റിമേറ്റ് നിർണ്ണയിച്ച് തുക അനുവദിക്കേണ്ടതാണ്. മേൽ പ്രോജക്ട് നിർവ്വഹണത്തിൽ ഗുണഭോക്താക്കളുടെ കിണർ റീചാർജിംഗ് പ്രവൃത്തിയുടെ മൂല്യ നിർണ്ണയം കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് MNREGA അസി. എഞ്ചിനീയർ നിർവ്വഹിച്ച് ശുപാർശ ചെയ്തതായി കാണുന്നു. ഈ വിഷയത്തിൽ മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 50/25.11.19-ന് യഥാസമയം മുനിസിപ്പൽ എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി നൽകാത്തതിനാൽ പ്രോജക്ട് നിർവ്വഹണം പൂർത്തീകരിക്കുന്നതിനായാണ് ഇപ്രകാരം കടയ്ക്കാവൂർ ഗ്രാമ പഞ്ചായത്ത് MNREGA അസി. എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തേണ്ടിവന്നതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. യഥാസമയം മുനിസിപ്പൽ എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി നൽകാത്തത് സാധൂകരിക്കുന്ന രേഖകളോ, വിവരം മുനിസിപ്പാലിറ്റിയുടെ ശ്രദ്ധയിൽ

കൊണ്ടുവന്നതായി സാധൂകരിക്കുന്ന രേഖകളോ മറുപടിക്കൊപ്പം ഹാജരാക്കിയിട്ടില്ല. സർക്കാർ മാർഗ്ഗരേഖയിൽ നിന്ന് വ്യത്യസ്തമായി മൂല്യനിർണ്ണയം നടത്തിയത് മാർഗ്ഗരേഖയുടെ ലംഘനമായി വിലയിരുത്തുന്നു. വിഷയം കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം മൂല്യ നിർണ്ണയം നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. മേൽ അപാകങ്ങൾ പരിഹരിച്ച് വിവരം ലഭ്യമാക്കുന്നതുവരെ പ്രോജക്ടിനായി ചെലവഴിച്ച 344291/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-36 കിണർ പുനരുദ്ധാരണം - പണി പൂർത്തീകരിച്ചില്ല

പ്രോജ.നം. 29/18 - അടങ്കൽ - 1,80,000/-(എസ്.സി.പി.) , ചെലവ് - 1,23,000/-

പ്രോജ.നം. 185/19 - അടങ്കൽ - 57,000/-(എസ്.സി.പി.) , ചെലവ് - 36,000/- (സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ -പട്ടികജാതി വികസന ഓഫീസർ

നഗരസഭ പ്രദേശത്തെ 30 പട്ടികജാതി കുടുംബങ്ങൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി 6000/- രൂപ വീതം ധനസഹായം അനുവദിച്ച് കിണർ പുനരുദ്ധാരണം നടത്തുന്നതിനായി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 സാമ്പത്തിക വർഷം രൂപീകരിച്ചിരുന്ന പ്രോജക്ട് (നം.29/18). പദ്ധതി പൂർത്തിയാകാത്തതിനെ തുടർന്ന് 2018-19 സാമ്പത്തിക വർഷം സ്പിൽഓവറായി എസ്.സി.പി. ഫണ്ടിൽ നിന്ന് 57,000/- രൂപ വകയിരുത്തി 185/19 നമ്പരായി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. ഒന്നാം ഗഡു 3000/- രൂപ കൈപ്പറ്റിയശേഷം ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾ 2018-19 സാമ്പത്തിക വർഷവും പണി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പേര്, അഡ്രസ് | ബിൽ നം. |
|---|---|---|
| 1 | ശ്രീമതി.ശർമ്മിള ബി., ചരുവിളവീട്, വലിയകുന്ന്, ആറ്റിങ്ങൽ | (ബിൽ നം.14/wm /m/scp / 2017-18 /19.10.17) |
| 2. | ശ്രീമതി.ചെല്ലമ്മ, തട്ടാൻവിള വീട്, ദേവസ്വം കോളനി, ആറ്റിങ്ങൽ | (ബിൽ നം.14/wm/ m/scp / 2017-18 /19.10.17) |
| 3 | ശ്രീമതി. ലീല ആർ., സിന്ധു ഭവൻ, കൊട്ടിയോട്, ആറ്റിങ്ങൽ | (ബിൽ നം.14/wm / m/scp / 2017-18/19.10.17) |
| 4 | ശ്രീമതി. ഇന്ദിര, പ്ളാക്കോട്ടുകോണം, മൂന്നുമുക്ക്, ആറ്റിങ്ങൽ | (ബിൽ നം.18/wm/ m/scp / 2017-18/04.11.17) |
| 5 | ശ്രീമതി. ശകുന്തള, സുബിയ നിവാസ്, രാമച്ചംവിള,ആറ്റിങ്ങൽ | (ബിൽനം.47/wm/m/scp/ 2017-18/23.01.18) |
| 6 | ശ്രീമതി.സരോജംഎ,വിളയിൽവീട്, ഗ്രാമത്തുംമുക്ക്, അവനവൻചേരി, ആറ്റിങ്ങൽ | (ബിൽനം.85/wm/ m/ scp / 2017-18 /20.03.18) |
| 7 | ശ്രീ.ബാഹുലേയൻ, ചരുവിളപുത്തൻവീട്, വലിയകുന്ന്, ആറ്റിങ്ങൽ | (ബിൽനം.215/wm/m/scp / 2018-19/ 24.01.19) |

കിണർ പുനരുദ്ധാരണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീരിക്കേണ്ടതാണ്.

## 1-37 റവന്യു ഡേറ്റാ ബേസ് തയ്യാറാക്കൽ രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം. – 233/19

അടങ്കൽ തുക -1,08,162/- (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് -7800/-രൂപ

ഫയൽ നം. -ജി4 -9926/2017

ബിൽ നം. -18010647000301302670/06.03.2019

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ഫയൽ നം. ജി4-9926/2017 പരിശോധിച്ചതിൽ, 25.09.2013-ലെ സ.ഉ.(ആർ.ടി.)2380/2013/ ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിലേക്കുള്ള റവന്യൂ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനായി രൂപീകരിച്ച മേൽ പ്രോജക്ടിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.19/15.11.19-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനയിൽ കണ്ടെത്തിയ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. റവന്യൂ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനായുള്ള പ്രോജക്ട് 2016-17 സാമ്പത്തിക വർഷം രൂപീകരിച്ചതായാണ് ഫയലിൽ നിന്ന് വ്യക്തമാകുന്നത്. എന്നാൽ 2018-19-ലും സ്പിൽ ഓവറായി പ്രോജക്ട് തുടരുന്നു. 02.02.18-ലെ പദ്ധതി മാർഗ്ഗരേഖ നം.17/ത.സ്വ.ഭ.വ. പ്രകാരം സ്പിൽ ഓവർ വർഷം പ്രോജക്ട് പൂർത്തിയാക്കേണ്ടതാണെന്ന നിബന്ധന പാലിച്ചിട്ടില്ല. റവന്യൂ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനായി ഇതുവരെ രൂപീകരിച്ച പ്രോജക്ടുകൾ, ചെലവഴിച്ചതുക എന്നിവയുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

2. റവന്യൂ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ആർടെക് സൊല്യൂഷൻസുമായി 22.08.17-ന് ഏർപ്പെട്ട കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരണത്തിന് 9 മാസമാണ് അനുവദിച്ചിരുന്നത് (Data entry work 31.03.2018- നം 5/18-ന് കരാർ പ്രകാരമുള്ള പ്രവൃത്തികളും പൂർത്തീകരിക്കേണ്ടിയിരുന്നു). പ്രവൃത്തി 2018-19 കാലഘട്ടത്തിലും പൂർത്തീകരിച്ചതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരണ തീയതി, പൂർത്തീകരണ തീയതി നീളുവാൻ കാരണം എന്നിവ ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം.19/15.11.19).

3. 25.09.2013-ലെ സർക്കാർ ഉത്തരവ് പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിലേക്കുള്ള റവന്യൂ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനായി എന്റർ ചെയ്യുന്ന വിവരങ്ങളുടെ വെരിഫിക്കേഷൻ നടത്തുന്നതിന് ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവിന് അർഹതയുണ്ട്. രേഖകൾ പ്രകാരം റവന്യൂ ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയ ആർടെക് സൊല്യൂഷൻസിന് വെരിഫിക്കേഷൻ നടത്തുന്നതിന് തുക അനുവദിച്ചതായി കാണുന്നു. എന്നാൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

പ്രോജക്ടിന്റെ വിശദാംശങ്ങൾ, രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-38 ക്ലോത്ത് ബാഗ് നിർമ്മാണ യൂണിറ്റ് - പ്രവർത്തനം തൃപ്തികരമല്ല

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പാക്കിയ പദ്ധതിയായിരുന്നു ക്ലോത്ത് ബാഗ് നിർമ്മാണവും യൂണിറ്റ് രൂപീകരണവും. പദ്ധതിയുടെ ആകെ അടങ്കൽ തുക 900000/- രൂപയായിരുന്നു (വികസന ഫണ്ട് -3,00,000/- ബാങ്ക് വായ്പ 6,00,000/-).

ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട 6 വനിതകൾക്ക് ക്ലോത്ത് ബാഗ് നിർമ്മാണ യൂണിറ്റ് രൂപീകരിച്ച് സ്വയം പര്യാപ്തത കൈവരിക്കുകയായിരുന്ന പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതി പ്രകാരം 6 വനിതാ ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് 50000/- രൂപ വീതം ബാക്ക് എൻഡ് സബ്സിഡിയായി നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഗുണഭോക്താക്കൾ ഓരോരുത്തരും യൂണിറ്റ് 5 വർഷം നടത്തിക്കൊള്ളാമെന്നും ബാങ്ക് വായ്പ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സബ്സിഡി തുക നഗരസഭയ്ക്ക് തിരികെ നൽകാം എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സബ്സിഡി തുകയായ 50000/-രൂപ ഓരോ വ്യക്തിയുടേയും പേരിൽ സ്ഥിരനിക്ഷേപമായാണ് നൽകിയിട്ടുള്ളത്.

പ്രസ്തുത പദ്ധതി പ്രകാരം ബാങ്ക് വായ്പയായി 90000/- രൂപ വീതമാണ് 6 ഗുണഭോക്താക്കൾക്ക് അനുവദിച്ചതായി കാണുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ പാസ് ബുക്ക് പ്രകാരം ഓരാ ഗുണഭോക്താവിന്റെയും അക്കൗണ്ടിൽ 60,000/- രൂപ വീതം മാത്രമാണ് വരവുള്ളത്. ബാങ്ക് വായ്പ അനുവദിച്ച ഉത്തരവിൽ ബാക്കി 30,000/- രൂപ വർക്കിംഗ് ക്യാപ്പിറ്റലായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 6 ഗുണഭോക്താക്കളുടെയും നാളിതുവരെയുള്ള തിരിച്ചടവ് സംബന്ധിച്ച ബാങ്ക് സ്റ്റേറ്റ്മെന്റുകൾ ബാങ്കിൽ നിന്നും ലഭ്യമാക്കിയത് പരിശോധിച്ചതിൽ നാമമാത്രമായ തുക മാത്രമാണ് ഗുണഭോക്താക്കൾ തിരിച്ചടച്ചിട്ടുള്ളത് എന്ന് കാണുന്നു. കൂടാതെ യൂണിറ്റിനാവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനനുവദിച്ച വർക്കിംഗ് ക്യാപ്പിറ്റൽ ഗുണഭോക്താക്കളാരും തന്നെ ഇതുവരെ കൈപ്പറ്റിയിട്ടുമില്ല. ഇതിൽ നിന്നും യൂണിറ്റുകൾ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല എന്നും തൻമൂലം ഗുണഭോക്താക്കൾക്ക് തിരിച്ചടവിനുള്ള തുക ലഭ്യമാകുന്നില്ല എന്നും വ്യക്തമാകുന്നു.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45/23.11.2019) ഗുണഭോക്താക്കൾക്ക് ക്ലോത്ത് ബാഗിന് ഓർഡറുകൾ കിട്ടിത്തുടങ്ങുന്നതേയുള്ളുവെന്നും ഓർഡറുകൾ കിട്ടുന്ന മുറയ്ക്ക് അവർ വർക്കിംഗ് ക്യാപ്പിറ്റൽ ഉപയോഗിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിട്ടുള്ള നഗരസഭയിൽ ക്ലോത്ത് ബാഗ് വിപണനത്തിന് അനന്തമായ സാധ്യതകളാണുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥനും, ചെറുകിട വ്യവസായം വർക്കിംഗ് ഗ്രൂപ്പും, വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ഫലപ്രദമായ മോണിട്ടറിംഗ് നടത്തേണ്ടതും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.

## 1-39 പ്രവർത്തനം ആരംഭിക്കാത്ത വനിത ഹോസ്റ്റലിലേക്ക് ഫർണിച്ചർ വാങ്ങൽ

(1) പ്രോജക്ട് നമ്പർ -SO 252/19
നിർവഹണം - അസി. എഞ്ചിനീയർ
എസ്റ്റിമേറ്റ് തുക -500000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)
ക്വോട്ട് ചെയ്തത് - 423100
ചെലവ് -423100/- രൂപ
ബിൽ വിവരം -72/16-1-2019
എം.ബുക്ക് നം. - 129/17-18
കരാറുകാരൻ -ശ്രീ അബ്ദുൽ സലാം എം
എഗ്രിമെന്റ് 5/AE/AMC/LSGD17-18/ തീയതി 30-08-2018

2017-18 ൽ നിർമാണം ആരംഭിച്ച് 2018-19 ൽ പണി പൂർത്തിയാക്കിയിട്ടുള്ളതും എന്നാൽ നാളിതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതുമായ വനിതാ ഹോസ്റ്റലിലേക്ക് 4,23,100/-രൂപ ചെലവഴിച്ച് 16 സ്റ്റീൽ അലമാര, 24 സ്റ്റീൽ കട്ടിൽ, 40 ഫൈബർ കസേരകൾ, 24സ്റ്റഡി ടേബിൾ, 1 ഡൈനിംഗ് ടേബിൽ മുതലായ ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ ഫർണിച്ചറുകളിൽ 5 സ്റ്റഡി ടേബിളും 5 സിംഗിൾ സീറ്റഡ് ഫൈബർ കസേരകളും ഓൾഡ് എഞ്ചിനീയറിംഗ് സെക്ഷനിലേക്ക് കൈമാറുകയും ചെയ്തു. ബാക്കി ഫർണിച്ചറുകൾ വനിതാ ഹോസ്റ്റൽ കെട്ടിടത്തിൽ സൂക്ഷിച്ചിരിക്കുന്നതായി 23-11-2019 ൽ എഞ്ചിനീയറിംഗ് വിഭാഗത്തോടൊപ്പം നടത്തിയ സ്ഥല പരിശോധനയിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. വനിതാഹോസ്റ്റലിന്റെ പ്രവർത്തനം നാളിതുവരെയും ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു.

ഫർണിച്ചർ വാങ്ങൽ സംബന്ധിച്ച അപാകതകൾ താഴെപ്പറയുന്നു.

1. ബന്ധപ്പെട്ട ഇൻവോയ്സ്, ബിൽ, കൈപ്പറ്റ് രസീത് ഇവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.ഫർണിച്ചറുകളുടെ ആവശ്യകത നിർണയം നടത്തിയതിന്റെയും വാങ്ങൽ നടപടിക്രമങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തിയതും സംബന്ധിച്ച പ്രൊക്വയർമെന്റ് കമ്മിറ്റി മിനിട്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 6 ൽ ഫർണിച്ചറുകൾ വനിതാ ഹോസ്റ്റലിലേക്ക് കൈമാറി എന്ന് രേഖപ്പെടുത്തിയെങ്കിലും ഉപകരണങ്ങൾ ആര് കൈപ്പറ്റി എന്നത് സംബന്ധിച്ച വ്യക്തത ഇല്ല.

4. വനിതാ ഹോസ്റ്റലിലേക്ക് വാങ്ങിയ ഫർണിച്ചർ മറ്റ് സെക്ഷനിലേക്ക് കൈമാറി.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 38/22-11-2019) വനിതാ ഹോസ്റ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ റവന്യൂ സെക്ഷനിൽ നടന്നുവരികയാണെന്നും നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറക്ക് പ്രസ്തുത ഫർണിച്ചറുകൾ കൈമാറ്റം ചെയ്യുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മുകളിൽ പറയുന്ന കാരണങ്ങളാൽ ഫർണിച്ചർ വാങ്ങുന്നതിന് ചെലവഴിച്ച 423100/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

(2) ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക്കിന് സമീപമാണ് നഗരസഭ നിർമ്മിച്ച വനിതാ ഹോസ്റ്റൽ സ്ഥിതി ചെയ്യുന്നത്. വിദൂര സ്ഥലങ്ങളിൽ നിന്നും ആറ്റിങ്ങലിൽ വന്ന് ജോലി ചെയ്യുന്ന വനിതകൾക്കും, പഠനാവശ്യങ്ങൾക്കായി എത്തിച്ചേരുന്ന വിദ്യാർത്ഥിനികൾക്കും ഭാവിയിൽ ഏറെ പ്രയോജനപ്പെടുന്ന ഒരു സ്ഥാപനമാണിത്. 2018-19 കാലയളവിൽ വനിതാ ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സിവിൽ വർക്കുകൾ നേരത്തേ തന്നെ പൂർത്തീകരിച്ച പ്രസ്തുത കെട്ടിടത്തിൽ 2017-18, 2018-19എന്നീ വർഷങ്ങളിൽ നിർമ്മാണപൂർത്തീകരണത്തിനായി 16,78,520/- രൂപാ ചെലവഴിച്ചിട്ടുണ്ട്. ഹോസ്റ്റൽ നിർമ്മാണം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.54/25.11.2019) നാളിതുവരെ 67,99,322/- രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019 നവംബർ 23 ാം തീയതി എഞ്ചിനീയറിംഗ് വിഭാഗം, ഓഡിറ്റ് ടീം എന്നിവർ നടത്തിയ സ്ഥല പരിശോധനയിൽ വനിതാ ഹോസ്റ്റൽ ഇതുവരെയും പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്ന് കണ്ടു. ഹോസ്റ്റലിന്റെ ബൈലാ രൂപീകരണം, ജീവനക്കാരുടെ നിയമനം, പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്നിവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയില്ല. ഹോസ്റ്റൽ അടിയന്തിരമായി പ്രവർത്തനം ആരംഭിക്കാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും നഗരസഭയും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-40 ഡി പി സി അംഗീകാരം നേടുന്ന പദ്ധതികൾ നടപ്പിലാക്കുന്നില്ല

1.സ്പിൽ ഓവർ ഉൾപ്പെടെ ആകെ 149 പദ്ധതികൾ നടപ്പിലാക്കുന്നതിനായാണ് തൻവർഷം അംഗീകാരം വാങ്ങിയെങ്കിലും 106 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ മൊത്തം അടങ്കൽ തുകയായി 6,56,47,247/-രൂപ വകയിരുത്തിയതിൽ 4,24,35,263/-രൂപ മാത്രമേ ചെലവാക്കാനായുള്ളൂ.

വലിയ പ്രോജക്ടുകളിൽ ടെണ്ടർ നടപടികൾ കൈക്കൊണ്ടെങ്കിലും ആരും തന്നെ ടെണ്ടർ സമർപ്പിച്ചിട്ടില്ലായെന്നും മാർച്ച് മാസത്തോടുകൂടിയാണ് കരാറുകാർ ഏറ്റെടുത്തിട്ടുള്ളതെന്നും മെറ്റീരിയൽ ലഭ്യതക്കുറവ് മൂലമാണെന്നും ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/21-11-2019) മറുപടി നൽകി. പദ്ധതി പണം പാഴാകാതിരിക്കാൻ വകയിരുത്തുന്ന ഫണ്ടുകളുടെ പൂർണമായ വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

2. ചുവടെ ചേർക്കുന്ന പദ്ധതികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. ജി.ഒ.(എം.എസ്) 72/2017/ത.സ്വ.ഭ.വ. തീയതി 29-3-2017, പദ്ധതി മാർഗരേഖ ഖണ്ഡിക6.8(2) ൽ സ്പിൽ ഓവറാകുന്ന പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | SO 250/19 | മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റിനുള്ളിലെ റോഡിന്റെ റിപ്പയിറിംഗ് ജോലികൾ | 102055(റോഡ്) |
| 2 | SO 251/19 | എല്ലാ സ്കൂളുകളിലും പാചകപ്പുര നവീകരണവും ഡൈനിംഗ് ഹാൾ നവീകരണവും | 570000 ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| 3 | SO257/19 | വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ഷീ ടോയ്ലറ്റ് നിർമാണം | 550000 (വികസനഫണ്ട്) |
| 4 | SO 261/19 | കുടിവെള്ള വിതരണം | 200000 (വികസനഫണ്ട്) |

ഓഡിറ്റ് എൻക്വയറിക്ക് (നം.27/21.11.2019) നൽകിയ മറുപടിയിൽ ക്രമ നം. 1 ലെ പ്രോജക്ട് ഉപേക്ഷിച്ച് പുതിയ പ്രോജക്ട് തയ്യാറാക്കിയെന്നും ക്രമ നം. 2, 3, 4 ലെ പ്രോജക്ടുകൾ മറ്റ് ചില കാരണങ്ങളാൽ ഉപേക്ഷിച്ചുവെന്നും മറുപടി നൽകി. സ്പിൽ ഓവറാകുന്ന പദ്ധതികൾ ഉപേക്ഷിക്കുന്ന പ്രവണത ഒഴിവാക്കുന്നതിനും സ്പിൽ ഓവറാകുന്ന പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കാനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-41 കരാറുകാർക്ക് ജി എസ് ടി കോമ്പൻസേഷൻ അനുവദിക്കുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല

സർക്കുലർ നം. ഡി ബി 3/9058/17/ സി. ഇ/ ത.സ്വ.ഭ.വ തീയതി 27-11-2017 പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ തിരികെ നൽകേണ്ടുന്ന എല്ലാ പ്രവർത്തികളുടെയും പേരും ജി എസ് ടി തുകയും ഉൾപ്പെടുന്ന ഒരു ഒറ്റ പ്രോജക്ട് തയ്യാറാക്കുകയും കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ പരിശോധിച്ചാണ് ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടത്.

അസി. എഞ്ചിനീയർ നിർവഹിച്ച ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പേയ്മെന്റ് നൽകിയതിൽ മേൽ വ്യവസ്ഥ പാലിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് , പേര്,നമ്പർ | കരാറുകാരന്റെ പേര് | കോമ്പൻസേഷൻ നൽകിയ തുക | ബിൽ നമ്പർ, തീയതി, തുക |
|---|---|---|---|---|
| 1 | SO 235/19, ഉഷസ്സ് ആദിക്ക് റോഡ് റീടാറിംഗ് | ശ്രീ സജീഷ് കുമാർ | 25732/-രൂപ | 33/1-6-18, തുക565926/- രൂപ |
| 2 | SO 237/19, നവോദയ കുന്നിൽ റോഡ് റീടാറിംഗ് | ശ്രീ നവാസ് | 5128/-രൂപ | 32/1-6-18, തുക 113095/- രൂപ |
| 3 | SO 245/19, അട്ടക്കുളം ഐ റ്റി ഐ റോഡ് ടാറിംഗ് ,റീടാറിംഗ് | ശ്രീ നവാസ് | 7856/- രൂപ | 34/1-6-18, തുക 179998/- രൂപ |
| 4 | SO 246/19, കോല്ലമ്പുഴ കോട്ടപ്പുറം റോഡിലെ റീടാറിംഗ് | ശ്രീ നവാസ് | 6427/-രൂപ | 27/1-6-18, തുക 141814/- രൂപ |
| 5 | SO 210/19, കാഞ്ഞിരംകോണം റോഡ് റീടാറിംഗ് | ശ്രീ നവാസ് | 8722/- | 15/16-5-18, തുക 192142/- രൂപ |

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/20-11-19) കരാറുകാർ ജി. എസ്.ടി ഫയൽ ചെയ്യുന്നത് ക്വാർട്ടർലി ക്രമത്തിലായതിനാൽ കോമ്പൻസേഷൻ നൽകുന്നതിന് മുൻപായി ജി.എസ്. ടി അടച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുകയില്ല എന്നാണ് മറുപടി നൽകിയത്. എന്നാൽ മേൽ സർക്കാർ ഉത്തരവിൽ ജി.എസ്.ടി ഇനത്തിൽ കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ കോമ്പൻസേഷൻ അനുവദിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ ഉത്തരവ് പാലിച്ചുകൊണ്ട് കോമ്പൻസേഷൻ അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ ജി.എസ്.ടി തുക കരാറുകാർ അടച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

# 1-42 ബിറ്റുമിൻ - സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ്

ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 2018-19 കാലയളവിൽ ബിറ്റുമിൻ വാങ്ങിയിട്ടില്ലഎന്ന് കാണുന്നു. 15.02.2018 ലെ ഇൻവോയിസ് പ്രകാരമാണ് അവസാനമായി ബിറ്റുമിൻ വാങ്ങിയിട്ടുള്ളത് . 2017-18 കാലയളവിൽ വാങ്ങിയ സ്റ്റോക്ക് 2018-19 ലെ ഏതാനും ടാറിംഗ് പ്രവൃത്തികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. രജിസ്റ്റർ പരിശോധനയിൽ 8.125 ബാരൽ VG 30, 1.462 ബാരൽ RS 1 എന്നിവ നീക്കിയിരിപ്പുള്ളതായി കാണുന്നു.

# 1-43 പച്ചംകുളം റോഡ് കിഴക്കുംപുറം റോഡിൽ വെള്ളക്കെട്ടുള്ള ഭാഗം ഇന്റർലോക്കിംഗ് - പ്രവൃത്തി പൂർത്തീകരണ കാലതാമസത്തിന് പിഴ ഈടാക്കിയില്ല

പ്രോജക്ട് നമ്പർ -SO 247/19

എസ്റ്റിമേറ്റ് തുക -609000/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ക്വോട്ട് ചെയ്തത് -608039.99

ചെലവ് -548346/- രൂപ

ബിൽ വിവരം -37/1-6-18

എം.ബുക്ക് നം. - 191/17-18

കരാറുകാരൻ -ശ്രീ ബിനേഷ് ജി എസ്

എഗ്രിമെന്റ് 76/AE/AMC/LSGD17-18/ തീയതി 14-11-2017

14-11-2017 ലെ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി 3 മാസത്തിനകം (13-2-2018 നകം) പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ പണി പൂർത്തീകരിച്ചിട്ടുള്ളത് 20-3-2018 ൽ മാത്രമാണ്. കരാറുകാരന്റെ പിഴവ് മൂലം മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പി.എ.സി യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. ത.സ്വ.ഭ. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ. സി 2/ 223/15 സർക്കുലർ പ്രകാരം കരാറുകാർ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യ 3 മാസത്തേക്ക് 1%, തുടർന്നുള്ള ഓരോ 3 മാസത്തേക്കും 2% നിരക്കിലും പിഴ ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. പ്രവർത്തി ദീർഘീകരണത്തിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുമില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 28/20-11-2019) കരാറുകാരന്റേതല്ലാത്ത കാരണത്താലായതിനാലാണ് പിഴ ഈടാക്കാതിരുന്നതെന്ന് മറുപടി നൽകി. എന്നാൽ കാലതാമസം വന്നതിന് അത്തരത്തിലുള്ള കാരണങ്ങൾ ഒന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം വന്ന കരാറുകാരനിൽ നിന്നും പിഴ തുകയായി 1% നിരക്കിൽ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

# 1-44 മെഹ്ഫിൽ ഇടവഴി ഇന്ററർ ലോക്കിംഗ് പ്രവർത്തി - എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ ഇവ വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി - തുക നിരാകരിക്കുന്നു

വിശദവിവരം ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-45 ഡ്രെയിനേജ് പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് കൈയേറ്റം - ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് ഒരു ഗഡു ഈടാക്കി

(ഫയൽ നം.PW24119/18)

ആറ്റിങ്ങൽ നഗരസഭാ പരിധിയിലെ പാർവതീപുരം ഗ്രാമത്തിൽ ബേബി നിവാസിൽ ശ്രീമതി ബേബി, മുനിസിപ്പൽ റോഡ് കയ്യേറി ഡ്രെയിനേജ് പൈപ്പ് സ്ഥാപിച്ചതായും 19 മീറ്റർ നീളത്തിലും 0.50 മീറ്റർ വീതിയിലുമുള്ള റോഡ് നഗരസഭയുടെ അനുമതിയില്ലാതെ കട്ട് ചെയ്തത് മൂലം 44,466/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുള്ളതിനാൽ ടി തുക കക്ഷിയിൽ നിന്നും ഈടാക്കുന്നതിന് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 15-9-2018 (3) തീരുമാനം പ്രകാരം നഗരസഭ കൗൺസിലിലേക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ജനറൽ കൗൺസിലിന്റെ 5-11-2018 ലെ 7ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത തുക ഈടാക്കുന്നതിന് നഗരസഭയിൽ നിന്നും കക്ഷിക്ക് പലതവണ കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. നഷ്ടതുക ഒടുക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 62/27-11-2019) നൽകിയപ്പോൾ ടിയാൾ 12000/- രൂപ 28-11-2019 ലെ 119010-106549 നമ്പർ രസീത് പ്രകാരം അടവാക്കിയതായി മറുപടി നൽകി. ടിയാൾ ഇനിയും അടക്കാൻ ബാക്കിയുള്ള 32,466/- (44466-

12000)രൂപ അടിയന്തരമായി നഗരസഭ ഫണ്ടിൽ ഒടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വിഷയത്തിൽ മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-46 ആലംകോട് ഫിഷ് മാർക്കറ്റിലെ ട്രീറ്റ്മെന്റ് പ്ലാന്റ് - തുടർ പരിപാലനം ഉറപ്പാക്കണം

പ്രോജക്റ്റ് നം. -എസ് . ഒ. 188/19

നിർവഹണം -അസി.എഞ്ചിനീയർ

അടങ്കൽ തുക - 1700000

ചെലവ്തുക - 1642353

ബിൽ 1) 6/ 25-5-18, തുക 9,21,293/- രൂപ

2) 40/5-10-18, തുക 42,560/-രൂപ

3) 115/14-3-19, തുക 6,78,500/-രൂപ

ഫയൽ നം. PW1/15908/17(1)

ആലംകോട് ഫിഷ് മാർക്കറ്റിൽ ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് മലിനജലം ശുദ്ധീകരിച്ച് പുറത്തേക്ക് വിടുന്നതിനായി സിവിൽ വർക്കിനും മെഷിനറി വർക്കിനുമായി 17 ലക്ഷം രൂപ വകയിരുത്തിയാണ് പ്രോജക്റ്റ് ആവിഷ്കരിച്ചത്. സിവിൽ വർക്കിനു വേണ്ടി 9,63,853/-രൂപയും മെഷിനറി വർക്കിനുവേണ്ടി 6,78,500/-രൂപയും ചെലവായിട്ടുണ്ട്. മെഷിനറി വർക്ക് നിർവഹിച്ചത് സീറോ പൊല്യൂഷൻസ് എന്ന ഏജൻസിയാണ്.

ശുചിത്വമിഷൻ ഡയറക്ടറുടെ 20-03-2017 ലെ 1198/G/2016/SM നമ്പർ ഉത്തരവിലെ നിബന്ധന 10 പ്രകാരം സ്ഥാപിക്കുന്ന പ്ലാന്റുകളുടെ O&M കുറഞ്ഞത് 10 വർഷമെങ്കിലും ഏറ്റെടുത്ത് നടപ്പാക്കാൻ സേവനദാതാക്കൾ തയ്യാറാകേണ്ടതും ത.സ്വ.ഭ സ്ഥാപനവുമായി അപ്രകാരം കരാറിൽ ഏർപ്പെടേണ്ടതുമാണ്. ആലംകോട് മാർക്കറ്റിന്റെ O&M പ്രസ്തുത വർക്ക് ചെയ്ത സീറോ പൊല്യൂഷൻസിന് ശുചിത്വമിഷന്റെ അംഗീകാരത്തോടെ നൽകണമെന്ന് മുനി. എക്സി. എഞ്ചിനീയർ 11-6-2019 ൽ ബന്ധപ്പെട്ട ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെയായും കരാർ ചമച്ച് കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 66/28-11-2019) പ്ലാന്റിന്റെ O&M വർക്കിന് 10 വർഷത്തേക്ക് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അറിയിച്ചെങ്കിലും ആദ്യത്തെ 3 വർഷത്തേക്ക് ഇപ്പോൾ എഗ്രിമെന്റ് വയ്ക്കാമെന്നും തുടർന്നുള്ള വർഷത്തേക്ക് എഗ്രിമെന്റ് പുതുക്കി O&M തുടരാമെന്നും അറിയിച്ചിട്ടുണ്ടെന്നും സീറോ പൊല്യൂഷൻസ്

എഗ്രിമെന്റ് രേഖകൾ ഹാജരാക്കുന്ന മുറക്ക് കൗൺസിൽ അംഗീകാരത്തോടെ എഗ്രിമെന്റ് വച്ച് O&M സീറോ പൊല്യൂഷൻസിന് കൈമാറുന്നതാണെന്നും മറുപടി നൽകി.

പ്ലാന്റിന്റെ തുടർപരിപാലനം ഉറപ്പ് വരുത്തുന്നതിന് ശുചിത്വമിഷൻ ഡയറക്ടറുടെ മേൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നിർവഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-47 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല. 11364/- രൂപ നിരാകരിക്കുന്നു

വിശദവിവരം ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-48 എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്ത് കരാറുകാരന് അധിക തുക നൽകി - 36132/- രൂപ നിരാകരിക്കുന്നു.

വിശദവിവരം ഖണ്ഡിക 3-3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-49 മുനിസിപ്പൽ ഓഫീസിൽ ക്യാബിൻ നിർമ്മാണം - അന്തിമ ബിൽ റബ്കോ സമർപ്പിച്ചില്ല.

പ്രോജക്ട് നം. - 192/19

പ്രോജക്ടിന്റെ പേര് - മുനിസിപ്പൽ ഓഫീസിൽ ക്യാബിൻ നിർമ്മാണം

അടങ്കൽ തുക - 600000/-( വികസന ഫണ്ട് - പൊ.വി.)

ചെലവ്തുക - 423856/-

ബിൽ നം. തീയതി - 3/18-19 , 25.05.2018

നിർവ്വഹണ ഏജൻസി - Kerala State Rubber Co-Operative Ltd (Rubco)

കരാർ നമ്പർ - 145/AEE/AMC/LSGD/17-18 തീയതി. 26.03.2018

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

1. റബ്കോ അന്തിമ ബിൽ സമർപ്പിച്ച് ഫൈനൽ ബിൽ തുക ഇതുവരെയും കൈപ്പറ്റിയിട്ടില്ല.

2. Retention തുകയായ 105186/- രൂപ ഇപ്പോഴും നഗരസഭ ഫണ്ടിൽ നിലനിൽക്കുന്നു.

3. കരാർ വ്യവസ്ഥ നം. 5 പ്രകാരം 26.03.2018 ൽ സൈറ്റ് കൈമാറിയ പ്രസ്തുത പ്രവൃത്തി 120 ദിവസത്തിനകം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

4. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ്/ മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

റബ്കോയിൽ നിന്ന് അന്തിമ ബിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. മരാമത്ത് കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-50 സോളാർ പാനൽ സ്ഥാപിച്ചില്ല. 4271103/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 205/19

പ്രോജക്ടിന്റെ പേര് - കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കൽ

അടങ്കൽ തുക - 4271103/-( ധന. കമ്മീഷൻ അവാർഡ്.)

ചെലവ്തുക - 4271103/-

ബിൽ നം. തീയതി.- 4/18-19 , 26.05.2018

നിർവ്വഹണ ഏജൻസി - Kerala State Electricity Board Ltd

കരാർ നമ്പർ - MOU No. 15/18-19 തീയതി 21.01.2019

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിപ്രകാരം നഗരസഭയുടെ കീഴിലുള്ള ആറ്റിങ്ങൽ ഗവൺമെന്റ് ബോയ്സ് ഹയർസെക്കൻഡറി സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി 27.05.2018 ൽ 42,71,103/- രൂപ KSEB ക്ക് നൽകി. എന്നാൽ സോളാർ പാനൽ (56kwp grid connected solar photo voltic power project in the roof top)ഇതുവരെയും സ്ഥാപിച്ചിട്ടില്ല. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 27.05.2018 ൽ തുക കൈമാറിയിട്ട് 21.01.2019 ൽ മാത്രമാണ് നഗരസഭ KSEB യുമായി കരാറിൽ ഏർപ്പെട്ടത് എന്ന് കാണുന്നു. ഇത്രയും കാലതാമസം വന്നതിന്റെ കാരണം വ്യക്തമല്ല. കൂടാതെ 21.01.2019 ലെ കരാർ പ്രകാരം 90 ദിവസത്തിനകം മത്സരാധിഷ്ഠിത ടെണ്ടർ ക്ഷണിച്ച് വർക്ക് അവാർഡ് ചെയ്യുമെന്നും തുടർന്ന് 180 ദിവസത്തിനകം പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുമെന്നും വ്യവസ്ഥ ചെയ്തിരുന്നു. പ്രസ്തുത തീരുമാനം നടപ്പാക്കിയിട്ടില്ല.

10.10.2019 ലെ PW3- 5377/18-ാം നമ്പർ കത്തിൽ നഗരസഭാ സെക്രട്ടറി കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയ കത്തിൽ 27.05.2018 ൽ തുക കൈമാറിയിട്ടും ഇതുവരെയും പദ്ധതി തുടങ്ങിയിട്ടില്ല എന്നും നഗരസഭയ്ക്ക് ഇതു സംബന്ധിച്ച് വൻ നഷ്ടമാണ് ഉണ്ടായിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 23.11.2018 ലെ കൗൺസിൽ തീരുമാനപ്രകാരം കാലാവധിക്കുള്ളിൽ പണി പൂർത്തിയായിട്ടില്ലെങ്കിൽ നഷ്ടപരിഹാരം ഈടാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട് . പ്രസ്തുത വിവരം KSEB യെ അറിയിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നം.46/25.11.2019) കെ.എസ്.ഇ.ബി. യുടെ ടെണ്ടർ നടപടികൾക്കുണ്ടായ കാലതാമസമാണ് പദ്ധതി നടപ്പാക്കാത്തതിന്റെ കാരണമെന്നും ഇതുമായി ബന്ധപ്പെട്ട് കത്ത് നൽകിയപ്പോൾ ടെണ്ടർ ഇവാല്യുവേഷൻ പ്രവൃത്തി നടന്നു വരുന്നുവെന്ന് കെ.എസ്.ഇ.ബി. അറിയിച്ചതായും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി പൂർത്തിയാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.യിൽ നിന്നും കാലതാമസം കണക്കാക്കി നഷ്ടപരിഹാരം ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാൻ നഗരസഭ നടപടികൾ സ്വീകരിക്കേണ്ടതും അന്തിമ ബിൽ ക്രമീകരിക്കുമ്പോൾ തുക കൈമാറിയ 27.05.2018 മുതൽ 180 ദിവസങ്ങൾക്ക് ശേഷം അധികരിച്ച ദിവസങ്ങൾക്ക് കെ.എസ്.ഇ.ബി.യിൽ നിന്നും പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതിന് നഷ്ടപരിഹാരവും ഈടാക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരിക്കുന്നതു വരെ പദ്ധതിക്ക് ചെലവായ 4271103/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-51 തെരുവു വിളക്കുകൾ - തുടർ പരിപാലനം ഉറപ്പാക്കേണ്ടതാണ്

GO No. 493/2015/LSGD(CDA) തീ.19.02.15 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ തെരുവ് വിളക്കുകൾ വിതരണം ചെയ്യുന്നതിന് കെൽട്രോണിനെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, 17.03.2016-ൽ 105 എൽ. ഇ. ഡി. ലൈറ്റുകൾ 435750/- രൂപയ്ക്ക് വാങ്ങുകയും ഒരു ലൈറ്റിന് 1000/- രൂപ നിരക്കിൽ 105000/- രൂപയ്ക്ക് കെൽട്രോൺ സ്ഥാപിക്കുകയുമുണ്ടായി. എന്നാൽ തെരുവ് വിളക്കുകൾ പലതും പ്രകാശിക്കുന്നില്ല എന്ന കാരണത്താൽ ആയത് പരിശോധിക്കുന്നതിന് കെൽട്രോണിന് കത്ത് നൽകുകയുണ്ടായി. എന്നാൽ ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനുള്ള തുടർനടപടികൾ കെൽട്രോൺ സ്വീകരിച്ചിട്ടില്ല എന്നും ആയതിനാൽ ടി. കമ്പനിയ്ക്ക് ഒരു മാസത്തെ സമയം അനുവദിക്കുന്നതിനും അതിനുള്ളിൽ കേടായ ബൾബുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത പക്ഷം

കെൽട്രോണിനെ കരിമ്പട്ടികയിൽപ്പെടുത്തുവാൻ ബഹു. സർക്കാരിനോട് ശുപാർശ ചെയ്യുന്നതിനും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും 28.05.2018 ലെ കൗൺസൽ യോഗം (തീരുമാനം നമ്പർ 4) തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനം 30.06.2018 ലെ PW3-3440/16ാം നമ്പർ കത്ത് പ്രകാരം കെൽട്രോൺ ട്രാഫിക് സിഗ്നൽസ് ഡിവിഷൻ മാനേജരെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 35/23.11.2019) പദ്ധതി നടപ്പാക്കുന്ന വേളയിൽ കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല എന്നും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ, കെൽട്രോൺ, കേടുപാടുകൾ തീർത്തിട്ടുണ്ട് എന്നും കെൽട്രോണിൽ നിന്നും നഷ്ടപരിഹാരം ലഭ്യമായിട്ടില്ല എന്നും മറുപടി നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കെൽട്രോൺ തെരുവ് വിളക്കുകൾക്ക് 3 വർഷം വാറണ്ടി വാഗ്ദാനം ചെയ്തിരുന്നതായി കാണുന്നു. എന്നാൽ നഗരസഭ കെൽട്രോണുമായി കരാറിൽ ഏർപ്പെടാതിരുന്നതു കാരണം കേടായ ലൈറ്റുകൾ കെൽട്രോൺ യഥാസമയം മാറ്റി സ്ഥാപിക്കാതിരുന്നിട്ടും അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനോ നഷ്ടപരിഹാരം ഈടാക്കാനോ നഗരസഭയ്ക്ക് കഴിഞ്ഞില്ല. ഭാവിയിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും വാങ്ങലുകൾ നടത്തുമ്പോൾ തുടർ പരിപാലനം ഉറപ്പുവരുത്തുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി അവരുമായി നിയമാനുസൃത കരാറിൽ ഏർപ്പെടേണ്ടതുമാണ്. പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-52 ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ - പദ്ധതി പൂർത്തീകരണ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ – S0150/19

നിർവഹണം -അസി. എഞ്ചിനീയർ

എസ്റ്റിമേറ്റ് തുക -1000000/-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് 399006 /-രൂപ (1. ബിൽ നം. 124/23-3-19, തുക 328170/-

2.ബിൽ നം. 125/23-3-19, തുക70836/-)

ഇലക്ട്രിക് പോസ്റ്റ് ഇല്ലാത്ത സ്ഥലങ്ങളിൽ പോസ്റ്റ് സ്ഥാപിച്ച് ലൈൻ നീട്ടലും ലൈറ്റ് സ്ഥാപിക്കുന്നതിനുമായി ക്രമ നം. 1 ബിൽ പ്രകാരമുള്ള തുക അവനവൻചേരി കെ.എസ്.ഇ.ബി യിലും ക്രമ നം.2 ബിൽ പ്രകാരമുള്ള തുക ആറ്റിങ്ങൽ കെ.എസ്.ഇ.ബി യിലും ഒടുക്കിയിട്ടുണ്ട്. അവനവൻചേരി കെ.എസ്.ഇ.ബി യിൽ നിന്നും തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ആറ്റിങ്ങൽ കെ.എസ്.ഇ.ബി യിൽ നിന്നും തുക വിനിയോഗിച്ചതിന്റെ (70836/-രൂപ) സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (61/27-11-2019) മറുപടി നൽകി. പ്രസ്തുത പ്രോജക്ട് സ്പിൽ ഓവറായി വന്നിട്ടുള്ളതിനാൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-53 അങ്കണവാടികളുടെ ഫിറ്റ്നസ് ഉറപ്പ് വരുത്തേണ്ടതാണ്

സർക്കുലർ നം.31055/ഡിസി2/2011/തസ്വഭവ, 22/3/11 പ്രകാരം അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ

അദ്ധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസിയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണെന്നും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. നഗരസഭാ പരിധിയിൽ സ്വന്തം കെട്ടിടത്തിലും വാടകക്കെട്ടിടത്തിലുമായി ആകെ 29 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ സന്ദർശിച്ച് അവയുടെ ഫിറ്റ്നസ് ഉറപ്പുവരുത്തിയിട്ടുള്ളത് 20 അങ്കണവാടി കെട്ടിടങ്ങൾക്ക് മാത്രമാണെന്നാണ് ഓഡിറ്റ് എൻക്വയറി 34 ന് എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭിച്ച മറുപടി. ഇത്തരത്തിൽ ഫിറ്റ്നസ് ഇല്ലാതെ അംഗൻവാടികൾ പ്രവർത്തിക്കാൻ ഇടയാകുന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ സർക്കുലർ പാലിച്ചുകൊണ്ട് മുഴുവൻ അങ്കണവാടികളുടെയും ഫിറ്റ്നസ് ഉറപ്പു വരുത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-54 അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം

ജി.ഒ(എം.എസ്)17/2018 തസ്വഭവ, 02-02-2018, ഖണ്ഡിക 7.8.2 (3) പ്രകാരം അങ്കണവാടികളിൽ മുടങ്ങാതെ ഹാജരാകുന്ന കുട്ടികൾ, പോഷകാഹാരം ലഭിക്കാൻ അർഹതയുള്ളവരും അത് സ്വീകരിക്കാൻ തയ്യാറുള്ളവരുമായ മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് മാത്രമേ അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യേണ്ടതുള്ളൂ. യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും, നൽകുന്നവയുടെ ഗുണനിലവാരവും കൂടെ കൂടെ പരിശോധനയ്ക്ക് വിധേയമാക്കണം. ഇതിനായി അങ്കണവാടി വെൽഫെയർ കമ്മിറ്റിക്ക് പുറമേ വാർഡ്സഭ അംഗങ്ങളിൽ നിന്ന് പൊതുസമ്മതരായ അഞ്ച് പേരടങ്ങുന്ന ഒരു നിരീക്ഷണ കമ്മിറ്റി രൂപീകരിക്കണം. ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരുതവണയെങ്കിലും വാർഡിലുള്ള അങ്കണവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം/ ഭക്ഷണം സ്വീകരിക്കുന്നവരുടെ യഥാർത്ഥ കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് നഗരസഭക്ക് സമർപ്പിക്കേണ്ടതുമാണ്. നഗരസഭയിലെ അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം.37/22-11-2019) ലഭിച്ച മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. ഓഡിറ്റ് എൻക്വയറി പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നഗരസഭയുടെ നിർദ്ദേശം തേടുന്നതാണെന്നുമാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ മറുപടി നൽകിയിട്ടുള്ളത്. അങ്കണവാടികളിൽ മുടങ്ങാതെ ഹാജരാകുന്ന കുട്ടികൾക്കും പോഷകാഹാരം ലഭിക്കാൻ അർഹതയുള്ളവർക്കും അത് സ്വീകരിക്കാൻ തയ്യാറുള്ളവർക്കും മാത്രമേ പോഷകാഹാരം ലഭിക്കുന്നുള്ളൂവെന്ന് ഉറപ്പ് വരുത്തേണ്ടത് നിരീക്ഷണകമ്മിറ്റിയുടെയും വെൽഫയർ കമ്മിറ്റിയുടെയും ചുമതല ആയതിനാൽ മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ച് അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-55 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം. - SO 183/19

നിർവഹണം -പട്ടികജാതി വികസന ഓഫീസർ

അടങ്കൽ തുക -144000/-രൂപ (വികസനഫണ്ട് എസ് സി പി)

ചെലവ് തുക -120000/- രൂപ ( ബിൽ നം. 5/19-5-2018)

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫഷണൽ കോഴ്സ്/ പോളിടെക്നിക്ക്/ പി.ജി ക്ക് പഠിക്കുന്ന 6 പട്ടികജാതി വിദ്യാർത്ഥികൾക്ക് 24000/- രൂപ ക്രമത്തിൽ ആകെ 144000/- രൂപയാണ് വകയിരുത്തിയത്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. എന്നാൽ 30000/-രൂപ നിരക്കിൽ 4 വിദ്യാർത്ഥികൾക്ക് മാത്രമാണ് ലാപ്പ്ടോപ്പ് വാങ്ങി നൽകാൻ കഴിഞ്ഞിട്ടുള്ളത്.

2.ലാപ്പ്ടോപ്പുകൾ കെൽട്രോണിൽ നിന്നുമാണ് വാങ്ങിയതെങ്കിലും സർക്കാർ/ അർദ്ധസർക്കാർ/ഗവ. അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ പാലിക്കേണ്ട ചുവടെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

i)ജി. ഒ.(പി) /01/2017/എസ് പി ഡി/13-03-2017 ഉത്തരവ് പ്രകാരം പൊതുമേഖല സ്ഥാപനങ്ങൾ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ, നിലവിലെ വില കമ്പോള വിലയിൽ അധികരിക്കുന്നില്ല എന്ന് സാക്ഷ്യപ്പെടുത്തി നൽകേണ്ടതുണ്ട്. എന്നാൽ മേൽ വാങ്ങലിൽ അപ്രകാരമുള്ള സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.

ii) ജി. ഒ.(ആർ ടി) /3299/2016/ ത.സ്വ.ഭ.വ തീയതി 2-12-2016 പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/അർദ്ധസർക്കാർ/ഗവ. അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്നും വാങ്ങൽ നടത്തുമ്പോൾ ഈ സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവ മാത്രമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങൽ നടത്താവുന്നതാണ്. അപ്രകാരം ഉറപ്പ് വരുത്തിയതിന് ശേഷമാണോ മേൽ വാങ്ങൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി (75/29-11-2019) ക്ക് മറുപടി ലഭ്യമാക്കിയില്ല.

3. പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം ലഭിച്ചവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ പാടില്ലാത്തതാണ്. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. ലാപ്പ്ടോപ്പ് വിതരണം നടത്തിയതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

5. ഓരോ ഗുണഭോക്താവും നിർവഹണ ഉദ്യോഗസ്ഥനുമായി കരാർ ചമച്ചിട്ടില്ല

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് എൻക്വയറി (75/29-11-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കി തുടർ നടപടികളിൽ നിന്നും ഒഴിവാകേണ്ടതും ആയതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നതുമാണ്.

# 1-56 എസ്.സി കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ - അപാകതകൾ

പ്രോജക്ട് നം. - SO 187/19

നിർവഹണം -പട്ടികജാതി വികസന ഓഫീസർ

പ്രോജക്ടിന്റെ പേര് - എസ്.സി കുട്ടികൾക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ തുക - 615000/-രൂപ (614000/-രൂപ - വികസനഫണ്ട് എസ്.സി.പി),

1000/-രൂപ (തനതുഫണ്ട്)

ചെലവ്തുക (വികസനഫണ്ട് എസ്.സി.പി)

ചെലവ് – 410640 വികസനഫണ്ട്

ബിൽ 1) 171/22.3.19 – 99120

2) 172/22.3.19 – 99120

3) 175/22.3.19 – 80712

4) 176/22.3.19 – 82128

5) 177/22.3.19 –49560

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ ചുവടെ പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1. നഗരസഭാ പരിധിയിലെ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന നഗരസഭാ പരിധിയിൽ സ്ഥിരതാമസം ആയിട്ടുള്ള 123 പേർക്ക് 5000/-രൂപ നിരക്കിൽ മേശയും കസേരയും വാങ്ങുന്നതിനായി 615000/-രൂപ വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചതെങ്കിലും 410640/-രൂപ ചെലവഴിച്ച് (ചെലവ് 66.7%) 87 പേർക്ക് മാത്രമേ പ്രസ്തുത പ്രോജക്ട് പ്രകാരമുള്ള ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുള്ളൂ.

2.പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം ലഭിച്ചവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ പാടില്ലാത്തതാണ്. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.ഫർണിച്ചർ സ്കൂൾ അധികൃതർ കൈപ്പറ്റിയതിന്റെ രേഖകൾ മാത്രമേ പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. ഫർണിച്ചർ കുട്ടികൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകളിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 74/29-11-19) 87 വിദ്യാർത്ഥികളെ മാത്രമാണ് അർഹരായി തെരഞ്ഞെടുത്തതെന്നും മുൻവർഷത്തെ ജനകീയാസൂത്രണം പ്രകാരം ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടതിനാലാണ് സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്താതിരുന്നതെന്നും മറുപടി നൽകി.

പട്ടികജാതി വകുപ്പിൽ നിന്നോ മറ്റ് സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം ലഭിച്ചവർക്ക് പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ പാടില്ലാത്തതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുള്ളതിനാൽ ബന്ധപ്പെട്ട സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആനുകൂല്യം നൽകേണ്ടതാണ്. ഫർണിച്ചർ കുട്ടികൾക്ക് വിതരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കി മറ്റ് തുടർനടപടികളിൽ നിന്നും ഒഴിവാകേണ്ടതാണ്.

പദ്ധതി ആസൂത്രണത്തിലെ പാളിച്ച കാരണമാണ് ചെലവ് തുക 66.7% മാത്രമായത്. ഇപ്രകാരം പദ്ധതി പണം പാഴായി പോകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-57 കാലിത്തൊഴുത്ത് നവീകരണം - എസ്റ്റിമേറ്റില്ല,

## വാലേഷൻ അപൂർണ്ണം.

പ്രോജക്ട് നം: 34/19 (കാലിത്തൊഴുത്ത് നവീകരണം-ജനറൽ), പ്രോജക്ട് നം: 36/19 (കാലിത്തൊഴുത്ത് നവീകരണം-SCP) എന്നീ പദ്ധതികൾക്കായി വികസനഫണ്ടിൽ നിന്ന് യഥാക്രമം 5,00,000/- രൂപയും 3,00,000/- രൂപയും വകയിരുത്തി യഥാക്രമം 4,25,000/- രൂപയും 1,80,000/- രൂപയും ചെലവഴിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | അടങ്കൽ (ഫണ്ടിനം) | ചെലവ് | ബിൽ നം./ തീയതി/ തുക |
|---|---|---|---|---|
| 1 | 34/19 (കാലിത്തൊഴുത്ത് നവീകരണം-ജനറൽ) | 5,00,000/- വികസന ഫണ്ട് (പൊതുവിഭാഗം- സാധാരണ വിഹിതം) | 4,25,000/- | 5/18-19dt.22.10.2018(1,50,000/-)<br>6/18-19 dt.06.11.2018(75,000/-)<br>8/18-19dt.26.12.2018(75,000/-)<br>9/18-19dt.26.12.2018(25,000/-)<br>12/18-19dt.28.12.2018(25,000/-)<br>15/18-19dt.05.02.2019(25,000/-)<br>16/18-19dt.05.02.2019(50,000/-) |
| 2 | 36/19 (കാലിത്തൊഴുത്ത് നവീകരണം-SCP) | 3,00,000/- വികസന ഫണ്ട് (SCP) | 1,80,000/- | 1/18-19(30000/-)<br>4/18-19 dt.22.10.2018(30000/-)<br>7/18-19 dt.06.11.2018(30,000/-)<br>10/18-19 dt.26.12.2018(30,000/-)<br>13/18-19 dt.28.12.2018(60,000/-) |

പദ്ധതിരേഖകൾ പ്രകാരം AE/ ഓവർസിയർ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തൊഴുത്ത് നവീകരണം, വളക്കുഴി, മൂത്രത്തൊട്ടി എന്നിവ നിർമ്മിക്കണമെന്നും AE/ ഓവർസിയർ നല്കുന്ന വാലേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക നൽകുമെന്നുമാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ രേഖകൾ പരിശോധിച്ചതിൽ AE/ ഓവർസിയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ലാത്തതായും വാലേഷനിൽ യഥാർത്ഥ ചെലവ് തുക രേഖപ്പെടുത്തുന്നതിനു പകരം ഏകദേശ ചെലവ് മാത്രമാണെന്നും കാണുന്നു. ഇപ്രകാരം ഏകദേശ ചെലവിന്റെ അടിസ്ഥാനത്തിൽ പരമാവധി സബ്സിഡി തുക (ജനറലിന് 50,000/- രൂപയും SCP ക്ക് 60,000/- രൂപയും) അനുവദിച്ച് നല്കുകയാണ് ചെയ്തത്. കൂടാതെ വളക്കുഴി, മൂത്രത്തൊട്ടി എന്നിവ നിർമ്മിച്ചുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-58 പാലിയേറ്റീവ് കെയർ വാഹനം നിലവിരിക്കെ വാടകയ്ക്ക് വാഹനം

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) നിർവ്വഹണോദ്യോഗസ്ഥനായി നിർവ്വഹണം നടത്തിയ പ്രോജക്ട് നം.25/19 (പാലിയേറ്റീവ് കെയർ പദ്ധതി പ്രൈമറി&സെക്കന്ററി) പ്രകാരം 1400000/- രൂപ

വികസനഫണ്ട് (പൊതുവിഭാഗം – സാധാരണവിഹിതം)-ൽ നിന്നും വകയിരുത്തുകയും 1112691/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ പ്രോജക്ട് നം.208/19 (പാലിയേറ്റീവ് കെയർ പദ്ധതി പ്രൈമറി &സെക്കന്ററി-സ്പിൽ ഓവർ) പ്രകാരം 307230/- രൂപ വികസനഫണ്ട് (പൊതുവിഭാഗം – സാധാരണവിഹിതം)-ൽ നിന്നും വകയിരുത്തുകയും 305083/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

രേഖകൾ പ്രകാരം 2302.2018 ന് എം.പി ഫണ്ടിൽ നിന്നും പാലിയേറ്റീവ് കെയറിനായി വാഹനം ലഭിച്ചിട്ടുള്ളതാണ്. (KL-01-CF-2696). എന്നാൽ മേൽ പദ്ധതികൾക്കായി KL-01-BX-5335 എന്ന വാഹനവും KL-22-E-5321 എന്ന വാഹനവും വാടകയ്ക്ക് ഉപയോഗിച്ചിരിക്കുന്നതായി രേഖകളിൽ കാണുന്നു. കൂടാതെ ആശുപത്രിയുടെ ഉടമസ്ഥതയിലുള്ള KL-01-CA-62 എന്ന വാഹനവും പാലിയേറ്റീവ് കെയറിന് വാടകയ്ക്ക് നൽകിയിരിക്കുന്നതായും കാണുന്നു. പാലിയേറ്റീവ് കെയറിനായി വാഹനം ലഭിച്ചതിന് ശേഷം നൽകിയ വാഹന വാടകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാഹനം നം. | ഉപയോഗിച്ച ദിവസങ്ങൾ (വാടക നിരക്ക്) | നൽകിയ തുക | ബിൽ നം./ തീയതി |
|---|---|---|---|
| KL-22-E-5321 | 23.02.2018 മുതൽ 21.03.2018 വരെ 13 ദിവസം (11x950/- &2x1000) | 12450/- | 2/24.05.2018 |
| KL-01-BX-5335 (മോട്ടോർ വാഹനവകുപ്പിന്റെ രേഖകൾ പ്രകാരം നോൺ ട്രാൻസ്പോർട്ട് വെഹിക്കിൾ ആണ്). | 03.04.2018 മുതൽ 25.05.2018 വരെ 16 ദിവസം (16x700/-) | 11200/- | 5/06.09.2018 |
| KL-01-CA-62 (ആശുപത്രി വക വാഹനം) | 24.02.2018 മുതൽ 27.03.2018 വരെ 8 ദിവസം (8x900/-) [കുറിപ്പ് : ടി വാഹനം 02.11.2017 മുതൽ പാലിയേറ്റീവ് കെയറിനായി വാടകയ്ക്ക് നൽകി വരുന്നു.] | 7200/- | 3/24.05.2018 |

പാലിയേറ്റീവ് കെയറിനായി സ്വന്തം വാഹനം ഉണ്ടായിരിക്കെ ഇതര വാഹനങ്ങളും ആശുപത്രിയുടെ വാഹനവും വാടകയ്ക്ക് എടുത്ത് തുക ചെലവഴിച്ചതിനുള്ള കാരണം വ്യക്തമല്ല. പാലിയേറ്റീവ് കെയർ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ നിലവിലും വാഹനം പാലിയിറ്റീവ് കെയറിനായി ഉപയോഗിക്കുന്നില്ല എന്ന് കാണുന്നു. [വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.53) മറുപടിലഭിച്ചിട്ടില്ലാത്തതാണ് ]. ആയതിനാൽ വിഷയം പരിഗണിച്ച് ടി വാഹനം പാലിയേറ്റീവ് കെയറിനായി ഉപയോഗപ്പെടുത്തുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ കാണിക്കേണ്ടതാണ്.

# 1-59 അഡ്ജസ്റ്റിബിൾ കട്ടിൽ വാങ്ങൽ- രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം: 116/19 (താലൂക്ക് ആശുപത്രിയിൽ അഡ്ജസ്റ്റിബിൾ കട്ടിൽ വാങ്ങൽ) പ്രകാരം 5,00,000/- രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം)-ൽ നിന്നും വകയിരുത്തുകയും 4,75,776/- രൂപ ബിൽ നം.17/18-19 തീയതി.23.03.2019 പ്രകാരം തുക മെഡിമെക് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുള്ളതുമാണ്.

എന്നാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ടെണ്ടർ ക്ഷണിച്ചതായോ പ്രൊക്വയർമെന്റ് കമ്മിറ്റി ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതായോ കാണുന്നില്ല. കൂടാതെ ലഭ്യമായ

സാധനങ്ങളുടെ സ്റ്റോക്ക്/ഇഷ്യൂ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്. ടി രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.53) മറുപടി നല്കിയിട്ടില്ല. ആയതിനാൽ ടി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. കട്ടിൽ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-60 നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി), മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ (ആയുർവേദം) എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും എൻ.എ.സി വാങ്ങിയതായി രേഖകളിൽ കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം./പേര് | വകയിരുത്തിയ തുക | ചെലവ്/ബിൽ നം. | വിതരണ ഏജൻസി |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി) | 220/19 (എൻ.സി.ഡി മരുന്ന് വാങ്ങൽ) | 87,689/- രൂപ വികസന ഫണ്ട് (പൊതുവിഭാഗം- സാധാരണ വിഹിതം) | 87,689/- 4/18-19 തീയതി. 06.09.2018 | KMSCL |
| 2 | | 23/19 (താലൂക്ക് ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ) | 7,00,000/- രൂപ വികസന ഫണ്ട് മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1,08,708/- 9/14.01.2019 3,20,767/- 10/14.01.2019 1,79,233/- 19/23.03.2019 91,292/- 20/23.03.2019 | In House DrugBank |
| 3 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 43/19 (ഹോമിയോ അശുപത്രിക്ക് മരുന്ന് വാങ്ങൽ) | 8,00,000/- രൂപ മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 8,00,000/- 5/18-19 തീയതി. 27.10.2018 | ഹോംകോ |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 6/19 (ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ) | 8,00,000/- രൂപ മെയിന്റനൻസ് (റോഡിതരം) | 8,00,000/- 1/18-19 തീയതി28.9.2019 | ഔഷധി |

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം മാത്രമേ മരുന്നുകൾ വാങ്ങുവാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. നിർദ്ദേശം പാലിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-61 യോഗ പരിശീലന പദ്ധതികൾ - രേഖകൾ ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണോദ്യോഗസ്ഥയായി വിവിധ പദ്ധതികൾ പ്രകാരം നഗരസഭയിൽ യോഗ പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള പദ്ധതികൾ പ്രകാരം വിവിധ

ഉപകരണങ്ങൾ വാങ്ങുന്നതിനും യോഗ പരിശീലകന് വേതനം നൽകുന്നതിനും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ (ഫണ്ടിനം) | ചെലവ് | ബിൽ നം./ തീയതി/തുക |
|---|---|---|---|---|
| 1 | 206/19 [വയോജനങ്ങൾക്ക് യോഗ പരിശീലനം (ആയുഷ്)] | 79067/- വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 30400/- | 1/18-19 dt.26.05.2018 (6400/-) 2/18-19 dt.11.09.2018 (24000/-) |
| 2 | 226/19 [വനിതകൾക്ക് യോഗ പരിശീലനം (ആയുഷ്)] | 36105/- വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 21200/- | 4/18-19 dt.11.05.2018 (12000/-) 6/18-19 dt.08.11.2018 (9200/-) |
| 3 | 227/19 [ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് യോഗ പരിശീലനം (ആയുഷ്)] | 132567/- വികസന ഫണ്ട് (പൊതുവിഭാഗം-സാധാരണ വിഹിതം) | 90800/- | 3/18-19 dt.11.09.2018 (24000/-) 7/18-19 dt.26.11.2018 (11600/-) 8/18-19 dt.14.01.2019 (23200/-) 9/18-19 dt.14.02.2019 (11200/-) 10/18-19 dt.18.03.2019 (11200/-) 11/18-19 dt.26.03.2019 (9600/-) |
| | | **ആകെ** | **142400** | |

കൂടാതെ മേൽ പദ്ധതികൾ പ്രകാരം ശ്രീ.ബാപ്പി ഷിക്ദർ എന്നയാളെ യോഗ പരിശീലകനായി നിയമിച്ചിട്ടുള്ളതും ടിയാൾക്ക് 2,3,4,6,7,8,10,11/18-19 എന്നീ ബിൽ നമ്പറുകൾ പ്രകാരം 124800/- രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

a) മേൽ പദ്ധതികളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ സാധനങ്ങൾ വാങ്ങുന്നതിലേക്ക് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതായോ പ്രൊക്യുയർമെന്റ് കമ്മിറ്റി ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതായോ കാണുന്നില്ല. കൂടാതെ യോഗാമാറ്റുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

b) യോഗ പരിശീലകന്റെ നിയമനത്തിന്റെ വിശദാംശങ്ങൾ (കമ്മിറ്റി തീരുമാനം, ഇന്റർവ്യൂ വിവരങ്ങൾ, ടിയാന്റെ വിദ്യാഭ്യാസ യോഗ്യത, നിയമിച്ച പരിശീലന കേന്ദ്രം), വിവിധ യോഗാ പദ്ധതികളിൽ ചേർന്നിട്ടുള്ളവരുടെ വിവരങ്ങൾ, ഹാജർനില, യോഗാ പരിശീലകന്റെ ഹാജർനില എന്നിവയും ലഭ്യമാക്കിയിട്ടില്ലാത്തതാണ്.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.56) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ പരിശീലനത്തിനായി ചെലവഴിച്ച 267200/- രൂപ (142400+124800) ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-62 ആയുർവ്വേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - കരാർ വ്യവസ്ഥകൾ പാലിക്കപ്പെടുന്നില്ല

പ്രോജക്ട് നം: 6/19 (ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ) പ്രകാരം 8,00,000/- രൂപ മെയിന്റനൻസ് ഫണ്ട്-നോൺറോഡ്-ൽ നിന്നും വകയിരുത്തുകയും ബിൽ നം.1/18-19 തീയതി.28.09.2018 പ്രകാരം തുക ഔഷധിക്ക് കൈമാറിയിട്ടുള്ളതുമാണ്.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പ്രകാരം മരുന്നുകൾ പൂർണ്ണമായി വിതരണം ചെയ്തത് 24.06.2019 നാണ്. എന്നാൽ 30.09.2018 ലെ കരാർ (ഖണ്ഡിക 1 പ്രകാരം) 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലായെങ്കിൽ നഷ്ടത്തിന് ഔഷധി ബാധ്യസ്ഥരായിരിക്കും എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ടി കരാർ പ്രകാരം ഈടാക്കിയിട്ടുള്ള നഷ്ടപരിഹാരം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.51) ന് നൽകിയ മറുപടിയിൽ കരാർ ഉടമ്പടി പാലിക്കുവാൻ ഔഷധിക്ക് കഴിഞ്ഞിട്ടില്ല എന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.

നിയമപ്രകാരമുള്ള കരാർ ഉടമ്പടികൾ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുവാൻ നിർവ്വഹണോദ്യോഗസ്ഥന് ബാധ്യതയുള്ളതിനാൽ ആയതിൽ പ്രത്യേക ശ്രദ്ധ ചെലുത്തുവാൻ ഓഡിറ്റ് നിർദ്ദേശിക്കുന്നു.

# 1-63 പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ - 4/19

പ്രോജക്ടിന്റെ പേര് - സ്റ്റുഡന്റ് പോലീസ് കേഡറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ ഗവ.ഹൈസ്കൂൾ

അടങ്കൽ - 200000/- (വികസന ഫണ്ട്)

ചെലവ് - 200000/-

ബിൽ നമ്പർ/തീയതി - 02/2018-19/12.11.2018

അവനവൻചേരി ഹൈസ്കൂൾ, ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂൾ എന്നി സ്കൂളുകളിലെ 176 കുട്ടികൾക്ക് ബുധൻ, ശനി ദിവസങ്ങളിൽ പരേഡ്, പി.റ്റി., റോഡ് സേഫ്റ്റി പരിപാടി, ലഘുഭക്ഷണം നൽകൽ, കൂടാതെ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം എന്നീ ദിവസങ്ങളിൽ പ്രത്യേക പരേഡും ശനിയാഴ്ച ദിവസങ്ങളിൽ നടക്കുന്ന നിയമ അവബോധക്ലാസ്സുകളും മറ്റും നടത്തുന്നതിനും, മൽട്ടീമീഡിയ ക്ലാസ്സ്റൂം സജ്ജമാക്കുന്നതിന് ലാപ് ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ , അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രൊജക്ട് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 48,600/- രൂപ ലഘുഭക്ഷണം നൽകിയ ഇനത്തിലും, 151,400/- രൂപ ലാപ് ടോപ്പ് , പ്രോജക്ടർ എന്നിവ വാങ്ങിയ ഇനത്തിലും രണ്ട് സ്കൂളുകൾക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് ചുവടെ പറയുന്ന ന്യൂനതകൾ കാണുന്നു.

1. മുനിസിപ്പാലിറ്റികളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയ്ക്ക് (സ.ഉ(കൈ) നം. 17/2018 ത.സ്വ.ഭ.വ. തീയതി 02.02.2018) വിരുദ്ധമായി വികസന ഫണ്ട് ഉപയോഗിച്ച് ലാപ് ടോപ്പ്, പ്രൊജക്ടർ, പ്രിന്റർ മുതലായവ വാങ്ങുന്നതിനാണ് പ്രോജക്ട് ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടുള്ളത്. സർക്കാരിന്റെ പ്രത്യേക അനുമതിയും ഇക്കാര്യത്തിൽ ലഭ്യമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം.68/29.11.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്

2. സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുമ്പോൾ 06.01.2018-ലെ സ.ഉ(സാ.ധാ)നം.97/2018/ പൊ.വി.വ. നമ്പർ സർക്കാർ ഉത്തരവ് അനുബന്ധം പ്രകാരമുള്ള സ്പെസിഫിക്കേഷനും അഞ്ച് വർഷം വാറന്റി കാലാവധിയും ഉറപ്പുവരുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അഞ്ച് വർഷ വാറന്റി ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി പ്രസ്തുത വാങ്ങലുകൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും മിനിറ്റ്സ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

ലാപ് ടോപ്പ് , പ്രൊജക്ടർ മുതലായവ ഇപ്പോൾ അവനവൻചേരി ഹൈസ്കൂൾ, ആറ്റിങ്ങൽ ബോയ്സ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ പ്രഥമ അധ്യാപകർ സൂക്ഷിക്കുകയും സ്റ്റുഡന്റ് പോലീസ് കേഡറ്റ്സിന്റെ ആവശ്യത്തിന് മാത്രം ഉപയോഗിച്ചു വരുന്നതായും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമ്പോൾ ഇത്തരം ന്യൂനതകൾ ഒഴിവാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 മെഹ്ഫിൽ ഇടവഴി ഇന്റർ ലോക്കിംഗ് പ്രവർത്തി - എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ ഇവ വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കി - തുക നിരാകരിക്കുന്നു

പ്രോജക്റ്റ് നമ്പർ - SO 53/19

നിർവഹണം – അസി. എഞ്ചിനീയർ

എസ്റ്റിമേറ്റ് തുക – 4,57,369/- രൂപ ( മെയിന്റനൻസ് ഫണ്ട് റോഡ്)

ചെലവ് – 4,48,435/- രൂപ

ബിൽ നം./തീയതി 43/23-11-18

എം ബുക്ക് നം. 105/18-19

കരാറുകാരൻ - ശ്രീ. സജേഷ് കുമാർ

എഗ്രിമെന്റ് 27AE/AMC/LSGD17-18/ തീയതി 29-9-18

ആറ്റിങ്ങൽ നഗരസഭാ പരിധിയിൽ ഉൾപ്പെടുന്ന 16ാം വാർഡിലെ മാമം NH ലുള്ള മെഹ്ഫിൽ ഹോട്ടലിന്റെ സൈഡിൽ നിന്നും തുടങ്ങുന്ന117മീറ്റർ നീളത്തിലും 5 മീറ്റർ വീതിയിലുമുള്ള ഇടവഴി നിലവിൽ സഞ്ചാരയോഗ്യമല്ലാത്തതിനാൽ ഇന്റർ ലോക്കിംഗ് നടത്തുന്നതിനുവേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. മാമം NH ൽ നിന്നും തുടങ്ങി 117 മീറ്റർ നീളത്തിൽ അവസാനിക്കുന്ന ടി ഇടവഴി നിലവിൽ സഞ്ചാരയോഗ്യമല്ലാത്ത നിലയിലാണെന്നും എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചെയ്യാനുദ്ദേശിക്കുന്ന ഇന്റർലോക്കിംഗ് ഏരിയയുടെ നീളം 117 മീറ്ററും വീതി 5 മീറ്ററും ആണെന്ന് സൈറ്റ് പ്ലാനിലും രേഖപ്പെടുത്തിയിട്ടുണ്ട്.

മെഹ്ഫിൽ ഇടവഴി ഇന്റർ ലോക്കിംഗ്പ്രവർത്തിയുമായി ബന്ധപ്പെട്ട് അസി. എഞ്ചിനീയറും എഞ്ചിനീയറിംഗ് വിംഗിലെ ജീവനക്കാരുമായി 23-11-2019 ൽ നടത്തിയ സ്ഥല പരിശോധനയിൽ ചുവടെ പറയുന്ന അപാകതകൾ കാണുന്നു.

ഐറ്റം നം. 2 പ്രകാരം (Providing concrete for plain reinforced concrete in open foundations complete as per drawings and technical specifications clause 802, 803, 1202, 1203 - (od 135794/2018-19) 521m$^2$ ഇന്റർ ലോക്കിംഗ് പ്രവൃത്തി പ്രസ്തുത റോഡിൽ നിർവഹിക്കാനാണ് എസ്റ്റിമേറ്റ് പ്രകാരം നിശ്ചയിച്ചിരുന്നത്. എന്നാൽ സ്ഥലപരിശോധനയിൽ ആറ്റിങ്ങൽ - തിരുവനന്തപുരം NHറോഡ് വരെ 402.73 m$^2$ പ്രവൃത്തി മാത്രമാണ് പ്രസ്തുത റോഡിൽ നിർവഹിച്ചിട്ടുള്ളത്. ബാക്കി 107.1m$^2$പ്രവർത്തികൾ ലിച്ചി ഹോട്ടലിന് സൈഡിലുള്ള റോഡിൽ നിർവഹിച്ചതായാണ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്. (എം ബുക്ക് പ്രകാരം ആകെ 509.83m$^2$ പ്രവൃത്തി നിർവഹിച്ചു) മെഹ്ഫിൽ ഇടവഴിയിലോട്ട് പോകുന്ന മാമം N H ൽ നിന്നും ( ആറ്റിങ്ങൽ - തിരുവനന്തപുരം റോഡിൽ) ഏകദേശം 300 മീറ്റർ അകലെയാണ് ലിച്ചി ഹോട്ടൽ സ്ഥിതി ചെയ്യുന്നത് (ഹൈവേയുടെ എതിർ വശത്ത്). പ്രസ്തുത ഹോട്ടലിന് സൈഡിലുള്ള റോഡിലാണ് 107.1m$^2$ പ്രവൃത്തി (103 മീറ്റർ നീളത്തിലും ഏകദേശം 1 മീറ്റർ വീതിയിലും) നിർവഹിച്ചിട്ടുള്ളത്.

എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവയിൽ നിന്നും വ്യതിചലിച്ച് പ്രോജക്ട് നിർവഹിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 47/25-11-2019) മെഹ്ഫിൽ റോഡിന് സൈഡിലുള്ള റോഡിന് പുറമെ ലിച്ചി ഹോട്ടലിന് സൈഡിലുള്ള റോഡിൽ കൂടിയുള്ള പ്രവൃത്തി ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് മറുപടി നൽകി. എന്നാൽ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ എന്നിവയിലൊന്നും ലിച്ചി ഹോട്ടലിന് സൈഡിൽ പ്രവൃത്തി ചെയ്യുന്നത് സംബന്ധിച്ച രേഖപ്പെടുത്തലുകളില്ല. കൂടാതെ മേൽ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരവും വാങ്ങിയിട്ടില്ല. ആയതിനാൽ ലിച്ചി ഹോട്ടലിന് സൈഡിൽ ചെയ്ത പ്രവൃത്തിയുടെ ചെലവ് തുകയായ 84,609/-രൂപ പുതുക്കിയ എസ്റ്റിമേറ്റ്, സാങ്കേതികാനുമതി എന്നിവയുടെ അഭാവത്താൽ നിരാകരിക്കുന്നു.

| പ്രവൃത്തി വിശദാംശം | പ്രവൃത്തിയുടെ അളവ് | പ്രവൃത്തി നിരക്ക് (രൂപയിൽ) | പ്രവൃത്തി മൂല്യം |
|---|---|---|---|
| എസ്റ്റിമേറ്റ് പ്രകാരം നിശ്ചയിച്ചത് | 521m$^2$ | 790 | 4,11,590.00 |
| മെഹ്ഫിൽ റോഡിൽ ചെയ്ത പ്രവൃത്തി | 402.73m$^2$ | 790 | 3,18,156.70 |
| ലിച്ചി ഹോട്ടലിന്റെ സൈഡിൽ ചെയ്ത പ്രവൃത്തി (എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, സൈറ്റ് പ്ലാൻ ഇവയിൽ നിന്നും വ്യതിചലിച്ച്) | 107.10m$^2$ | 790 | 84,609.00 |

പ്രസ്തുത തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-2 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല. 11,364/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം. - എസ്. ഒ. 190/19

പ്രോജക്ടിന്റെ പേര് - ആറ്റിങ്ങൽ പ്രൈവറ്റ് ബസ് സ്റ്റാന്റിൽ ശൗചാലയം

അടങ്കൽ തുക – 17,74,647-( ധന.അവാർഡ് - 13,00,000/-, കേന്ദ്രാവിഷ്കൃത ഫണ്ട്- 4,74,676/-.)

ചെലവ്തുക –17,00,000/-

ബിൽ നം. തീയതി.- 2/18-19 , 26.06.2018 – 7,73,539/- 11/18-19, 12.12.2018 – 5,26,461/-

ചെക്ക് നം.തീയതി- 6124/12.03.2019 – 4,00,000/-

കരാറുകാരൻ - ശ്രീ. നസീർ

കരാർ തുക– 17,53,681.30 (Item rate)

കരാർ നമ്പർ - 129/AEE/AMC/LSGD/17-18 തീയതി. 23.02.2018

എം ബുക്ക് - 189/17-18, 190/17-18

SOR – DsoR 2016

കോസ്റ്റ് ഇൻഡക്സ് - 46.67%

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ ഫയൽ, എം. ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തിയുടെ Appendix B- Construction of Comfort Station

ഇനം 1 DSR കോഡ് 2.8.1 earth work excavation പ്രകാരം 46.19 cum മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇതിനായി 250/cum നിരക്കിൽ 11,648/- രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി ഇനം 5 DSR കോഡ് 50.2.25.1 പ്രകാരം contractors own earth ഫില്ലിംഗിന് 18.94 cum മണ്ണ് ഉപയോഗിച്ചതായി കാണുന്നു. ഇതിലേയ്ക്കായി കരാറുകാരന് 600/cum നിരക്കിൽ 11,364/- രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തി ഇനം 1 പ്രകാരം കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാത്തതിന്റെ കാരണവും ടി മണ്ണ് ബാക്ക് ഫില്ലിംഗിന് ഉപയോഗിച്ചത് സംബന്ധിച്ചും എം ബുക്കിൽ രേഖപ്പെടുത്തലുകൾ ഇല്ല.

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കുഴിച്ചെടുത്ത മണ്ണ് back filling for foundation trench ന് വേണ്ടി ഉപയോഗിച്ചിട്ടുള്ളതാണ് എന്നും, earth filling നടത്തിയിട്ടുള്ളത് ബേസ് മെന്റ് ഫില്ലിംഗിന് മാത്രമാണ് എന്നാണ് മറുപടി നൽകിയിട്ടുള്ളത്. മുനിസിപ്പൽ എഞ്ചിനീയറുടെ മറുപടി അംഗീകരിക്കത്തക്കതല്ല. കാരണം, കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം സംബന്ധിച്ച് എം ബുക്കിൽ രേഖപ്പെടുത്തലുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ മേൽ പ്രവൃത്തി ഇനം 5 പ്രകാരം ചെലവഴിച്ച 11,364/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 എസ്റ്റിമേറ്റ് അളവിനേക്കാൾ കൂടുതൽ പ്രവൃത്തി ചെയ്ത് കരാറുകാരന് അധിക തുക നൽകി - 36132/- രൂപ നിരാകരിക്കുന്നു

പ്രോജക്ട് നം. - 198/19

പ്രോജക്ടിന്റെ പേര് - പ്രൈവറ്റ് ബസ്സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലെ സോക്പിറ്റ് സീവേജ് ലൈൻ സ്ഥാപിക്കൽ

അടങ്കൽ തുക – 4,61,100/-( ധന. കമ്മീഷൻ അവാർഡ്)

ചെലവ്തുക – 2,97,903/-

ബിൽ നം., തീയതി.- 1/18-19 , 26.06.2018

കരാറുകാരൻ - ശ്രീ. ഷാജി വി. (എസ്റ്റിമേറ്റ് നിരക്ക്)

എം. ബുക്ക് - 195/16-17

SOR – DsoR 2016

കോസ്റ്റ് ഇൻഡക്സ്- 46.67%

കരാർ നം. 155/AEE/LSGD/16-17 തീ.27.03.2017

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രസ്തുത പദ്ധതിയുടെ ബിൽ, എം ബുക്ക് എന്നിവ പരിശോധിച്ചതിൽ ചില ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ നിന്നും അധിക അളവിൽ പ്രവൃത്തി ചെയ്തതായും എന്നാൽ എസ്റ്റിമേറ്റ് അളവിൽ നിജപ്പെടുത്താതെ കൂടുതൽ തുക നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | DSR കോഡ് | അധികം അളവ് | നിരക്ക് | ആകെ തുക | അധികമായി നൽകിയ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 4.1.8 cement concrete | .932 cum | 6308.50/ cum | 5879.52 | 2321.53 |
| | | എം ബുക്ക് പേജ് 5 | 1.30 cum | 6308.50/cum | 8201.05 | |
| 2 | 6 | 5.9.3 centering shuttering | 5.4 sqm | 589.10/sqm | 3181.19 | 12724.51 |
| | | എം ബുക്ക് പേജ് 7 | 27 sqm | 589.10/sqm | 15905.70 | |
| 3 | 13 | 4.1.3 cement concrete | 9.9 cum | 8017.42/cum | 79372.46 | 21085.81 |
| | | എം ബുക്ക് പേജ് 8, 11 | 12.53 cum | 8017.42/cum | 100458.27 | |
| ആകെ അധികമായി നൽകിയ തുക | | | | | | 36131.85 |

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.19/18.11.2019) PWD മാനുവൽ പ്രകാരം റ്റി. എസ്. തുകയിൽ അധികരിക്കാതെ ഒരൊറ്റയിനത്തിന് 25% വരെ അധികരിച്ചാലും കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്ക് അനുസരിച്ച് പേയ്മെന്റ് അനുവദിക്കാവുന്നതാണെന്നും ടി. പ്രവൃത്തിയിലും ആകെ ബിൽ തുക റ്റി.എസ്. തുകയിൽ അധികരിക്കാത്തതിനാലാണ് Excess Quantity ക്ക് അധിക തുക നൽകിയിട്ടുള്ളത് എന്ന് മുനിസിപ്പൽ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 1601.1.6. പ്രകാരം സാങ്കേതികാനുമതി ലഭ്യമായ ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും ഏതെങ്കിലും ഇനം ഒഴിവാക്കലും കൂട്ടിച്ചേർക്കലും ആവശ്യമായി വരുന്ന സംഗതിയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 5% അധികമായാലും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കണം എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ആയതു പ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരം വാങ്ങണമായിരുന്നു. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ കരാറുകാരന് ആകെ അധികമായി നൽകിയ 36,132/- രൂപ കരാറുകാരനിൽ നിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 13.08.2019 മുതൽ 16.08.2019 വരെ | കെ.എസ്.എ.റ്റി.വി.എം./ എം.എൽ/ 1433/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 3,99,006/- | 3,28,170/- | 70,836/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നും തന്നെ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ)

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 28,17,40,816.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 23,79,90,838.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,32,105.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 25,65,018.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 84609 | ശ്രീ. ജയദാസ്. ബി.<br>അസി. എഞ്ചിനീയർ |
| 3-2 | | 11364 | ശ്രീമതി. റാണി. ജി.<br>മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 36132 | ശ്രീമതി. റാണി. ജി.<br>മുനിസിപ്പൽ എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33(1) | 38,760/- | ശ്രീ. ആർ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-33(2),(3) | 3,53,952/- | ശ്രീ. ആർ. പ്രദീപ്കുമാർ, സെക്രട്ടറി |
| 1-35 | 3,44,291/- | ശ്രീ. പുരുഷോത്തമൻ, കൃഷി ഓഫീസർ |
| 1-39 | 4,23,100/- | ശ്രീ. ജയദാസ്. ബി. അസി. എഞ്ചിനീയർ |
| 1-50 | 4,71,103/- | ശ്രീമതി. റാണി. ജി. മുനിസിപ്പൽ എഞ്ചിനീയർ |
| 1-52 | 70,836/- | ശ്രീ. ജയദാസ്. ബി. അസി. എഞ്ചിനീയർ |
| | | |

| | | |
|---|---|---|
| 1-55 | 12,000/- | ശ്രീമതി. ശ്രീജ. പട്ടികജാതി വികസന ഓഫീസർ |
| 1-59 | 4,75,776/- | ഡോ. ജസ്റ്റിൻ ജോസ്, സൂപ്രണ്ട് താലൂക്ക് ആശുപത്രി |
| 1-61 | 2,67,200/- | ഡോ. ദേവി ഭരതൻ, സൂപ്രണ്ട് ഹോമിയോ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജയദാസ്. ബി. | അസി. എഞ്ചിനീയർ ആറ്റിങ്ങൽ നഗരസഭ | ലക്ഷ്മി ഭവൻ വടശ്ശേരിക്കോണം പി.ഒ,വർക്കല |
| ശ്രീമതി. റാണി.ജി, | മുനിസിപ്പൽ എഞ്ചിനീയർ, ആറ്റിങ്ങൽ നഗരസഭ | മഹേന്ദ്രം, ഉഷസ്സ് ലൈൻ,ആലംകോട് പി.ഒ |
| ശ്രീ. ആർ. പ്രദീപ് കുമാർ | സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ | നന്ദനം, കാവുവിള. പി.ഒ. വാവറ അമ്പലം, പോത്തൻകോട് |
| ശ്രീ. പുരുഷോത്തമൻ | കൃഷി ഓഫീസർ ആറ്റിങ്ങൽ നഗരസഭ | തെക്കേ ആലുവിള വീട്, ഏഴുകോൺ. പി.ഒ. കൊല്ലം |
| ഡോ. ജസ്റ്റിൻ ജോസ് | സൂപ്രണ്ട്,താലൂക്ക് ആശുപത്രി | TC21/130(1),ഏയ്ഞ്ചൽവില്ല, കരമന. പി.ഒ.തിരുവനന്തപുരം |
| ശ്രീമതി. ശ്രീജ | പട്ടികജാതി വികസന ഓഫീസർ | ഗോപീനിലയം, പ്ലാമൂട്, പട്ടം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1976-77 | എൽ.എഫ്.റ്റി.ഡി.4/1260 (5)/86 തീയതി.20-06-1983 | - | |
| 1977-78 | എൽ.എഫ്.റ്റി.ഡി.4/1064/84 തീയതി.24-04-1987 | - | |
| 1979-80 | എൽ.എഫ്.റ്റി.ഡി.4/812/87 തീയതി.31-10-1987 | - | |
| 1980-81 | എൽ.എഫ്.റ്റി.ഡി.4/951/84 തീയതി.02-05-1987 | - | |
| 1981-82 | എൽ.എഫ്.റ്റി.ഡി.4/831/86 തീയതി.20-01-1987 | - | |

| | | | |
|---|---|---|---|
| 1982-83 | എൽ.എഫ്.റ്റി.ഡി.4/1194/85<br>തീയതി.14-07-1986 | - | |
| 1983-84 | എൽ.എഫ്.റ്റി.ഡി.4/746/89<br>തീയതി.30-06-1980 | - | |
| 1984-85 | എൽ.എഫ്.റ്റി.ഡി.4/232/91<br>തീയതി.16-04-1991 | - | |
| 1985-86 | എൽ.എഫ്.റ്റി.ഡി4/1627/92<br>തീയതി.23-02-1995 | - | |
| 1986-87 | എൽ.എഫ്.റ്റി.ഡി.4/997/94<br>തീയതി.02-03-96/10-12-1997 | - | |
| 1987-88 | എൽ.എഫ്.റ്റി.ഡി.4/997/94<br>തീയതി. 02-03-96/10-12-1997 | - | |
| 1988-89 | എൽ.എഫ്.റ്റി.ഡി.13/95<br>തീയതി.10-04-96/31-12-1997 | - | |
| 1989-90 | എൽ.എഫ്.റ്റി.ഡി.13/95<br>തീയതി.10-04-96/31-12-1997 | - | |
| 1990-91 | എൽ.എഫ്.റ്റി.ഡി.4/917/96<br>തീയതി.03-09-97/09-09-1998 | - | |
| 1996-97 | എൽ.എഫ്.റ്റി.ഡി.എം.എൽ.<br>1203/03 തീയതി.16-03-2004 | 47 | |
| 1997-98 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 38 | |
| 1998-99 | എൽ.എഫ്.റ്റി.ഡി.എം.എൽ.531/08 | 58 | |
| 1999-2000 | എൽ.എഫ്.റ്റി.ഡി.എം.എൽ.696/06<br>തീയതി.28-04-2006 | 69 | |
| 2000-2001 | എൽ.എഫ്.റ്റി.ഡി.എം.എൽ.693/2005<br>തീയതി.03-05-2007 | 38 | |
| 2001-2002 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/2006<br>തീയതി.21-07-08 | 25 | |
| 2002-2003 | എൽ.എഫ്.റ്റി.ഡി.എം.എൽ.1343/2008<br>തീയതി.14-05-2009 | 21 | |
| 2003-2004 | എൽ.എഫ്.റ്റി.ഡി.എം.എൽ.1475/14<br>തീയതി.20-10-2014 | 46 | |
| 2004-2005 | എൽ.എഫ്.റ്റി.ഡി.എം.എൽ.331/2009<br>തീയതി.15-05-2009 | 26 | |
| 2005-2006 | എൽ.എഫ്.റ്റി.ഡി.എം.എൽ.1412/09<br>തീയതി.29-09-12 | 16 | |
| 2006-2007 | എൽ.എഫ്.റ്റി.ഡി.എം.എൽ.1413/09<br>തീയതി.03-07-12 | 22 | |
| 2007-2008 | എൽ.എഫ്.റ്റി.ഡി.എം.എൽ.958/13<br>തീയതി.13-01-2014 | 14 | |
| 2008-2009 | എൽ.എഫ്.റ്റി.ഡി.എം.എൽ.1708/14<br>തീയതി.14-12-14 | 19 | |
| 2009-2010 | എൽ.എഫ്.റ്റി.ഡി.എം.എൽ.23/15<br>തീയതി.04-09-15 | 14 | |

| | | | |
|---|---|---|---|
| 2010-2011 | എൽ.എഫ്.റ്റി.ഡി.എം.എൽ.1999/14 തീയതി.15-12-2014 | 21 | |
| 2011-2012 | എൽ.എഫ്.റ്റി.ഡി.എം.എൽ.2080/14 തീയതി.18-12-14 | 24 | |
| 2012-2013 | എൽ.എഫ്.റ്റി.ഡി.എം.എൽ.1142/15 തീയതി.27-07-15 | 29 | |
| 2013-2014 | എൽ.എഫ്.റ്റി.ഡി.എം.എൽ. | 29 | |
| 2014-2015 | കെ.എസ്.എ.റ്റി.വി.എം.എം.എൽ/1286/15 തീയതി.11-08-2016 | 14 | |
| 2015-16 | കെ. എസ് .എ.റ്റി. വി.എം./ എം.എൽ./52/2016 തീയതി 11.01.2017 | 22 | |
| 2016-17 | കെ. എസ് .എ.റ്റി. വി.എം./എം. എൽ./ 1933/2017 തീയതി 06.10.2017 | 27 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം./എം.എൽ/108/19 തീയതി 19.03.2019 | 51 | |

ഓഡിറ്റ് റിപ്പോർട്ടുകളിൽ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 295- ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **ആറ്റിങ്ങൽ നഗരസഭയുടെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**

എസ്:12.2.20